"മനുഷ്യർ കാലയവനികയിൽമറയുന്നു, എന്നാൽ ദൈവത്തിൻെറ സത്യം എക്കാലവും നിലനില്ക്കുന്നു. ഈശ്വരൻ, ആളും തരവും നോക്കാതെ അനേകമാർഗ്ഗങ്ങൾ നമ്മോടു നിർദ്ദേശിക്കുന്നു. ശ്രദ്ധിക്കാതെ വിടേണ്ട ഭാഗങ്ങളെ ഗ്രഹിക്കുന്നതിനും അവയെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനുമുള്ള നമ്മുടെ സംരംഭത്തിൽ, നമ്മുടെ അവിഹിതമായ കുതൂഹലം വേദഗ്രന്ഥപാരായണത്തിൽ പലപ്പോഴും നമുക്കു പ്രതിബന്ധമായി ഭവിക്കുന്നു.'

—ക്രിസ്ത്വാനുകരണം

# സത്യദീപം

ഈശോ ഓർശ്ലേത്തേക്കു പോകുമ്പോൾ, തൻെറ പന്ത്രണ്ടു ശിഷ്യന്മാരെ വഴിയരികിലേക്കു വിളിച്ചു ഇങ്ങനെ അവർക്കു മുന്നറിവുകൊടുത്തു. നമ്മൾ ഇപ്പോൾ ഓർശ്ലേത്തേക്കു പോകുന്നു. അവിടെ ദൈവപുത്രൻ പ്രധാനാചാര്യന്മാരുടേയും നിയമജ്ഞന്മാരുടേയും കൈകളിൽ ഏല്പിക്കപ്പെടും. അവർ അവനെ മരണത്തിനു വിധിക്കുകയും ചെയ്യും.'

—മത്തായി XX: 17.18

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ഫെബ്രുവരി 13—ബുധനാഴ്ച | Vol. 30, No. 26


## ലോകപുരോഗതിക്കുള്ള മൂല്യങ്ങൾ

(ഫാദർ ജോസഫ് തെക്കിനിയത്ത്)



ക്രിസ്തു തോട്ടത്തിൽ പ്രാർത്ഥിക്കുന്നു

നിരീശ്വരത്വത്തിൻേറയും നിർമ്മതത്വത്തിൻേറയും അന്ധകാരത്താൽ ആവരണംചെയ്യപ്പെട്ട ആധുനികലോകത്തെ വിനാശത്തിൽനിന്നു രക്ഷിക്കുവാൻ കഴിവുള്ള രണ്ടു സനാതനതത്വങ്ങളുണ്ട്. അവയാണ് സജീവമായ ദൈവവിശ്വാസവും യഥാർത്ഥമായ സമസൃഷ്ടിസ്നേഹവും. ഇവ രണ്ടും അഭ്യസിച്ചാജ്ജിച്ചിട്ടുള്ള ഒരു ജനപദത്തിനു ഏതു പ്രതിലോമശക്തിയേയും ക്ലേശമെന്യെ അപ്രതിഹതമായി മുന്നേറാം.

ഒരു മനുഷ്യനു് അനവധി കടമകളുണ്ടു്. അവയിൽ ഏററം പ്രാധാന്യമർഹിക്കുന്നതു് ഏതു വിഷമസന്ധിയിലും തൻെറ ദൈവവിശ്വാസം പാലിച്ചു ജീവിക്കുകയെന്നുള്ളതാണ്. ആ വിശ്വാസസംരക്ഷണത്തിനുവേണ്ടി മതപീഡനങ്ങളേയും മരണത്തെതന്നേയും അഭിമുഖീകരിക്കുവാൻ അയാൾ ചുമതലപ്പെട്ടവനാണ്. തിരുസഭാചരിത്രം വായിക്കുന്നുവെങ്കിൽ അനവധി ധീരമതികൾ മതത്തിനുവേണ്ടി മരിക്കുവാൻ മുന്നോട്ടുവന്നിട്ടുള്ളതു് കാണുവാൻ നമുക്കു കഴിയും. സഭയുടെ ആരംഭത്തിൽതന്നെ പുറത്തുനിന്നും അകത്തുനിന്നും അനവധി മർദ്ദനങ്ങൾ അവൾ സഹിക്കേണ്ടിവന്നു. ദിവസങ്ങൾമാത്രം പ്രായമുണ്ടായിരുന്ന സഭയെ അടിച്ചമർത്തുവാൻ താർസൂസിലെ സാവൂൾ "സെൻഹദ്രിൻ സംഘ"ത്തിൻെറ കല്പനയുമായി ജറൂസലത്തേക്കു കുതിക്കുന്നു. പന്തക്കുസ്താദിനം മുതൽ കൊൺസ്റ്റൺടയിൻ ചക്രവർത്തിയുടെ "മിൽവിയൻ ബ്രിഡ്ജ്" വിജയംവരെയുള്ള 280 കൊല്ലങ്ങൾക്കിടയ്ക്കു 10 ഭീകരമർദ്ദനങ്ങൾക്കു അവൾ വിധേയയായി. കത്തോലിക്കർ തിളയ്ക്കുന്ന എണ്ണയിൽ കിടന്നു മറിയുമ്പോൾ, അവരുടെ ശരീരം വന്യമൃഗങ്ങൾ ആർത്തിയോടെ കടിച്ചുകീറിത്തിന്നുമ്പോൾ, 50000-ൽപ്പരം റോമൻപ്രേക്ഷകർ കൈകൊട്ടി ആർത്താനന്ദിച്ചു. അതായിരുന്നു മനുഷ്യമൂല്യങ്ങളെ മാനിക്കൽ! അതായിരുന്നു സമസൃഷ്ടികളെ സ്നേഹിക്കൽ!! ടൈബർനദി കരകവിഞ്ഞൊഴുകിയാൽ, ഒരു ഭൂമികുലുക്കം ഉണ്ടായാൽ, ഒരു ക്ഷാമം ബാധിച്ചാൽ അതിനെല്ലാം കുററക്കാർ കത്തോലിക്കർ. എന്നാൽ തെർത്തുലിയൻ പറയുന്നതുപോലെ ക്രൈസ്തവമതത്തിൻെറ വിത്തു് വേദസാക്ഷികളുടെ ചുടുരക്തമായിരുന്നു. അങ്ങനെ മർദ്ദനങ്ങളുടെ ഇടനാഴികളിൽക്കൂടി ഉരുണ്ടുനീങ്ങി 16-ാം നൂററാണ്ടിലെത്തിയ സഭയെ പീഡിപ്പിച്ചതു് ജർമ്മനിയിൽ മാർട്ടിൻ ലൂഥറും കൂട്ടരും, ഇംഗ്ലണ്ടിൽ ഹെൻട്രി 8-ാമനുമായിരുന്നു. ഈ അടുത്തകാലത്തു മെക്സിക്കോയിലും സ്പെയിനിലും നടന്ന സംഭവങ്ങൾ നാം വിസ്മരിച്ചുകഴിഞ്ഞിട്ടില്ല. എന്തിനു്? നമ്മുടെ ഈ തലമുറയിൽ തന്നെയല്ലയോ റഷ്യയിലും ചൈനയിലും പോളണ്ടിലും ഹങ്കറിയിലും മററും സഭ മർദ്ദിക്കപ്പെടുന്നതു്?

അകത്തുനിന്നും സഭയ്ക്കു ധാരാളം സഹിക്കുവാനുണ്ടായിരുന്നു. തങ്ങളുടെ സ്വേച്ഛപോലെ ജീവിക്കുവാൻ, തങ്ങളുടെ അനിയന്ത്രിതവികാരങ്ങളെ വച്ചുപുലർത്തുവാൻ സഭ സമ്മതിക്കാത്തതിനാൽ അവളുടെ മക്കൾതന്നെ അവളെ ക്രൂരയെന്നും അപരിഷ്കൃതയെന്നും മററും അപഹസിച്ചു് അവൾക്കെതിരായിനിന്നു. യൂദാസിൻെറ ചുംബനത്താൽ അവർ തങ്ങളുടെ മാതാവിനെ ശത്രുപക്ഷങ്ങൾക്കു ഒററിക്കൊടുത്തു. അവളുടെ ഒരു തെരഞ്ഞെടുക്കപ്പെട്ട മകൻ, അതെ വൈദികനായിരുന്ന മാർട്ടിൻ ലൂഥർ അവൾക്കെതിരായി ഒരു പാഷണ്ഡത പട്ടത്തുയർത്തി. "വിശ്വാസസംരക്ഷകൻ" എന്ന അപരനാമമാജ്ജിച്ച ഒരു വീരസന്താനമായിരുന്നു ഹെൻട്രി 8-ാമൻ. പക്ഷെ അയാളുടെ അന്യായമായ ജീവിതത്തിനു സഭ അനുവാദം നൽകിയില്ല. അതിനാൽ അയാൾ അവളെ വിട്ടുപേക്ഷിച്ചു. നെപ്പോളിയൻ! സഭയുടെ ഒരു ഓമനമകൻ. പക്ഷെ അയാളുടേയും തോന്നിയവാസ ജീവിതത്തിനു സഭ കൂട്ടുനിന്നില്ല. അയാളും സഭയ്ക്കെതിരായി വാളെടുത്തു; മാർപ്പാപ്പായെ തടവിലാക്കി. ഇങ്ങനെ നൂററാണ്ടുകളിലൂടെ നീങ്ങുകയാണെങ്കിൽ എത്രയെത്ര വീരസന്താനങ്ങളുടെ അധഃപതനം കാണുവാൻ നമുക്കു കഴിയും! ഇന്നും കണ്ടുകൊണ്ടിരിക്കുകയല്ലേ? എന്നിട്ടും സഭ ഈ മർദ്ദനങ്ങളെയെല്ലാം അതിജീവിച്ചു് ഒരു നിത്യകന്യകയായിതന്നെ നില്ക്കുന്നു. പത്രോസാകുന്ന പാറയോടു് ഏററുമുട്ടിയവരെല്ലാം തകർന്നുതരിപ്പണമായി. ഇതു നമുക്കു വലിയൊരു ആശ്വാസമാണ്. നമ്മുടെ വിശ്വാസം പാലിക്കുവാൻ നാം വേദനയെല്ലാം അനുഭവിക്കേണ്ടിവരും. അപ്പോൾ നാം പകയ്ക്കരുതു്; പതറരുതു്. വേണ്ടിവന്നാൽ വിശ്വാസത്തിനുവേണ്ടി മരിക്കുവാൻ നാം സന്നദ്ധരാകണം. സഭാവൈരികൾ തങ്ങളുടെ അബദ്ധജടിലമായ സിദ്ധാന്തത്തിനുവേണ്ടി പീഡയനുഭവിക്കുവാനും ജയിലിൽപോകുവാനും വേണ്ടിവന്നാൽ മരിക്കുവാനും മുന്നോട്ടുവരുന്നതു് നാം കാണുന്നുണ്ടു്. അവരുടെ പകുതി ചുറുചുറുപ്പും കർമ്മധീരതയും കത്തോലിക്കരായ നമുക്കുണ്ടായിരുന്നുവെങ്കിൽ! അതിനു നമുക്കു മതത്തോടു പ്രതിപത്തിവേണം. ദൈവത്തിൽ അടിയുറച്ച വിശ്വാസംവേണം. രണ്ടു തോണിയിലും കാലുവച്ചുകൊണ്ടു് മുന്നോട്ടുപോകാമെന്നു ആരും തെററിദ്ധരിക്കേണ്ട. കാലം മാറിപ്പോയി. ലോകം രണ്ടു ചേരികളിലായി അണിനിരന്നുകഴിഞ്ഞു. ഒന്നു ഈശ്വരൻെറ ചേരി. മറേറതു് നിരീശ്വരൻേറയും. ഏതിൽ നാം നില്ക്കണമെന്നു നാം ഓരോരുത്തരുമാണു നിശ്ചയിക്കേണ്ടതു്.

നമുക്കു ഒരു വലിയ പാരമ്പര്യമുണ്ടു്—നമ്മുടെ വിശ്വാസം 2000 കൊല്ലങ്ങളോളം പഴക്കമുള്ളതാണ്. ക്രിസ്തുവിൻെറ ഒരു സ്നേഹഅപ്പസ്തോലൻെറ കരങ്ങൾതന്നെയാണ് വിശ്വാസദീപം നമ്മിൽ കൊളുത്തിയതു്. ഇന്നു ലോകത്തിൻെറ മുൻപന്തിയിൽനില്ക്കുന്ന ഏതു പരിഷ്കൃതരാജ്യത്തെക്കാളും മുൻപു് ക്രിസ്തുവിനെ അറിയുവാനുള്ള ഭാഗ്യം ആർഷഭാരതത്തിനുണ്ടായിട്ടുണ്ടു്. പക്ഷെ ഇതെല്ലാം പറഞ്ഞിരുന്നിട്ടുമാത്രം കാര്യമില്ല. അന്ധകാരശക്തികൾ അവിശ്രമം പണിയെടുക്കുകയാണ് പാരമ്പര്യത്തെമാത്രം പരിലാളിച്ചിരിക്കുന്ന നമ്മുടെ വിശ്വാസത്തെ അടിപ്പെടുത്തുവാൻ. അന്ധകാരത്തിൻെറ മക്കൾ വെളിച്ചത്തിൻെറ മക്കളെക്കാൾ വിവേകമുള്ളവരെന്നു ക്രിസ്തുനാഥൻ പറഞ്ഞിരിക്കുന്നതു് നമ്മിൽ അന്വർത്ഥമാകുമോ? അയ്യോ! വി. പൗലോസ്ശ്ലീഹായുടെ ആഹ്വാനം നമ്മെ കർമ്മനിരതരാക്കട്ടെ: "ഇതാ അന്ധകാരം അകന്നു; വെളിച്ചം വീശി. പ്രവർത്തനത്തിനുള്ള സമയം സമാഗതമായി. നമ്മുടെ കിനാവുകളെ വെടിഞ്ഞു് നമുക്കു കർമ്മോന്മുഖരാകാം."

വിശ്വാസസംരക്ഷണത്തോടൊപ്പംതന്നെ ഒരു യഥാർത്ഥ ഈശ്വരവിശ്വാസി ശ്രദ്ധിക്കേണ്ട മറെറാരു കാര്യമാണ് സമസൃഷ്ടങ്ങളായ സഹോദരങ്ങളെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുകയെന്നതു്. "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയുന്നുവെങ്കിൽ അവൻ കള്ളം പറയുന്നു"വെന്നു വി. യാക്കോബ്ശ്ലീഹാ നമ്മെ ഉൽബോധിപ്പിക്കുന്നു. ദൈവപിതൃത്വത്തിൽ അധിഷ്ഠിതമായ സഹോദരസ്നേഹത്തിൻെറ അഭാവമാണ് ലോകത്തിനു വന്നു പററിയിരിക്കുന്ന വലിയ വിന. സഹോദരസ്നേഹത്തിൻെറ കാഹളധ്വനി നാം ധാരാളം കേൾക്കുന്നുണ്ടു്. എന്നാൽ അതുകൊണ്ടു് ഉദ്ദേശിച്ച ഗുണം ലഭിക്കാത്തതിൻെറ കാരണം അതു ദൈവസ്നേഹത്തെ മുൻനിറുത്തിയുള്ളതല്ലായെന്നുള്ളതാണ്. ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ സഹോദരസ്നേഹം പുലർത്തുവാൻ പ്രമാണത്താൽതന്നെ നിർബന്ധിതരായവർപോലും അക്കാര്യത്തിൽ പരാങ്മുഖരായി കാണപ്പെടുന്നതല്ലേ കഷ്ടം. അന്ധകാരത്തെ പഴിച്ചിട്ടു പ്രയോജനമില്ല. അന്ധകാരത്തിൻെറ സ്ഥാനത്തു നാം പ്രകാശം കൊണ്ടുവരണം. അപ്പോൾ അന്ധകാരം താനെ ഓടി ഒളിച്ചുകൊള്ളും. പുലരിയുടെ ആഗമനത്തിൽ രജനി താനേ പോകുന്നുവല്ലോ. അതുകൊണ്ടു് വളരുന്ന തലമുറയിൽ യഥാർത്ഥമായ സാഹോദര്യബോധം പകർന്നുവയ്ക്കേണ്ടതു് ഒരു ഈശ്വരവിശ്വാസിയുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമാണ്.

ഈ കർത്തവ്യം ശരിക്കു നിർവ്വഹിക്കണമെങ്കിൽ നമ്മുടെ ഓരോരുത്തരുടേയും ഹൃദയം കുറേക്കൂടി വിശാലമാകണം. തൻെറ വസതിക്കുസമീപം ഒരു ചെററക്കുടിലിൽ നാലഞ്ചു പിഞ്ചുപൈതങ്ങൾ വിശപ്പടക്കാൻ ആഹാരമില്ലാതെയിരുന്നു കരയുമ്പോൾ സ്വന്തം ബംഗ്ലാവിൽ കുടിച്ചുല്ലസിച്ചാനന്ദിക്കുവാൻ ഒരു കത്തോലിക്കാമുതലാളിക്കു കഴിയുന്നുവെങ്കിൽ അതിനുള്ള കാരണം അയാളിൽ ക്രിസ്തുവിൻെറ അരൂപിയില്ലാത്തതാണ്. ഇന്നു ലോകത്തിൽ കാണുന്ന ഇത്തരത്തിലുള്ള ഉച്ചനീചത്വങ്ങൾ മാറണം; തീർച്ചയായും മാറണം. വയറുനിറച്ചു് കഞ്ഞികുടിച്ചു് നാണംമറച്ചു് വസ്ത്രമുടുത്തു് ആരോഗ്യവാനായി ജീവിക്കുവാനുള്ള അവകാശം ഓരോ വ്യക്തിക്കുമുണ്ടു്. ആരെങ്കിലും ആ അവകാശത്തെ ധ്വംസനംചെയ്താൽ അയാൾ അന്യായമാണ്, അനീ

(ശേഷം 3-ാംപേജിൽ)

# ലീജിയൻ ഓഫ് മേരി ഇന്നത്തെ ആവശ്യം

(വി. ഓ. സെബാസ്റ്റ്യൻ, പുരേപ്പറമ്പിൽ)

മുപ്പത്തഞ്ചു വർഷങ്ങൾക്കു മുമ്പു് ഡബ്ളിനിൽ നടന്ന ആ സമ്മേളനം ഇന്നു് ലോകത്തിന്റെ നാനാഭാഗങ്ങളിലും ആവർത്തിക്കപ്പെടുന്നുണ്ടു്. ആഫ്രിക്കയിലെ വനാന്തരങ്ങളിലും പസഫിക്ക് സമുദ്രമദ്ധ്യത്തിൽ കിടക്കുന്ന ദ്വീപസമൂഹങ്ങളിലും ആ സമ്മേളനം നടക്കുന്നുണ്ടു്. ഇന്ത്യയിലും, ചൈനയിലും, അമേരിക്കയിലും എന്നുവേണ്ടാ ലോകത്തിന്റെ ഏതു മുക്കിലും മൂലയിലും ആഴ്ചകൾതോറും ഒരേ പരിപാടികളോടും ഒരേ രംഗവിധാനങ്ങളോടുംകൂടി ആ സമ്മേളനം ആവർത്തിക്കപ്പെട്ടുവരുന്നു. ഏതു സമ്മേളനത്തിൽ ചെന്നാലും ആ പ്രഥമസമ്മേളനത്തിന്റെ പ്രതീതി നമുക്കു ദൃശ്യമാകും.

ലീജിയൻ ഓഫ് മേരി—മരിയസൈന്യം. എത്ര സുന്ദരവും ഉജ്ജ്വലവുമായ നാമധേയം! 1921 സെപ്തംബർ 7-ാംനു ഡബ്ളിനിൽവച്ചു ഏതാനും സ്ത്രീകൾകൂടി ആരംഭിച്ച ഒരു സംഘടനയാണിതു്. പതിനഞ്ചോളം സ്ത്രീകൾ ചേർന്നു ആരംഭിച്ച ഈ സംഘടന ഇന്നു് പതിനഞ്ചുലക്ഷത്തിൽപരം അംഗങ്ങളോടുകൂടി ലോകത്തിന്റെ നാനാഭാഗങ്ങളിലായി തൊള്ളായിരത്തിൽപരം രൂപതകളിൽ പ്രവർത്തനം നടത്തുന്നുണ്ടു്. രണ്ടു മാർപ്പാപ്പാമാരുടെയും ധാരാളം കർദ്ദിനാളന്മാരുടെയും ആയിരത്തോളം വൈദികമേലദ്ധ്യക്ഷന്മാരുടെയും അനുഗ്രഹാശിസ്സുകൾ ഈ സംഘടനയ്ക്കു ലഭിച്ചുകഴിഞ്ഞു. വിശ്വസ്തതയ്ക്കും ധീരതയ്ക്കും പേരുകേട്ട പ്രാചീന റോമൻസേനയുടെ മാതൃകയിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതും, ഉഷസ്സുപോലെ ഉയർന്നുവരുന്നവളും സൂര്യനെപ്പോലെ പ്രഭാപൂരിതയും ചന്ദ്രനെപ്പോലെ സൗന്ദര്യവതിയും അണിനിരന്ന സൈന്യംപോലെ ഭയം ജനിപ്പിക്കുന്നവളും സാത്താന്റെ തല തകർത്തവളുമായ അമലോത്ഭവനാഥയുടെ നേതൃത്വത്തിലും സംരക്ഷണയിലും അന്ധകാരത്തിന്റെ ശക്തികൾക്കെതിരായി നിരന്തരസമരം നടത്തിക്കൊണ്ടിരിക്കുന്നതുമായ ഒരു സമരമുന്നണിയാണു് ലീജിയൻ ഓഫ് മേരി. കമ്മ്യൂണിസ്റ്റുകാർ ഭയപ്പെടുന്ന ഒരു സംഘടന ഇന്നു ലോകത്തിലുണ്ടെങ്കിൽ അതു ലീജിയൻമാത്രമാണു്. ചൈനയിലെ ഭരണധുരന്ധരന്മാരുടെ മസ്തിഷ്കം മരവിപ്പിച്ച സംഘടനയും ലീജിയൻതന്നെയാണു്. ലീജിയൻ പ്രവർത്തനങ്ങളിലും സമ്മേളനങ്ങളിലും സംബന്ധിച്ചു എന്ന "കുററ"ത്താൽമാത്രം ചൈനയിൽ വധിക്കപ്പെട്ടിട്ടുള്ളവരുടെ സംഖ്യ ഒന്നു പരിശോധിച്ചാൽ നമുക്കു മനസ്സിലാകും അവിടത്തെ കമ്മ്യൂണിസ്റ്റു് ഗവമ്മേണ്ടു ലീജിയനെ എത്രമാത്രം ഭയപ്പെട്ടിരുന്നുവെന്നു്.

സുസ്ഥിരമായ ആദ്ധ്യാത്മികചൈതന്യത്തോടും സുനിശ്ചിതമായ പ്രാർത്ഥനാപരിപാടികളോടും സുദൃഢമായ പ്രവർത്തനതീക്ഷ്ണതയോടും സുസംഘടിതമായ പ്രതിവാരകൃത്യങ്ങളോടുംകൂടി ഏററവും ആകർഷണീയമായവിധത്തിൽ സമലംകൃതമായിരിക്കുന്ന കാലോചിതമായ ഒരു കത്തോലിക്കാപ്രവർത്തനസഖ്യമാണു് ലീജിയൻ ഓഫ് മേരി. ഏതുസന്ദർഭത്തിലും തന്റേടത്തോടുകൂടി ക്രിസ്തുവിനെ ഏററുപറയുവാൻ—എവിടെയും മിശിഹായുടെ സാക്ഷികളാകുവാൻ—തയ്യാറുള്ള പ്രേഷിതചൈതന്യംനിറഞ്ഞ അൽമായപ്രേഷിതരെ വാർത്തെടുക്കുന്ന കരുത്തേറിയ മൂശയാണു് മരിയസൈന്യം.

1921 സെപ്തംബറിൽ മാതാവിന്റെ പിറവിത്തിരുനാളിന്റെ തലേദിവസം ഐർലണ്ടിൽ ഡബ്ളിൻനഗരത്തിലെ ഫ്രാൻസിസ് തെരുവിലുള്ള മീരാമന്ദിരത്തിൽവച്ചാണു് ലീജിയൻ ഓഫ് മേരിയുടെ പ്രഥമസമ്മേളനം നടന്നതു്. അന്നു നടന്ന ചർച്ചയുടെ ഫലമാണു് ഇന്നു നാം കാണുന്ന ഈ മരിയസൈന്യം. ലീജിയന്റെ സ്ഥാപനത്തിനു സഭാപിതാക്കന്മാരുടേയും സമുദായനേതാക്കന്മാരുടെയും പരിചിന്തനങ്ങളുടെയോ ക്ഷുലങ്കഷമായ ചർച്ചകളുടെയോ ആവശ്യകതയുണ്ടായിരുന്നില്ല. സ്വർഗ്ഗരാജ്ഞിയുടെ മസ്തിഷ്കംമാത്രമേ ഇതിനുവേണ്ടി പണിപ്പെട്ടുള്ളൂ. അന്നു് ആ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നവരിൽ ആരുംതന്നെ വിചാരിച്ചിരുന്നില്ല, വിശ്വവ്യാപകമായിത്തീരാനിരുന്ന ഒരു മഹാപ്രസ്ഥാനത്തിനു വിത്തുപാകുകയാണു് തങ്ങൾ ചെയ്യുന്നതെന്നു്. പക്ഷെ, ദൈവപരിപാലനയുടെ കരുത്തേറിയ കരങ്ങൾക്കു് എന്താണു സാധിക്കാത്തതു്?

ആരംഭത്തിൽ സ്ത്രീകൾ മാത്രമേ ഇതിൽ പ്രവർത്തിച്ചിരുന്നുള്ളൂ. ഡബ്ളിനിലെ സൈനികാസ്പത്രിയിൽ യാതനകളും വേദനകളുമായി കഴിഞ്ഞിരുന്ന രോഗികളെ ശുശ്രൂഷിക്കുക എന്നതാണു് ഇവർ ആദ്യമായി ഏറെറടുത്ത കൃത്യം. 8 വർഷങ്ങൾക്കുശേഷമാണു ആദ്യത്തെ പുരുഷസൈന്യശാഖ രൂപീകൃതമായതു്. എന്നാൽ ഇപ്പോൾ സ്ത്രീകളോടൊപ്പംതന്നെ പുരുഷന്മാരും ലീജിയനിൽ പ്രവർത്തിക്കുന്നുണ്ടു്. ആദ്യത്തെ എട്ടു കൊല്ലക്കാലം ലീജിയൻ ഐർലണ്ടിൽ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. എട്ടാംവർഷത്തിൽ ലണ്ടനിൽ ഒരു സൈന്യശാഖ രൂപീകൃതമായി. പത്താംവർഷത്തിൽ ഭാരതത്തിലും അമേരിക്കൻ ഐക്യനാടുകളിലും പ്രവർത്തനമാരംഭിച്ചു. 11-ാംകൊല്ലത്തിൽ ക്യാനഡയിലും 12-ാംകൊല്ലത്തിൽ ആഫ്രിക്കയിലും ലീജിയൻ ചെന്നെത്തി. പിന്നീടു് ലീജിയനുണ്ടായ വളർച്ച അത്ഭുതാവഹമാണു്. ഇത്ര ചുരുങ്ങിയകാലംകൊണ്ടു് ഇത്രയേറെ പ്രചാരം സിദ്ധിച്ചിട്ടുള്ള വേറൊരു ഭക്തസംഘടനയും കത്തോലിക്കാസഭയിൽ ഇല്ലെന്നുതന്നെ പറയാം.

ലോകത്തിന്റെ ശക്തികളെ ഏററവുമധികം അമ്പരപ്പിച്ച ഒരു വസ്തുതയാണു് ലീജിയന്റെ അത്ഭുതാവഹമായ ഈ വളർച്ച. ലീജിയന്റെ മുന്നേററത്തിൽ അന്ധകാരത്തിന്റെ ശക്തികൾ അമ്പരന്നു. അസാന്മാർഗ്ഗികതയുടെ പാറക്കെട്ടുകൾ തകർന്നു. ലൗകായതികത്തിന്റെ കരിനിഴലുകൾ മാറിത്തുടങ്ങി. നാരകീയശക്തികൾ ലീജിയന്റെനേരെ ചന്ദ്രഹാസമിളക്കി. കമ്മ്യൂണിസത്തിന്റെ കരാളഹസ്തങ്ങൾ അതിന്റെ നേരെ മുഷ്ടിചുരുട്ടി. പക്ഷെ ലീജിയൻ ഭയപ്പെട്ടില്ല. അതു മുന്നേറി. ലീജിയനു യാതൊരു ശക്തിയേയും ഭയപ്പെടേണ്ടതില്ല. നാരകീയസർപ്പത്തിന്റെ തല തകർത്തവളാണു് അതിന്റെ നായിക. പ്രകൃതിയിലുള്ള മുഴുവൻ ശക്തികളുടേയും നിദാനമായിരിക്കുന്ന സൂര്യനെ തന്റെ കരങ്ങളിലെടുത്തു് അമ്മാനമാടിയ സ്വർഗ്ഗരാജ്ഞിയുടെ നേതൃത്വത്തിലും സംരക്ഷണത്തിലുമാണു് ലീജിയൻ പ്രവർത്തനം നടത്തുന്നതു്.

ഏററവും എളിയതോതിൽ ആരംഭിച്ച ഈ സംഘടനയ്ക്കു് എന്തുകൊണ്ടാണു് ഇത്ര വലിയ പ്രചാരം ലഭിച്ചതു്? അതു് ഇന്നത്തെ ആവശ്യത്തിൽനിന്നും ഉടലെടുത്ത ഒരു സംഘടനയാണു്. ആധുനികലോകത്തിന്റെ ഏററവും പ്രധാനപ്പെട്ട ഒരാവശ്യമാണു് ലീജിയൻ. അതുകൊണ്ടാണു് ഇത്ര വലിയ ഒരു സ്വീകരണം ലീജിയനു ലഭിച്ചതു്. ലോകത്തിന്റെ ആശകളും ആവശ്യങ്ങളും മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗരാജ്ഞിയുടെ ഒരു ദാനമായി ലീജിയനെ കണക്കാക്കാം. ലോകത്തിന്റെ വിപൽഘട്ടങ്ങളിലെല്ലാം അമ്മയുടെ സഹായം ലോകത്തിനു ലഭിച്ചിട്ടുണ്ടു്. മാനവസമുദായത്തിന്റെ ഉന്നമനത്തിൽ അതീവതല്പരയാണു് ആ അമ്മ. പല സന്ദർഭങ്ങളിലും സ്വർഗ്ഗരാജ്ഞി തന്റെ സഹായങ്ങളുമായി ലോകത്തിലേക്കുതന്നെ വന്നിട്ടുണ്ടു്. ലോകത്തിന്റെ ഇന്നത്തെ ആവശ്യം മനസ്സിലാക്കി അതിനുവേണ്ടി മറിയംതന്നെ സംഘടിപ്പിച്ചിട്ടുള്ള ഒരു സംഘടനയാണു് മരിയസൈന്യം.

ലോകത്തിലെങ്ങും ഇന്നു് അക്രമവും അനീതിയുമാണു് നടമാടുന്നതു്. അസമാധാനത്തിന്റേയും അസംതൃപ്തിയുടേയും കരിനിഴലുകൾ മാത്രമേ ഇന്നു കാണുന്നുള്ളൂ. സമാധാനത്തിന്റേയും സ്നേഹത്തിന്റേയും കളഗാനങ്ങൾക്കുപകരം വിപ്ലവത്തിന്റേയും വിദ്വേഷത്തിന്റേയും പൂളംവിളികളാണു് ഇന്നു മുഴങ്ങുന്നതു്. ആത്മാർത്ഥതയുടെ പൂമലരുകൾ കൗടില്യത്തിന്റെ മുൾപ്പടപ്പുകളിൽ കിടന്നു് ഞെങ്ങിഞെരുങ്ങുകയാണു്. ഇങ്ങനെയുള്ള ഒരന്തരീക്ഷത്തിലാണു് എല്ലാ മനുഷ്യരേയുംകൊണ്ടു് ദൈവത്തെ സ്നേഹിപ്പിക്കുക എന്ന ദൃഢനിശ്ചയത്തോടെ ലീജിയൻ ഓഫ് മേരി ഉദയംചെയ്തതു്. വിപ്ലവതാപത്താൽ എരിപൊരികൊള്ളുന്നലോകത്തിനു് സമാധാനത്തിന്റെശീതളച്ഛായയേകുവാൻ—വിദ്വേഷാഗ്നിയിൽനീറുന്ന ലോകത്തിൽ സ്നേഹത്തിന്റെ ഹർഷവൃഷ്ടി വർഷിക്കുവാൻ—അസമാധാനത്തിന്റേയും അസംതൃപ്തിയുടേയും കരിനിഴലുകളെ അകററുവാൻ പര്യാപ്തമായ പരിപാടികൾ ലീജിയൻതത്വസംഹിതയിലുണ്ടു്. അതുകൊണ്ടാണു് ഇത്ര വലിയ പ്രചാരം ലീജിയനു ലഭിച്ചതു്.

ആദ്ധ്യാത്മികമായ ഉന്നമനമാണു് ഇന്നത്തെ ലോകത്തിന്റെ ഏററവും വലിയ ആവശ്യം. എല്ലാ ചിന്തകന്മാരും തുറന്നു സമ്മതിച്ചിട്ടുണ്ടു്, ഇന്നു ലോകത്തിനു പററിയിരിക്കുന്ന ഏററവും വലിയ തകരാറു് ആദ്ധ്യാത്മികമായ അധഃപതനമാണെന്നു്. ആധുനികലൗകായതികതയുടെ ആർത്തിരമ്പലിൽ ഇന്നു ആദ്ധ്യാത്മികത്വം വിസ്മരിക്കപ്പെട്ടിരിക്കയാണു്. പ്രകൃതിപഠനത്തിന്റെ വ്യഗ്രതയിൽ പ്രകൃതിനാഥനെ കുടിയിറക്കുവാൻ ഭൗതികശാസ്ത്രത്തിന്റെ ചാട്ടവാറുമായി കാത്തുനില്ക്കുകയാണു് ഇന്നത്തെ ലോകം.

ഇന്നത്തെ ഈ ദുരവസ്ഥ മാറണമെങ്കിൽ ലോകം സ്വർഗ്ഗസ്ഥനായ പിതാവിന്റെ പക്കലേക്കു തിരിച്ചുവരണം—ആദ്ധ്യാത്മികമായി അഭിവൃദ്ധിപ്പെടണം. എല്ലാ മനുഷ്യരേയുംകൊണ്ടു് ദൈവത്തെ സ്നേഹിപ്പിക്കുക—എല്ലാവരേയും ആദ്ധ്യാത്മികമായി അഭിവൃദ്ധിപ്പെടുത്തുക എന്നതാണു് ലീജിയന്റെ ലക്ഷ്യം. പിതാവിന്റെ ഭവനത്തിലേക്കു തിരിച്ചുവരാതെ, ദൈവത്തിങ്കലേക്കു തിരിയാതെ, ലോകത്തിനു സമാധാനവും സംതൃപ്തിയും ലഭിക്കുവാൻ പോകുന്നില്ല. കാലിത്തൊഴുത്തിലെ സന്ദേശത്തിൽ അധിഷ്ഠിതമല്ലാത്ത സഹവർത്തിത്വസിദ്ധാന്തത്തിനോ പഞ്ചശീലങ്ങൾക്കോ ആധുനികലോകത്തിനു സമാധാനം നൽകുവാൻ സാദ്ധ്യമല്ല. വിപ്ലവത്തിന്റെ പന്നിക്കൂട്ടങ്ങളേയും മേയിച്ചു്, വിദ്വേഷത്തിന്റെ തവിടുംതിന്നുകൊണ്ടു് അസമാധാനത്തിലും അസംതൃപ്തിയിലും കഴിയുന്ന ലോകത്തെ അതിൽനിന്നും ഉണർത്തി സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭവനത്തിലേക്കു തിരിക്കുവാൻ ലീജിയൻ ഓഫ് മേരിക്കു മാത്രമേ സാധിക്കയുള്ളൂ. മറിയംവഴിയല്ലാതെ ക്രിസ്തുവിലേക്കെത്തുവാൻ സാദ്ധ്യമല്ല. മറിയത്തോടൊന്നിച്ചു് തന്റെ തിരുക്കുമാരന്റെ പരിത്രാണകർമ്മത്തിൽ സഹകരിച്ചുകൊണ്ടു് ലോകത്തെ ക്രിസ്തുവിലേക്കു് അടുപ്പിക്കുന്നതിനുള്ള കളമൊരുക്കുകയാണു് ലീജിയൻ ചെയ്തുകൊണ്ടിരിക്കുന്നതു്.


തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.


# ഡോൺബോസ്കോയും ഓററട്ടറിപ്രവർത്തനവും

(തുടർച്ച)

ഓററട്ടറി വിദ്യാർത്ഥികളുടെ പിഞ്ചുഹൃദയങ്ങളിൽ മിഷ്യൻചൈതന്യം മുളയെടുക്കുന്നതിനു് ഈ പരിശീലനം വളരെ പ്രയോജകീഭവിച്ചു. കേവലം പതിനഞ്ചുവയസ്സുള്ള ഡൊമിനിക്ക് സാവിയോ ഇംഗ്ലണ്ടിന്റെ മാനസാന്തരത്തിനായുള്ള ശ്രമങ്ങൾ ദ്വിഗുണീഭവിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഒൻപതാംപീയൂസ് മാർപ്പാപ്പായ്ക്കു ഒരു സന്ദേശം അയക്കുന്നു. യഥാർത്ഥത്തിൽ, ഒരു വൈദികനായി ഇംഗ്ലണ്ടിൽ മിഷ്യൻപ്രവർത്തനം നടത്തുവാൻ അതിയായി ആഗ്രഹിച്ച ഡൊമിനിക്ക് സാവിയോ ആയിരുന്നു ഡോൺബോസ്കോ സ്ഥാപിച്ച സലേഷ്യൻസഭയിലെ പ്രഥമ മിഷനറി.

ഈ അപ്പസ്തോലികചൈതന്യത്തെ പരിപോഷിപ്പിച്ചിരുന്നതു് ദിവ്യകാരുണ്യത്തോടുള്ള ഭക്തിയും ദേവമാതാവിനോടുള്ള സ്നേഹവുമായിരുന്നു. വി. പത്താംപീയൂസിന്റെ കല്പനയ്ക്കു മൻപുതന്നെ വി. ഡോൺബോസ്കോ അനുദിനദിവ്യകാരുണ്യസ്വീകരണത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. ദൈവമാതാവിനെ ക്രിസ്ത്യാനികളുടെ സഹായമായ മാതാവു്—തിരുസ്സഭയുടേയും പാപ്പാധികാരത്തിന്റേയും സംരക്ഷിക എന്നർത്ഥമുള്ള സംജ്ഞ ഉപയോഗിച്ചു് സംബോധനചെയ്യുന്നതിനു് ഡോൺബോസ്കോ കുട്ടികളെ പഠിപ്പിച്ചു. ഈ മൂന്നു ഭക്തികൾ—ദിവ്യകാരുണ്യഭക്തി, മരിയസ്നേഹം, തിരുസ്സഭയോടുള്ള വിശ്വസ്തത—മൂലമാണു് വിശുദ്ധൻ തന്റെ പ്രഥമശിഷ്യരുടെ ആന്തരികജീവിതം കരുപ്പിടിപ്പിച്ചതു്.

അത്ഭുതമല്ല, ഡോൺബോസ്കോയുടെ കുട്ടികളിൽ വിശുദ്ധരെ കാണുന്നതു്. വിശുദ്ധി മകുടംചൂടുന്ന ഡൊമിനിക്ക് സാവിയോ ഇവരിൽ ഒരാൾ മാത്രമേ ആകുന്നുള്ളൂ. യുവാക്കൾക്കു് ഒരു മാതൃകയായി, ഓററട്ടറി കുട്ടികൾക്കു് ഒരു പ്രചോദനമായി ആ ബാലവിശുദ്ധൻ വിരാജിക്കുന്നു.

ആസന്നമരണനായ ഫ്രാൻസിസ് ബസൂക്കോ, വെറും പതിനാലുകാരനായ ആ ബാലൻ, ഡോൺബോസ്കോയോടു് പറയുകയാണു്: "പിതാവേ, ഞാൻ എത്ര സന്തോഷവാനാണു്, പക്ഷേ ഒരു സങ്കടമുണ്ടു്, ദൈവത്തെ വേണ്ടിടത്തോളം ഞാൻ സ്നേഹിച്ചില്ല." വിശുദ്ധന്റെ ശിക്ഷണത്തിൽ കഴിഞ്ഞ അനേകമനേകം ബാലന്മാരുടെ ഹൃദയങ്ങളിൽ ഉണ്ടായിരിക്കാമായിരുന്ന വികാരത്തിന്റെ ബഹിർഗമനമല്ലേ ഇതു്. കളിയും ചിരിയും പണിയും പഠനവും, സുഖവും ദുഃഖവും എല്ലാം, മരണത്തെത്തന്നെയും ഒരു ദൈവസ്നേഹപ്രകരണമായി മാററുന്ന ആ ശിക്ഷണത്തിന്റെ മാഹാത്മ്യം!

പക്ഷേ ഒന്നു വാസ്തവമാണു്, ശരിയായ ഒരന്തരീക്ഷത്തിലേ അത്തരമൊരു ശിക്ഷണം പ്രായോഗികമാകയുള്ളൂ. ഡോൺബോസ്കോയുടെ വാക്കുകളിൽ, "കുട്ടികളെ സ്നേഹിക്കുക മാത്രമല്ല, അവർ സ്നേഹിക്കപ്പെടുന്നുവെന്നു അവർക്കുതന്നെ ബോദ്ധ്യംവരുത്തുകയും" ചെയ്യുന്ന ഒരന്തരീക്ഷം ഉണ്ടാകണം. ബാലാർക്കന്റെ കിരണങ്ങളേൽക്കുമ്പോഴേ പുഷ്പജാലങ്ങൾ വികസിക്കുന്നുള്ളൂ. യുവഹൃദയങ്ങളുടെ വികസനത്തിനും അത്തരമൊരു അന്തരീക്ഷം കൂടിയേ കഴിയൂ. ഗുരുനാഥൻ ഗൗരവഭാവം അവലംബിക്കുമ്പോഴും, ആ നേത്രദ്വയങ്ങളിൽ യഥാർത്ഥമായ അനുകമ്പയും സ്നേഹപൂർണ്ണമായ താല്പര്യവും ദർശിക്കുവാൻ സാധിക്കുമ്പോഴേ അദ്ദേഹത്തിന്റെ ആശയത്തേയും അധികാരത്തേയും ശിഷ്യൻ സ്വമേധയാ സ്വാഗതം ചെയ്യുകയുള്ളൂ. അപ്പോൾ മാത്രമേ വിദ്യാർത്ഥിയുടെ മനസ്സിനെ വശീകരിച്ചു് കർത്തവ്യബോധത്തിന്റേയും ത്യാഗമനസ്ഥിതിയുടേയും മാർഗ്ഗത്തിൽക്കൂടി നയിക്കുന്നതിനു് അദ്ധ്യാപകനു് സാധിക്കുന്നുള്ളൂ. അതിനെ ആശ്രയിച്ചാണു് അദ്ധ്യാപകന്റെ വിജയം സ്ഥിതിചെയ്യുന്നതും. എന്തുകൊണ്ടെന്നാൽ ബുദ്ധിയുടേയും ഹൃദയത്തിന്റേയും പൂർണ്ണസഹകരണം വിദ്യാർത്ഥിയിൽനിന്നും ലഭിച്ചുകഴിഞ്ഞു.

ആഹ്ലാദജന്യമായ ഈ പ്രത്യേക അന്തരീക്ഷത്തിൽ മേലധികാരികൾ മാതാപിതാക്കളുടെ പങ്കാണു് നിർവ്വഹിക്കുന്നതു്. ഉപദേശത്തിനും സഹായത്തിനുമായി ഒരുവൻ തന്റെ ഹൃദയത്തെ ആത്മീയനിയന്താവിനു് തുറന്നുകാട്ടുന്നതിൽനിന്നും ഉളവാകുന്ന സംതൃപ്തിയും സമാശ്വാസവും എത്രമാത്രമെന്നു് അനുഭവിച്ചറിഞ്ഞവർക്കേ പറയുവാൻ സാധിക്കൂ. ഏതാനും നിമിഷം ഫാദർ റെക്ടറുമായി സംസാരിച്ചതിനുശേഷം പുഞ്ചിരിപൊഴിച്ചുകൊണ്ടു് യുവാക്കൾ പോകുന്നെങ്കിൽ എന്താണതിശയം? എത്ര ആഹ്ലാദപൂർവ്വമാണു് കുട്ടികൾ തങ്ങളുടെ മേലധികാരികളുടെ ചുററും ഓടിക്കൂടുന്നതു്. തള്ളക്കോഴിയോടു് ഏററവും അടുത്തുനില്ക്കുന്ന കുഞ്ഞുങ്ങൾക്കു കൂടു

[ശേഷം 11-ാംപേജിൽ]

വിമർശനപംക്തി

# യുക്തിവാദിയുടെ അന്ധവിശ്വാസങ്ങൾ

(തുടർച്ച)

7. ലൂർദ്ദിലെ നീരുറവയുടെ സാധാരണത്വത്തെ തെളിയിക്കുവാൻ യുക്തിവാദി ഒരു മഹായുക്തി കണ്ടുപിടിച്ചിരിക്കുന്നു. എന്താണെന്നോ? "ആൾപ്പാർപ്പില്ലാത്ത മലമുകളുകളിൽ ഉള്ളതും ഉണ്ടാകുന്നതും വററിപ്പോകുന്നതും വററിപ്പോകാത്തതും കണ്ടെത്തിയതും കണ്ടെത്താത്തതുമായ നിസ്സാര ഉറവകൾ ഉണ്ടാകാവുന്നതല്ലേ? അവയുടെ കണക്കൊന്നും സർക്കാരിലോ ഭൂമിശാസ്ത്രത്തിലോ കാണുന്നതല്ലല്ലോ!" എന്താ പോരേ? കഴിഞ്ഞ ഒരു നൂറുകൊല്ലം ശ്രമിച്ചിട്ടും യുക്തിവാദിയുടെ സോളാഉൾപ്പെടെ ഉള്ള പാരീസിലെ നിരീശ്വരന്മാർക്കും യുക്തിവാദികൾക്കും എത്തുപെടാത്ത ഒരു യുക്തിയല്ലേ ഇരിഞ്ഞാലക്കുടയിലെ നമ്മുടെ യുക്തിവാദി കണ്ടുപിടിച്ചിരിക്കുന്നതു്. ഇതിൽ യുക്തി ഇല്ലെങ്കിലും വാദം ഉണ്ടെന്നു സമ്മതിക്കണം; യുക്തിയില്ലാത്തവരുടെ വാദം.

ലൂർദ്ദിൽ ഒരു നീരുറവ ഉണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. ഒരു നൂറുകൊല്ലം മുൻപു് ആ സ്ഥലത്തു് ഒരു നീരുറവ ഇല്ലായിരുന്നെന്നും 1858-ൽ പ്രത്യക്ഷപ്പെട്ട ഈ നീരുറവ അന്നുമുതൽ ഇന്നുവരെ വററാതെ ഒഴുകിക്കൊണ്ടിരിക്കുന്നുവെന്നുമുള്ളതു് അതുപോലെതന്നെ ഒരു വസ്തുതയാണു്. യുക്തിവാദി കണ്ണടച്ചതുകൊണ്ടു് അതിൻെറ അസ്തിത്വം ഇല്ലാതാകുകയില്ല. പിന്നെ യുക്തിവാദിയുടെ വാദത്തിൽ അവശേഷിക്കുന്നതു ലൂർദ്ദിലെ മലമുകളിൽ ഉണ്ടായിരുന്നതും അതേവരെ കണ്ടെത്താഞ്ഞതുമായ ഒരു ഉറവ കണ്ടെത്തപ്പെട്ടതായിരിക്കാമെന്ന സങ്കല്പമാണു്. യുക്തിവാദിയുടെ ഭാഷയിൽ "മാനസികരോഗിണിയും അസ്വാസ്ഥ്യംനിറഞ്ഞ ശരീരപ്രകൃതിക്കാരിയും മൂർച്ഛയിൽ വീഴാറുള്ളവളു"മായ ബെർണ്ണദീത്താ അജ്ഞാതമായിരുന്ന ആ നീരുറവ കണ്ടുപിടിച്ചുവെന്നു നാം വിശ്വസിച്ചുകൊള്ളണമെന്നാണു് യുക്തിവാദി പറയുന്നതു്. ഇന്നത്തെ വലിയ ഭൂഗർഭശാസ്ത്രജ്ഞന്മാർക്കുപോലും അസാദ്ധ്യമായ ഒരുകാര്യം നിരക്ഷരകുക്ഷിയായ ആ പെൺകുട്ടി സാധിച്ചുവെന്നാണെങ്കിൽ അതുതന്നെ ഒരു വലിയ അത്ഭുതമായിരിക്കുകയില്ലേ?

പക്ഷേ ഇവിടെ യുക്തിവാദിയുടെ സങ്കല്പചിന്തയ്ക്കു് ഒരു സ്ഥാനവുമില്ലാതെയാണു വന്നിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, ലൂർദ്ദിലെ നീരുറവയുടെ അസാധാരണത്വത്തെ നിഷേധിക്കുന്നതിനുവേണ്ടി, അന്നത്തെ മതവിരുദ്ധരായ ഗവർമെൻറു് അധികാരികൾ ആ പ്രദേശം മുഴുവൻ ശാസ്ത്രീയമായ ഒരു അന്വേഷണം നടത്തിയിട്ടുള്ളതും, ആ പ്രദേശത്തെങ്ങും ഒളിഞ്ഞുകിടക്കുന്ന ഉറവകളോ ജലശേഖരങ്ങളോ ഇല്ലെന്നു സാക്ഷിപ്പെടുത്തിയിട്ടുള്ളതുമാണു്. ലൂർദ്ദിൽ "ഉള്ളതും ഉണ്ടാകാവുന്നതും വററിപ്പോകുന്നതും വററിപ്പോകാത്തതും കണ്ടെത്തിയതും കണ്ടെത്താത്തതുമായ" ഉറവകൾ ഒന്നും ഉണ്ടായിരിക്കുന്നില്ലെന്നു ശാസ്ത്രകാരന്മാർ തെളിയിച്ചിട്ടുണ്ടു്. എന്നിട്ടും "ഉണ്ടാകാവുന്നതല്ലേ"യെന്നു സംശയം തോന്നുന്നതു് യുക്തിവാദിസഹജമായ യുക്തിശൂന്യതകൊണ്ടുമാത്രമാകുന്നു.

തൻെറ നിരർത്ഥകവാദത്തെ സാധൂകരിക്കുവാൻ യുക്തിവാദി വീണ്ടും ഒരു കള്ളത്തെ ആശ്രയിക്കുകയാണു്. "ഉറവയുടെ അത്ഭുതകരമായ പുറപ്പാടു് അനേകായിരം പേർ കണ്ടതാണെങ്കിൽ പിന്നെ അതു വിശ്വസിക്കാതെ നിഷേധിക്കാൻ വികാരിയും മെത്രാനും ആ നാട്ടുകാരായ മററു ജനങ്ങളിൽ പലരും മുതിന്നതെങ്ങനെ"യെന്നു യുക്തിവാദി ചോദിക്കുന്നു. വികാരിയും മെത്രാനും നാട്ടുകാരായ ജനങ്ങളും ഉറവയുടെ അസ്തിത്വത്തെ നിഷേധിച്ചുവെന്നു യുക്തിവാദിയോടു് ആരു പറഞ്ഞു? ആ നിഷേധം യുക്തിവാദിയുടെ സങ്കല്പത്തിൽ മാത്രമുള്ളതാണു്. അവരാരും ഉറവയുടെ അസ്തിത്വത്തെ നിഷേധിച്ചിട്ടില്ല; ഉറവയിലേക്കുള്ള പ്രവേശനത്തെ ഗവമ്മെൻറു് അധികാരികൾ വേലികെട്ടിത്തടഞ്ഞപ്പോൾ നാട്ടുകാർ സംഘംചേന്നു ബലമായി ആ വേലി എടുത്തുകളയുകയാണു ചെയ്തതു്. യുക്തിവാദിയെപ്പോലെ യുക്തിശൂന്യരായ ഒന്നു രണ്ടു് അവിശ്വാസികൾ ലൂർദ്ദിലുണ്ടായിരുന്നു. ഉറവയുടെ അസ്തിത്വം നിഷേധിക്കുക സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ പോലീസിനെക്കൊണ്ടു് അതിനു ചുററും ഒരു വേലി കെട്ടിക്കുകയാണു് അവർ ചെയ്തതു്.

8. "ദർശനകഥയുമായി തന്നെ സമീപിച്ച ആ ബാലികയെ ചൂലെടുത്തു തല്ലുമെന്നുപറഞ്ഞു ആട്ടിയോടിക്കയാണു ലൂർദ്ദിലെ മതാധികാരി ചെയ്തതു്. ഫാദർ ഡോമിനിക് പെയ്‌റാമൽ അവസാനംവരെ ആ ബാലികയെ വിശ്വസിച്ചില്ല. 1862 വരെ സ്ഥലത്തെ മെത്രാൻ ദർശനകഥയെപ്പററി യാതൊരു അഭിപ്രായവും രേഖപ്പെടുത്തീട്ടില്ല" എന്നു സത്യദീപം പറയുന്നതു വളരെ അത്ഥഗർഭമായ സംഗതിയാണെ" എന്നു യുക്തിവാദി ജയഭേരി മുഴക്കുന്നു. അതേ അതു് വളരെ അത്ഥഗർഭമായ സംഗതിയാണു്. പക്ഷെ ആ അത്ഥമെന്തെന്നു യുക്തിവാദിക്കു മനസ്സിലാകുന്നില്ലെന്നേയുള്ളു. "നീരുറവയിലെ അത്ഭുതരോഗശാന്തിയെപ്പററിയുള്ള വത്തമാനം സഫലമായി പരത്തുവാൻ അവിടത്തെ മതാധികാരികൾക്കു സാധിച്ചു"വെന്നായിരുന്നു യുക്തിവാദിയുടെ ആദ്യത്തെ വാദം. അതു പച്ചക്കള്ളമാണെന്നു തെളിയിച്ചപ്പോൾ, മതാധികാരികൾ പ്രചരണം നടത്താഞ്ഞതും മൗനമായിരുന്നതും കൊണ്ടു് നീരുറവ ഉണ്ടായിട്ടില്ലെന്നാണു യുക്തിവാദി ഇപ്പോൾ വാദിക്കുന്നതു്. മതാധികാരി പ്രചരണം നടത്തിയാലും നടത്തിയില്ലെങ്കിലും, വിശ്വസിച്ചാലും വിശ്വസിച്ചില്ലെങ്കിലും, വസ്തുത എന്നും വസ്തുതയായിരിക്കുമെന്നു മനസ്സിലാക്കുവാനുള്ള വിവേകമില്ലാത്തവക്കു് എന്തുതന്നെ ജല്പിച്ചുകൂടാ.

ലൂർദ്ദകാര്യത്തിൽ അവിടത്തെ മതാധികാരികൾ അവലംബിച്ച നില ഏററവും ബുദ്ധിപൂർവ്വകവും വിവേകവത്തുമായിരുന്നു. അവർ അതിൻെറ സത്യവത്വം നേരത്തെ പ്രഖ്യാപിച്ചിരുന്നുവെങ്കിൽ അതു അവരുടെ സൃഷ്ടിയാണെന്നു എം. സി. യെപ്പോലുള്ളവർ വിതണ്ഡാവാദം നടത്തുമായിരുന്നു. നേരേമറിച്ചു് അവർ പ്രതികൂലമായ ഒരു നില സ്വീകരിച്ചതുകൊണ്ടു്, അതിൻെറ ദിവ്യത്വം ക്ഷണേന ലോകത്തിനു ബോദ്ധ്യമാകുന്നതിനു സാധിച്ചു. "ഇതു ഉന്നതങ്ങളിൽനിന്നുള്ളതാണെങ്കിൽ ആരെല്ലാം എതിർത്താലും അതു നശിക്കുകയില്ല" എന്നുള്ള ഗമാലിയേലിൻെറ ആദർശത്തെയാണു ലൂർദ്ദിലെ മതാധികാരികൾ മുറുകെപ്പിടിച്ചതു്. ലൂർദ്ദിലെ മെത്രാൻ മൗനം ഭജിച്ചതു "നുണ കാലാന്തരത്തിൽ നേരാക്കുന്ന നടപടിക്രമത്തിൻെറ ആദ്യപടിയാണെ"ന്നു യുക്തിവാദിപറയുന്നതു സ്വന്തഅനുഭവംവെച്ചു മററുള്ളവരെ വിധിക്കുന്നതിൻെറ ഒരു തെളിവാണു്. ലൂർദ്ദിലെ മെത്രാൻ മൗനം ഭജിച്ചാൽ അതു നുണ നേരാക്കുന്ന നടപടിക്രമമാണു്; മെത്രാൻ മൗനം ഭജിക്കാതെ നേരു പറഞ്ഞാലോ, അത്ഭുത രോഗശാന്തിയെപ്പററിയുള്ള സഫലമായ പ്രചരണമാണു്. എന്തൊരു. ഭീമൻയുക്തിവാദം!!! യുക്തിവാദി മാസികയുടെ വായനക്കാർ എന്തു വങ്കത്തരവും വിശ്വസിച്ചുകൊള്ളുമെന്നായിരിക്കാം എം. സി. ധരിച്ചുവെച്ചിരിക്കുന്നതു്.

"മെത്രാൻെറ 4 വർഷത്തെ മൗനത്തിൽ"നിന്നു് ഒരു വലിയ കണ്ടുപിടിത്തം യുക്തിവാദി നടത്തുന്നുണ്ടു്. "കെട്ടുകഥ, മതപരമായാലും യഥാത്ഥസംഭവമാണെന്നു സമകാലികരായ സ്ഥലനിവാസികളെക്കൊണ്ടു വിശ്വസിപ്പിക്കുക സാദ്ധ്യമല്ല" എന്നതാണതു്. 4 കൊല്ലംകൊണ്ടു സമകാലികരായ സ്ഥലനിവാസികളെല്ലാം ചത്തൊടുങ്ങുകയോ സ്ഥലം വിടുകയോ ചെയ്തുവെന്നു് വായനക്കാർ വിശ്വസിച്ചുകൊള്ളുമെന്നാണു യുക്തിവാദി കരുതുന്നതെന്നു തോന്നുന്നു. കെട്ടുകഥ യഥാത്ഥ സംഭവമാണെന്നു സമകാലികരായ സ്ഥലവാസികളെക്കൊണ്ടു വിശ്വസിപ്പിക്കുക സാദ്ധ്യമല്ലെന്നു യുക്തിവാദി സമ്മതിക്കുന്നു. ലൂർദ്ദിൻെറ കാര്യത്തിലാണെങ്കിൽ, അതൊരു യഥാത്ഥസംഭവമാണെന്നു സമകാലികരായ സ്ഥലനിവാസികൾ ഏററു പറയുന്നു. ഇതിൽനിന്നുള്ള ശക്യമായ ഏക അനുമാനം അതു് ഒരു കെട്ടുകഥയല്ലായെന്നുള്ളതല്ലയോ?

9. യുക്തിവാദിയുടെ കള്ളത്തരത്തിനു് ഒരുദാഹരണം കൂടി കാണിക്കാം. "പരിശുദ്ധ കന്യകാമറിയത്തിൻെറ ദിവ്യദർശനാനുഗ്രഹം 18 പ്രാവശ്യം ലഭിക്കുകയും, സകലവിധ മാറാരോഗങ്ങളും മാററുന്ന അത്ഭുതസിദ്ധിയുള്ള ദിവ്യനീരുറവ സ്വന്തം കൈകൊണ്ടു മാന്തി പുറപ്പെടുവിക്കുകയും ചെയ്തതുമൂലം 14-ാമത്തെ വയസ്സിൽ സൗജന്യമായിബഹുമാന്യകന്യാസ്ത്രീ (Rev: Sister) പദവി നൽകപ്പെട്ട ബെർണ്ണദീത്താക്കു ആ നീരുറവയുടെ ഫലം സിദ്ധിക്കാതെ മാറാരോഗത്തിൽ കിടന്നരിഷ്ടിച്ചു് യൗവനത്തിൻെറ പരമോൽകൃഷ്ടകാലമായ 35-ാമത്തെ വയസ്സിൽ ബെർണ്ണദീത്താ മരിച്ചുപോയതുതന്നെ ആ നീരുറവയുടെ ഫലസിദ്ധിയില്ലായ്മയുടെ അസന്നിഗ്ദ്ധതെളി"വാണു്", എന്നു ഇപ്പോൾ യുക്തിവാദി പറയുന്നു. ബെർണ്ണദീത്താക്കു 14-ാമത്തെ വയസ്സിൽ സൗജന്യമായി കന്യാസ്ത്രീപദവി നൽകിയെന്നു പറയുന്നതു പച്ചക്കള്ളം. അവൾ നീരുറവയെ ആശ്രയിച്ചിട്ടു് ഫലം സിദ്ധിച്ചില്ലായെന്നു പറയുന്നതു മറെറാരു പച്ചക്കള്ളം. അവൾ നീരുറവയെ ആശ്രയിക്കാതിരിക്കെ, അവൾക്കു രോഗശാന്തി ഉണ്ടാകാത്തതുകൊണ്ടു നീരുറവക്കു ഫലസിദ്ധിയില്ലായെന്നു ശഠിക്കുന്നതു ശുദ്ധമഠയത്തരം. നീരുറവ പ്രത്യക്ഷപ്പെടുന്നതിനും മുൻപു് ഈ ലോകത്തിൽ അവർ ദുരിതങ്ങൾ അനുഭവിക്കേണ്ടിവരുമെന്നു പരിശുദ്ധകന്യകാമറിയം അവൾക്കു മുന്നറിയിപ്പു നൽകിയിരുന്ന വസ്തുത സത്യദീപം ഉദ്ധരിച്ചിരുന്നു. എന്നിട്ടും സത്യദീപം അങ്ങനെയൊന്നും പറയുന്നില്ലെന്നു എഴുതിപ്പിടിപ്പിച്ചിരിക്കുന്ന യുക്തിവാദിയുടെ ധൈര്യംതന്നെ ധൈര്യം. യുക്തിയെന്ന ലേബൽ എത്ര അട്ടി ഒട്ടിച്ചാലും ഈ വികത്ഥനങ്ങൾ യുക്തിവാദമാകുമോ?

(തുടരും)

---

(1-ാംപേജ് തുടർച്ച)

തിയാണു് ചെയ്യുന്നതു്. ആ അവകാശം പിടിച്ചുപററാൻ ചൂഷിതൻ ന്യായമായ സർവ്വമാർഗ്ഗങ്ങളും ഉപയോഗിക്കേണ്ടതാണു്. എന്നാൽ അക്രമവും അനീതിയുംകൊണ്ടു്, വിപ്ലവവും കൂട്ടക്കൊലയും കൊണ്ടു് അതു പ്രാപിക്കാമെന്നു കരുതുന്നതാണു് വലിയ തെററു്. വിദ്വേഷം വിദ്വേഷംകൊണ്ടു് വിജയിക്കപ്പെട്ടതായി ഒരിക്കലും ലോകചരിത്രം സാക്ഷിക്കുന്നില്ല. അതു സമരങ്ങൾക്കു പിന്നിൽ സമരങ്ങളെ അണിനിരത്തുന്നതാണു് അനുഭവം. സ്നേഹമാണു് വിദ്വേഷത്തെ ജയിക്കുവാനുള്ള ഏകമാനദണ്ഡം. മുതലാളിയും തൊഴിലാളിയും തോളോടുതോളുരുമ്മി ലോകപുരോഗതിക്കുവേണ്ടി പണിയെടുക്കണം. മുതലാളിയാണെന്ന ഏകകാരണത്താൽ അയാളെ വിദ്വേഷിക്കണമെന്നു വിളിച്ചുപറയുന്ന നിയമസംഹിത തെററാണു്. തൊഴിലാളിയാണെന്ന ഏകകാരണത്താൽ അയാളെ വെറുക്കണമെന്നു പറയുന്ന നിയമസംഹിതയും അതുപോലെതന്നെ നിഷിദ്ധമാണു്. എന്നാൽ ലോകം പുരോഗമിക്കണമെങ്കിൽ, ശാന്തിയും സമാധാനവും കൈവരണമെങ്കിൽ, മുതലാളി തൻെറ രമ്യഹർമ്മ്യത്തിൽനിന്നു ഇറങ്ങി സാധാരണക്കാരൻെറ സവിധത്തിലേക്കു വരണം. തൊഴിലാളി തൻെറ വിദ്വേഷമനോഭാവം വെടിഞ്ഞു് സ്നേഹത്തോടെ മുതലാളിയുടെ അടുക്കലേക്കു നീങ്ങിനില്ക്കണം. ഇതു് ഇന്നത്തെ ചുററുപാടിനു് അത്ര എളുപ്പമല്ല. പക്ഷെ സാദ്ധ്യമാണു്. ധനവാനും ധന്യനുമായ ഒരു ലൂവീസ്‌രാജാവിനു് ദരിദ്രരുടെ ചെററക്കുടിലുകളിലേക്കു കുനിഞ്ഞു കടന്നു് അവരെ സ്നേഹിക്കുവാനും സേവിക്കുവാനും കഴിഞ്ഞുവെങ്കിൽ, ക്രൂരനായ മുതലാളിയെ ആദരിച്ചും അനുസരിച്ചും ഒരു ഇസിദോർ വിശുദ്ധനാകുവാൻ കഴിഞ്ഞുവെങ്കിൽ അതിനുള്ള കാരണം ആ മുതലാളിയിലും തൊഴിലാളിയിലും ക്രിസ്തുവിൻെറ ചൈതന്യമുണ്ടായിരുന്നുവെന്നതാണു്. അതുകൊണ്ടു് മുതലാളികൾ തങ്ങളുടെ ഭീമമായ ചുമതല മനസ്സിലാക്കി സാധുക്കളെ അകമഴിഞ്ഞു സഹായിക്കണം. അവജ്ഞയോടെ നിങ്ങൾ എറിഞ്ഞുകൊടുക്കുന്ന ഏതാനും നാണയത്തുട്ടുകളല്ല അവക്കാവശ്യം. തങ്ങളെ സ്നേഹിക്കുന്ന ഒരു ഹൃദയം നിങ്ങളിൽ അവർ കാണണം. അതുപോലെതന്നെ തൊഴിലാളിസഹോദരങ്ങൾ ഒന്നു മനസ്സിലാക്കണം. വിദ്വേഷംകൊണ്ടും വിപ്ലവംകൊണ്ടും നിങ്ങൾക്കു ചിലപ്പോൾ വല്ലതും നേടുവാൻ സാധിച്ചുവെന്നുവരും. പക്ഷെ അതൊരു ശാശ്വതവിജയമായിരിക്കുകയില്ല. പ്രത്യുത പ്രതികാരാഗ്നിയെ ഊതിക്കത്തിക്കലായിരിക്കും. സ്നേഹത്തിനും സഹനത്തിനും മാത്രമേ പരഹൃദയങ്ങളെ പാട്ടിലാക്കുവാൻ സാധിക്കയുള്ളു.

ശരിയായ ഈശ്വരവിശ്വാസവും തജ്ജന്യമായ സമസൃഷ്ടിസ്നേഹവും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള ഒരു ജനപദത്തിൽനിന്നു മാത്രമേ ലോകപുരോഗതിക്കുള്ള ശാശ്വതമൂല്യങ്ങളെ നമുക്കു ലഭിക്കുകയുള്ളു.

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.

ബാങ്കു് ഓഫ് കൊച്ചിൻ ലിമിററഡ്

എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

## കാത്തലിക്ക് യൂണിയൻ ബാങ്ക് ലിമിററഡ്

ഹെഡാഫീസ്: മാള

കേരള സംസ്ഥാനത്തു് ക്ലിപ്തബാദ്ധ്യതയോടുകൂടി രജിസ്റ്റാക്കപ്പെട്ടതു്.
ബ്രാഞ്ചുകൾ: അങ്കമാലി, ആലുവാ, ഇരിഞ്ഞാലക്കുട, കാലടി,
ചാലക്കുടി, ചേപ്പു്, തൃശ്ശൂർ, N. പറൂർ, & മാള.

| | | | |
|---|---|---|---|
| അധികൃത മൂലധനം | ക. 1000000 | ഫണ്ടുകൾ | ക. 114384 |
| വിററ മൂലധനം | ക. 400000 | ഡിപ്പോസിററുകൾ | ക. 2768032 |
| പിരിഞ്ഞ മൂലധനം | ക. 178500 | പ്രവത്തക മൂലധനം | ക. 3229127 |

നോട്ടീസ്

കൊല്ലക്കുറി

ബ. കേരളാ സ്റ്റെയ്‌ററു് ഗവമ്മെണ്ടിൻെറ 4-1-1957-ലെ D. Dis. 3 13323/56-ാം നമ്പ്രായി അനുവാദം സിദ്ധിച്ച കുറി.

നറുക്കു് 1ക്കു 1000 ക. — 32 നറുക്കു് — 16 തവണ — നറുക്കു് കിട്ടുന്നവക്കു് 12500 ക.
രണ്ടു ഡിവിഷൻ — ഒരു നറുക്കു് എടുപ്പു് — ഒരു നറുക്കു് ലേലം

സ്ഥിരപലിശ 4995 ക.

1957 ഏപ്രിൽ 1-ാംനു- ടി കുറി ഇരിഞ്ഞാലക്കുട ബ്രാഞ്ചിൽ വെച്ചു് നടത്തുന്നതാകുന്നു. കുറിയിൽ 31 ക. 4ണ യുടെ (32-ൽ ഒരംശം) വരെ ചേരാവുന്നതാണു്. കൂടുതൽ വിവരങ്ങൾ ടി ആഫീസുകളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണു്. ഫോൺ ഉള്ള ആഫീസുകളും ഫോൺ നമ്പറും താഴെ ചേർക്കുന്നു. തൃശ്ശൂർ 349, ഇരിഞ്ഞാലക്കുട 39, ചാലക്കുടി 43, ആലുവാ 129.

മാള, 18-1-1957 — മാനേജിംഗ് ഡയറക്ടർ

# പുസ്തകാഭിപ്രായം

## Catholic Book Calendar

The Catholic Book Calendar published by the Catholic Orphan Press, 15, Portuguese Church Street, Calcutta 1, is a valuable book of nearly 300 pages, printed nicely in glaced art paper. Besides the calendar pages, it contains valuable informative articles on diverse subjects, such as The "Imprimatur" protects you, Greater Love than this, The Confessional, Pope Pius XII and the Christian practice of Sport, Our Holy Father, Time, The Woman who counts, Heart of Jesus, Marian Devotion, The most wonderful of Mothers, A challenge etc. Many beautiful poems and anecdotes are strewn all along. The catalogue of the Hierarchy in India and Pakistan, Postage rates Astronomical notes etc. are all instructive features. The profuse illustration all throughout is a speciality. We would warmly recommend everyone to secure a copy of it from the above press for daily use all throughout the year. We congratulate the compilers and publishers for the excellent work they are progressively turning out year by year. (J. P. V.)

## എൻെറ തെങ്ങേലിപ്രസംഗം

—ഗ്രന്ഥകത്താ: ഫാദർ തോമസ് വടശ്ശേരി എൽ. ഡി. 520 പുറങ്ങൾ, വില 2 രൂപാ)—

(റിട്ടയർഡ് ജഡ്ജി ഏ. പീലിപ്പോസ് എം. എ., ബി. എൽ.)

തിരുവല്ലായ്ക്കു സമീപമുള്ള തെങ്ങേലി എന്ന സ്ഥലത്തു 1955 ജൂലൈമാസത്തിൽ പെ: ബ: ഫാദർ തോമസ് വടശ്ശേരി എൽ. ഡി. ചെയ്ത ഒരു മതപ്രസംഗത്തിലെ ഒരു വാചകത്തെ ദുർവ്യാഖ്യാനംചെയ്തു് തങ്ങളുടെ സഭയേയും മേല്പട്ടക്കാരേയും കഠിനമായി അധിക്ഷേപിച്ചു എന്ന കുററം ആരോപിച്ചും, വിവിധ സ്ഥലങ്ങളിൽനിന്നു ജാഥകൾ സംഘടിപ്പിച്ചും യാക്കോബായസഹോദരങ്ങൾ തിരുവല്ലായിലും ചിങ്ങവനത്തും വമ്പിച്ച പ്രതിഷേധയോഗങ്ങൾ നടത്തുകയും, അവയുടെ റിപ്പോർട്ടുകൾ മലയാളമനോരമ, കേരളഭൂഷണം എന്നീ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. തൻെറ നിലയെ വ്യക്തമാക്കിയും പ്രതിഷേധയോഗങ്ങളുടെ അത്ഥശൂന്യതയെ ചൂണ്ടിക്കാണിച്ചും ഫാദർ വടശ്ശേരി ഓരോ കത്തു പ്രസ്തുത പത്രങ്ങളുടെ അധിപന്മാർ രണ്ടുപേർക്കും അയച്ചുകൊടുത്തെങ്കിലും ഏതോ നയതന്ത്രംപ്രയോഗിച്ച് അവർ ആ കത്തുകൾ പ്രസിദ്ധപ്പെടുത്തിയില്ല. ഇക്കാരണത്താൽ ഫാദർ വടശ്ശേരി "എൻെറ തെങ്ങേലിപ്രസംഗം" എന്ന പേരിൽ ഒരു ഗ്രന്ഥം എഴുതിത്തുടങ്ങി. എന്നാൽ ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയങ്ങൾ പലതും യാക്കോബായസമുദായക്കേസിൽ ഉൾപ്പെട്ടവയാകയാൽ കേസിൻെറ വിധി പുറത്താകുന്നതുവരെ ഗ്രന്ഥം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കാതെവന്നു. കേരളാഹൈക്കോടതിയിൽനിന്നു സമുദായക്കേസിൻെറ വിധി ഇപ്പോൾ പ്രഖ്യാപനം ചെയ്തിരിക്കയാൽ ഈ പുസ്തകം ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിൽ ആദ്യമായി തെങ്ങേലിയിൽ നടന്ന പ്രസംഗം മുഴുവനായി ഉദ്ധരിച്ചിട്ട് "വിദേശത്തെ യാക്കോബായസഭയുടെ ഉത്ഭവം,- മലങ്കരയാക്കോബായസഭയുടെ ഉത്ഭവം, എൻെറ പ്രസംഗത്തിൻെറ പ്രത്യാഘാതങ്ങൾ, യാക്കോബായക്കാരുടെ സ്വയംകൃതചിത്രം, ഉപസംഹാരം" എന്നിങ്ങനെ അഞ്ചു അനുബന്ധങ്ങൾ ചേത്തിട്ടുണ്ട്. ഇവയിൽ "യാക്കോബായക്കാരുടെ സ്വയംകൃതചിത്രം" എന്ന അനുബന്ധത്തിനു് ആകെ 340 പുറങ്ങളാണുള്ളതു്. ഇരുപതു വിവിധവിഷയങ്ങൾ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. യാക്കോബായ, മാർത്തോമ്മാ, പ്രോട്ടസ്റ്റൻറു ആദിയായ അകത്തോലിക്കാസഭക്കാർ മതകാര്യങ്ങളിൽ നടത്തുന്ന യുക്തിഹീനമായ വാദരീതികളെ സ്വാനുഭവത്തിൽനിന്നു അനേകം ഉദാഹരണങ്ങൾ ഉദ്ധരിച്ചു വിവരിച്ചശേഷം, മാർ ജൂലിയോസ് തിരുമേനി (യാക്കോബായപാത്രിയർക്കീസിൻെറ കേരളീയപ്രതിനിധി), വന്ദ്യ ദിവ്യശ്രീ ആഫാദ്റമ്പാൻ (മുമ്പു മാർ ജൂലിയോസ് തിരുമേനിയുടെ സെക്രട്ടറിയും, ഇപ്പോൾ ബെയ്റൂട്ടിൽ മെത്രാപ്പോലീത്തായുമായ തിരുമേനി), വന്ദ്യ ദിവ്യശ്രീ കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ (തിരുവല്ലാ കട്ടപ്പുറത്തു പള്ളിവികാരി), റവ. ഫാദർ കെ. ടി. സഖറിയാസ് (ആരക്കുന്നം സ്വദേശി) എന്നീ പാത്രിയർക്കീസുകക്ഷിക്കാരായ നാലുപേർ, കാതോലിക്കാ ബാവാ തിരുമേനി (ഓർത്തോഡോക്സ് സഭാദ്ധ്യക്ഷൻ), മാർ തോമസ് ദിവന്നാസ്യോസ്, മാർ തിമോത്തിയോസ് തിരുമേനി, റവ. ഫാദർ തോമസ് കൊററാത്തുവിള (ആലപ്പുഴ ഓർത്തോഡോക്സ് പള്ളി വികാരി) എന്നീ ഓർത്തോഡോക്സ് കക്ഷിക്കാരായ നാലുപേർ, മാർത്തോമ്മാസഭയിലെ ഒരു പ്രമുഖനേതാവായ മി. കെ. എൻ. ദാനിയേൽ, എന്നിങ്ങനെ ഒമ്പതു പ്രശസ്തവ്യക്തികൾ പല സന്ദർഭങ്ങളിലായി കത്തോലിക്കാസഭയ്ക്കെതിരായി പറഞ്ഞിട്ടുള്ള ആക്ഷേപങ്ങൾ, വ്യാജപ്രസ്താവനകൾ, കത്തോലിക്കാ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നതിൽ കാണിച്ചിട്ടുള്ള മഹാകൃത്രിമങ്ങൾ, ദുർവ്യാഖ്യാനങ്ങൾ, കുയുക്തികൾ മുതലായവയെ ഈ അകത്തോലിക്കർ രചിച്ചിട്ടുള്ള ചില ഗ്രന്ഥങ്ങളിൽനിന്നുതന്നെ അനേകം ഉദാഹരണങ്ങൾ നൽകി വിമർശിച്ചു് കത്തോലിക്കാ വിശ്വാസവിഷയങ്ങളുടെ സത്യാവസ്ഥയേയും യുക്തിയുക്തതയേയും ഗ്രന്ഥകാരൻ ഈ അനുബന്ധത്തിൽ സ്ഥാപിച്ചിരിക്കുന്നു. അനന്തരം മലങ്കരയാക്കോബായക്കാർ തങ്ങളുടെ കത്തോലിക്കാസഹോദരങ്ങളോടു കാണിച്ചിട്ടുള്ള ചില കടുംകൈകൾ, യാക്കോബായസഭയിലെ രണ്ടു വിഭാഗക്കാരുടേയും ഇടയിൽ തീവ്രമായ തക്കത്തിലിരിക്കുന്ന ഏ അക്കം, 18 അക്കം എന്നീ കാനോൻപുസ്തകങ്ങളുടെ നിജാവസ്ഥ, മലങ്കര അന്ത്യോക്യാബന്ധം, കാതോലിക്കാ സ്ഥാപനം, ഇരുകൂട്ടരുടേയും കേസിൻെറ നടത്തിപ്പ്, വാദമുഖങ്ങൾ, കോടതികളിൽ ഹാജരാക്കിയിട്ടുള്ള ചില കൃത്രിമരേഖകൾ, ഇരുകക്ഷികളുടേയും ന്യായാന്യായങ്ങൾ, ഓർത്തോഡോക്സ് കക്ഷിയെപ്പററി പാത്രിയർക്കീസുകക്ഷിയും, പാത്രിയർക്കീസുകക്ഷിയെപ്പററി ഓർത്തോഡോക്സ് കക്ഷിയും, കത്തോലിക്കാ മാർത്തോമ്മാ എന്നീ ഇതരസഭകളെപ്പററി ഇരുകൂട്ടരും ഇതുവരെ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട ആക്ഷേപങ്ങൾ, പരിഹാസവാക്കുകൾ, രണ്ടു വിഭാഗങ്ങളിലേയും മേല്പട്ടക്കാർ, നേതാക്കന്മാർ ആദിയായവർ തങ്ങളുടെ സഭയുടെ അധഃപതനത്തേയും ശോചനീയസ്ഥിതിയേയും സംബന്ധിച്ചു പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ, അടുത്തകാലത്തു യാക്കോബായസഭയിലെ യുവജനങ്ങൾ സഭാസമാധാനത്തിനായി നടത്തിയിട്ടുള്ള ഉപവാസയജ്ഞത്തിൻെറ കഥയില്ലായ്മ ആദിയായ വിവിധവിഷയങ്ങൾ ഈ അനുബന്ധത്തിൽ വിവരിച്ചു്, ഇതരസഭകളേയും മേല്പട്ടക്കാരേയും ആക്ഷേപിക്കുന്ന ദുസ്വഭാവം കത്തോലിക്കർക്കല്ല, യാക്കോബായക്കാർക്കാണെന്നു സമത്ഥിച്ചശേഷം മലങ്കര യാക്കോബായസഭയുടെ ഏകരക്ഷാമാർഗ്ഗം മാതൃസഭയായ കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുകയാണെന്നു് ഉപസംഹാരത്തിൽ ഗ്രന്ഥകാരൻ പ്രസ്പഷ്ടമാക്കിയിരിക്കുന്നു.

വാർദ്ധക്യസഹജമായ അനാരോഗ്യത്തെ അവഗണിച്ചു് ഈ പുസ്തകം മുഴുവൻ ശ്രദ്ധയോടുകൂടി ഞാൻ വായിച്ചു. അതിൻെറ ഫലമായി എനിക്കു തോന്നിയിരിക്കുന്ന അഭിപ്രായം ബ: അച്ചൻ തെങ്ങേലിയിൽ ചെയ്ത പ്രസംഗവും, അതിനെത്തുടർന്നുണ്ടായ പ്രതിഷേധങ്ങളും ദൈവനടത്തിപ്പിൽ ഉണ്ടായ ഒരു സംഭവമാകുന്നു എന്നാണു്. അങ്ങനെ ഒരു സംഭവം ഉണ്ടായില്ലായിരുന്നുവെങ്കിൽ ഈ വിശിഷ്ടഗ്രന്ഥം നിർമ്മിക്കയില്ലായിരുന്നു. ഈ പുസ്തകം യാക്കോബായ, ഓർത്തോഡോക്സ്, മാർത്തോമ്മാ, പ്രോട്ടസ്റ്റൻറു് ആദിയായ കേരളത്തിലെ എല്ലാ ക്രൈസ്തവവിഭാഗങ്ങൾക്കും വളരെ ഉപയോഗപ്രദമാണു്. എന്നാൽ യാക്കോബായക്കാർക്കും ഓർത്തോഡോക്സുകാർക്കും പ്രത്യേകമായി തങ്ങളുടെ സഭാസംബന്ധമായ ഭൂതകാലചെയ്തികളെ പ്രത്യവലോകനം ചെയ്യുന്നതിനും, ദൈവത്തിനും നീതിക്കും സത്യത്തിനും മനസ്സാക്ഷിക്കും വിരുദ്ധമായി അവർ ചെയ്തിട്ടുള്ള അനേകം ദുഷ്പ്രവൃത്തികളെ അവയുടെ യഥാത്ഥനിറത്തിൽ കണ്ടു ദുഃഖിക്കുന്നതിനും, ദൈവത്തോടും തദ്വാരാ പരിശുദ്ധ കത്തോലിക്കാസഭയോടും അടുത്തു യോജിക്കുന്നതിനും, മാത്രമല്ല ആ സഭയിൽ ചേർന്നു നിത്യഭാഗ്യം അനുഭവിക്കുന്നതിനും ഈ പുസ്തകം തെററാത്ത ഒരു മാർഗ്ഗദർശിയാണെന്നു് ഈ സംഗതികളുടെയെല്ലാം ഉള്ളുകള്ളികളെ ഇപ്പോൾ ജീവിച്ചിരിക്കുന്ന എല്ലാവരേയുംകാൾ അധികം അറിഞ്ഞിട്ടുള്ള എനിക്കു ധൈര്യസമേതം പറയാവുന്നതാണു്.

പെ: ബ: വടശ്ശേരിലച്ചൻ മൂർച്ചയുള്ളതും ഏത്രയും സരസവും യുക്തിയുക്തവുമായ വാക്കുകൾ തക്കസമയത്തു പ്രയോഗിച്ചു് മനുഷ്യഹൃദയത്തിൽ സത്യത്തെ പ്രവേശിപ്പിക്കുന്നതു് ഹൃദയവിശാലതയ്ക്കോ വിനയത്തിനോ സഹോദരസ്നേഹത്തിനോ വിപരീതമല്ല. വേദശാസ്ത്രം, സഭാചരിത്രം എന്നിവയിലുള്ള അഗാധപാണ്ഡിത്യം, വേദപുസ്തകജ്ഞാനം, അവയിലെ പരിശുദ്ധ സത്യങ്ങളടങ്ങിയ വാക്യങ്ങൾ തക്കഅവസരത്തിൽ ഉപയോഗിക്കാനുള്ള പാടവം എന്നിവകൊണ്ടു് മേല്പറഞ്ഞവരുടെ പ്രവൃത്തികളേയും പ്രസ്താവനകളേയും പരിശോധിച്ചു് ഒരു ശസ്ത്രക്രിയയ്ക്കു എന്നപോലെ അവരെ വിധേയമാക്കി അവർക്കു അവരെത്തന്നെ ഉള്ളവണ്ണം കാണിച്ചുകൊടുക്കുന്നതിനു സവ്വഥാ യോഗ്യനായ ഒരു പുരോഹിതശ്രേഷ്ഠനത്രേ ഫാദർ വടശ്ശേരി.

കേരളാ ഹൈക്കോടതിവിധിയാൽ പാത്രിയർക്കീസുകക്ഷിക്കു പരിപൂണ്ണവിജയവും, ഓർത്തോഡോക്സ് കക്ഷിക്കു പരിപൂണ്ണപരാജയവുമാണല്ലോ സംഭവിച്ചിരിക്കുന്നതു്. എന്നാൽ വേദശാസ്ത്രം, സഭാചരിത്രം, യാക്കോബായസഭയുടെ ശരിയായ കാനോനാകൾ എന്നിവയുടെ വെളിച്ചത്തിൽ ഇരുകക്ഷികളുടേയും യഥാത്ഥസ്ഥിതിയും ന്യായാന്യായങ്ങളും ഈ ഗ്രന്ഥത്തിൽ വിശദമാക്കിയിരിക്കുന്നു. തന്നിമിത്തം ഇരുവിഭാഗക്കാർക്കും ഈ പുസ്തകം വളരെ പ്രയോജനകരമാണു്.

സ്വന്തം തെററുകളെ അവരവർക്കു് ശരിയായി കാണാൻ സാധിക്കയില്ല. സ്വാഭിപ്രായങ്ങളെ വിജയിപ്പിക്കുന്നതിനുവേണ്ടി വഴി പിഴച്ചു സഞ്ചരിക്കുന്നവർ ഒന്നിനൊന്നു കൂടുതൽ കാടുകയറിപ്പോകാൻ ഇടയാകും കൂടാതെയും മനസ്സാക്ഷിയെ വേണ്ടവിധം പരിശോധിച്ചു ജീവിക്കുന്നതിനു മനുഷ്യരെ സഹായിക്കുന്നതു കുമ്പസാരം മാത്രമാകുന്നു. സത്യകുമ്പസാരം നടപ്പില്ലാത്ത ഈ സഭകളിൽ മനുഷ്യർ അവരവരുടെ തെററുകളെ കാണുന്നതിനും, അവയിൽനിന്നു പിന്മാറുന്നതിനുമുള്ള സാദ്ധ്യതകൾ വളരെ കുറവാണു്. ബ. വടശ്ശേരിലച്ചനെപ്പോലെ യോഗ്യതയുള്ള ഒരാൾ ദൂരെനിന്നു് അവരുടെ ചെയ്തികളെ ചരിത്രദൃഷ്ട്യാ പഠനംചെയ്തുനോക്കുമ്പോൾ കാണുന്നതാണു അവരുടെ പ്രവൃത്തികൾക്കു കിട്ടുന്ന സാക്ഷാൽ മാക്കു്. ഒരദ്ധ്യാപകൻ കുട്ടികളുടെ ഉത്തരക്കടലാസുകൾ വായിച്ചു മാക്കു കൊടുക്കുന്നതുപോലെ കിട്ടാവുന്ന സാക്ഷാലുള്ള മാക്കു കത്തോലിക്കാസഭയ്ക്കെതിരായ പ്രവത്തകർക്കെല്ലാം—പാത്രിയർക്കീസിനും, കാതോലിക്കാ ബാവായ്ക്കും, മാർ ജൂലിയോസിനും, ചെറുകിടപ്രവത്തകരായ ആഫാദ്റമ്പാനും, കണിയാമ്പറമ്പിൽ കോർ എപ്പിസ്കോപ്പായ്ക്കും, ഫാദർ കൊററാത്തുവിളയ്ക്കും, മി. കെ. എൻ. ദാനിയേലിനും മററും മററും—ഫാദർ വടശ്ശേരി ഈ ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ടു്. എന്നാൽ അസത്യത്തിൻെറ ജനയിതാവും വളത്തുപിതാവുമായ സാത്താൻ ഇപ്പോഴും എപ്പോഴും ദൈവത്തിനും തൻെറ തിരുസ്സഭയ്ക്കും എതിരായി ഗർജ്ജിച്ചു ചുററിനടന്നു പ്രവത്തിച്ചുകൊണ്ടിരിക്കയാൽ അവൻെറ പിടിയിൽനിന്നു അകലാതെ ഈ പ്രവത്തകരിൽ ആക്കും കണ്ണാടിയിൽക്കൂടി എന്നപോലെ സത്യത്തെയും ദൈവത്തെയും യഥാർത്ഥമായി കാണാൻ സാധിക്കയില്ല. അതിനു സഹായിക്കുന്ന ഏക ഉപാധി ധ്യാനനിരതമായ പ്രാത്ഥന മാത്രമാകുന്നു. പ്രാർത്ഥനാനിരതരായി മേല്പറഞ്ഞവരും, കേരളത്തിലെ എല്ലാ ക്രിസ്ത്യാനികളും ഈ പുസ്തകം ഒരു പ്രാവശ്യമോ, കഴിയുമെങ്കിൽ പല പ്രാവശ്യമോ വായിക്കണമെന്നുള്ള എൻെറ ആഗ്രഹത്തെ പ്രദർശിപ്പിച്ചുകൊള്ളുന്നു.

കത്തോലിക്കരായ എൻെറ സ്നേഹിതന്മാരോടു പറയുവാനുള്ളതു മറെറാന്നുമല്ല. തെററായ വഴികളിൽ നടക്കുന്നവർ അവയിൽനിന്നു വിരമിച്ചു സത്യത്തെയും ദൈവത്തെയും കാണുന്നതിനുവേണ്ടി ആത്മാക്കളോടുള്ള സ്നേഹത്താൽ പ്രേരിതരായി പ്രാർത്ഥനകൊണ്ടു എല്ലാ മനുഷ്യരെയും സഹായിക്കുന്നതിനുള്ള ചുമതല നമുക്കെല്ലാവർക്കുമുണ്ടെന്നറിഞ്ഞു് ഈ രണ്ടു ശ്ലീഹസഭകളിലും ഉൾപ്പെട്ടവർക്കുവേണ്ടി ഉള്ളഴിഞ്ഞു നാം പ്രാത്ഥിക്കണം. കഴിവുള്ളവർ ഈ പുസ്തകത്തിൻെറ പല പ്രതികൾ വിലയ്ക്കു വാങ്ങി വായിച്ചശേഷം അകത്തോലിക്കാ സഭാംഗങ്ങൾക്കു കൊടുത്തു അവരെക്കൊണ്ടു വായിപ്പിക്കുന്നതും നിങ്ങൾക്കു ചെയ്യാവുന്ന ഒരു മഹാ പുണ്യപ്രവൃത്തിയായിരിക്കും.

പുസ്തകത്തിനു് അപേക്ഷിക്കേണ്ടും മേൽവിലാസം:-

മാനേജർ,
കത്തോലിക്കാ ബുക്കുഡിപ്പോ,
തിരുവല്ലാ P. O.

---

### ഉപകാരസ്മരണ






വി. യൗസേപ്പുപിതാവിൻെറ മാദ്ധ്യസ്ഥതാലും, ബ. അൽഫോൻസാമ്മയുടെ സഹായത്താലും സുഖക്കേടു് ഭേദമായതിനു് ഉപകാരസ്മരണ.

റവ. സിസ്റ്റർ ഫിലോ.

---




എൻെറ കുട്ടിയുടെ സുഖക്കേടു ബ.അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥതാൽ സുഖമായതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

ടി. ഏ. കുര്യാക്കോസ്
മരുതോങ്കര

---

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

---

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യയ്ക്കു പുറമെ " 8—12—0

ആദ്ധ്യാത്മികവീഥി

# ദൈവമാതൃഭക്തി

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

നമ്മുടെ സംശയങ്ങളിലും ക്ലേശങ്ങളിലും മാതാവിനെ സമീപിക്കുകയെന്നുള്ളതു അവിടുത്തോടുള്ള ഭക്തി പ്രദർശിപ്പിക്കുന്നതിനുള്ള രണ്ടു പ്രധാനമാർഗ്ഗങ്ങളാണെന്നു കഴിഞ്ഞ രണ്ടു ലക്കങ്ങളിൽനിന്നു നാം കണ്ടു. ഇന്നു മൂന്നാമതൊരു മാർഗ്ഗത്തെപ്പററി പറയാം.

പരിശുദ്ധ കന്യകമറിയം യഥാർത്ഥത്തിൽ ഒരു രാജ്ഞിയാണെന്നു നമുക്കറിയാം. അവിടുന്നു ക്രിസ്തുരാജന്റെ അമ്മയാണു്. ദാവീദുരാജാവിന്റെ വംശത്തിൽ പെട്ടവളാണു്. ലോകപരിത്രാണത്തിൽ മിശിഹായോടുകൂടി അടുത്തു സഹകരിച്ചു് അങ്ങയോടുകൂടി ലോകത്തെയും നരകത്തെയും കീഴടക്കി, സ്വർഗ്ഗത്തിൽ മാലാഖാമാരുടെയും പുണ്യവാന്മാരുടെയും രാജ്ഞിയായി വാഴുന്നു. അതുകൊണ്ടാണല്ലോ ജപമാലയുടെ അവസാനരഹസ്യത്തിൽ നാം അനുസ്മരിക്കുന്നതുപോലെ ത്രിലോകരാജ്ഞിയായി പരിശുദ്ധ കന്യക മുടിധരിപ്പിക്കപ്പെട്ടതു്. ഒക്ടോബർ അവസാനഞായറാഴ്ച മിശിഹായുടെ രാജത്വത്തിരുനാൾ ആഘോഷിക്കുന്നതുപോലെ മേയ് 31-ാം തീയതി മറിയത്തിന്റെ റാണിത്വത്തിരുനാളും ആചരിക്കപ്പെടുന്നുണ്ടു്.

മേൽപറഞ്ഞതിൽനിന്നു വളരെ ശ്രദ്ധേയമായ ഒരു നിഗമനത്തിൽ നാം എത്തിച്ചേരുന്നു. നമ്മുടെ അമ്മ റാണിയാണെങ്കിൽ നാമേവരും രാജകുമാരന്മാരും രാജകുമാരികളുമാണു്. രാജകുടുംബാംഗങ്ങളാണു്. നമ്മുടെ വിചാരത്തിലും, വാക്കിലും, പ്രവൃത്തിയിലുമെല്ലാം നമ്മുടെ കുടുംബമഹത്വം പാലിക്കുന്നതിനുള്ള ഒരു ചുമതല നമുക്കുണ്ടു്. രാജകുടുംബാംഗങ്ങൾ തെരുവുതെണ്ടികളെപ്പോലെ വൃത്തിഹീനമായി അലഞ്ഞു നടക്കുകയോ അസഭ്യം സംസാരിക്കുകയോ ഹീനപ്രവൃത്തികളിൽ ഏർപ്പെടുകയോ ചെയ്യുകയില്ല എല്ലാ കാര്യങ്ങളിലും തങ്ങളുടെ കുലീനമായ രാജഗോത്രത്തിന്റെ മഹിമ കൺമുമ്പിൽ ഉണ്ടായിരിക്കും. അതിനു കളങ്കം ചാർത്തുന്ന യാതൊന്നും അവരിൽനിന്നുണ്ടാകാതെ അവർ സൂക്ഷിക്കും.

രാജപുട്ടാനായിൽ ജോലി ചെയ്യുന്ന മിഷ്യനറിമാരിൽനിന്നു ലഭിച്ചിട്ടുള്ള ഒരു വസ്തുത ഇവിടെ പ്രസ്താവ്യമത്രെ. അവരുടെ സ്കൂളിൽ പഠിക്കുന്ന ചില കുട്ടികൾ രാജകുടുംബാംഗങ്ങളാണു്. പതിമൂന്നോ പതിന്നാലോ തലമുറയ്ക്കു മുമ്പു് ആ കുടുംബത്തിലെ ആരോ രാജ്യം ഭരിച്ചിരുന്നു എന്നു അവർ അഭിമാനിക്കുന്നുണ്ടു്. എന്നുതന്നെയല്ല, ഹാജർ വിളിക്കുമ്പോൾ രാജകുമാർ എന്നുകൂടി അവരുടെ പേരിനോടു ചേർത്തു വിളിക്കണമെന്നു അവർക്കു നിർബന്ധമാണു്. ഇപ്പോൾ വളരെ ദരിദ്രരാണെങ്കിലും ശുചിത്വം കാക്കുന്നതിലും മററുള്ളവരുമായുള്ള പെരുമാററത്തിലുമെല്ലാം കുലീനത പ്രദർശിപ്പിക്കുന്നുണ്ടു് ഒരിക്കലും അസത്യം പറയുകയില്ല. എന്തെങ്കിലും ഉത്തരവാദിത്വമുള്ള ജോലി ഏൽപ്പിച്ചാൽ വളരെ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കും.

മേരിറാണിയുടെ മക്കളെന്നകാരണത്താൽ നാമും യഥാർത്ഥത്തിൽ രാജകുടുംബാംഗങ്ങളെപ്പോലെ കുലീനത്വത്തോടുകൂടി വർത്തിക്കേണ്ടതാണു്. തന്റെ രാജ്യം ഇഹത്തിൽനിന്നുള്ളതല്ലെന്നു പ്രസ്താവിച്ച ക്രിസ്തുരാജന്റെ സഹോദരന്മാരായ നാം സ്വർഗ്ഗീയ രാജകുടുംബാംഗങ്ങളാണു്. അതിനാൽ സർവ്വപ്രധാനമായി ആത്മീയവിശുദ്ധിയാണു് എല്ലാവരും നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതു്. നമ്മുടെ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും ആത്മാവിനെ അശുദ്ധമാക്കുന്നതൊന്നും ഉണ്ടാകാതിരിക്കുന്നതിനു നമുക്കു ശ്രമിക്കാം. മാത്രമല്ല സകലവിധ സുകൃതങ്ങളാലും ആത്മാവിനെ അലങ്കരിക്കുന്നതിനും ശ്രദ്ധിക്കാം. ദൈവമാതാവിനോടുള്ള ഭക്തി പ്രദർശിപ്പിക്കുന്നതിനുള്ള ഉത്തമമാർഗ്ഗമാണിതു്.

മേല്പറഞ്ഞവണ്ണം വർത്തിച്ച സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനു എല്ലാവർക്കും ഇടയാകട്ടെ എന്ന ആശംസയോടുകൂടി,

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

## കൃതജ്ഞത

പരിശുദ്ധജപമാലമാതാവിന്റെ അനുഗ്രഹത്താൽ അസാദ്ധ്യകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Amminikutty, Valiaveedu
Chirayinkil

## ഇടവകവാർത്തകൾ

ചൂരളിക്കൽ: സെന്റ് സിസിലിയൻ ആർട്ട്സ് ക്ലബ്ബിന്റെ ഒരു പൊതുയോഗം കൂടി ശ്രീ പി. എക്സ്. ജോസിയെ പ്രസിഡന്റായി തിരഞ്ഞെടുത്തു. ക്ലബ്ബിന്റെ പ്രഥമവാർഷികം ഏപ്രിൽ 28-ാംനു- നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

അയർക്കുന്നം: പുതുതായി പണിതുകൊണ്ടിരിക്കുന്ന നരിവേലിപ്പള്ളിക്കു ധനശേഖരാർത്ഥം അയർക്കുന്നം ചെറുപുഷ്പനഗറിൽവെച്ച ശ്രീ കൈമാപ്പറമ്പൻ രക്തകാന്തി എന്ന കഥയെ ആസ്പദമാക്കി ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

## കേരളവാർത്തകൾ

ഫെബ്രുവരി 1 മുതൽ 2 മാസത്തേക്കു് കയറുപായ് വില്പനനികുതിയിൽനിന്നു ഒഴിവാക്കിയിരിക്കുന്നു.

—തേവരയിൽ ഒരു പാലം പണിയുന്നതിനു് 2.15.800 ക. ഗവമ്മെന്റ് അനുവദിച്ചിരിക്കുന്നു.

—ചാവക്കാട്ടു്, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകൾ തൽക്കാലത്തേക്കു താലൂക്കുകളായി തുടരുന്നതിനും, ആലുവായിൽ ഒരു താല്ക്കാലിക റവന്യൂ ഡിവിഷൻ ആഫീസ് തുറക്കുന്നതിനും ഗവമ്മെന്റ് ഉത്തരവായിരിക്കുന്നു.

—മലഞ്ചരക്കുകളുടെയും കശുവണ്ടിയുടെയും ഒരു പ്രദർശനം ഗവണ്ണരുടെ അഡ്വൈസർ ശ്രീ രാമുണ്ണിമേനോൻ കണ്ണൂരിൽ ഉൽഘാടനം ചെയ്തിരിക്കുന്നു.

—കേരള ഗവർമ്മെണ്ടിന്റെ നിവേദനപ്രകാരം 11000 ടൺ അരി തിരുവനന്തപുരത്തു് ഇറക്കുമതി ചെയ്യുന്നതിനു് ഇൻഡ്യാ ഗവമ്മെന്റ് അനുവദിച്ചിരിക്കുന്നു.

—ഹിൻഡ് സൈക്കിൾ കമ്പനിക്കാരുടെ വക ഒരു സൈക്കിൾ ഫാക്ടറി ആലുവാക്കടുത്തു അല്പപുരത്തു സ്ഥാപിക്കുവാൻ ആലോചന നടന്നുവരുന്നു.

—സംസ്ഥാനത്തെ ഹൈക്കോടതി, ഡിസ്ത്രിക്ട് കോടതി, സബ് കോടതി എന്നിവയ്ക്കു ഏപ്രിൽ 8 മുതൽ മേയ് 25 വരെയും, മുനിസിഫ് കോടതിക്കു ഏപ്രിൽ 8 മുതൽ മേയ് 19 വരെയും മദ്ധ്യവേനൽ അവധി ആയിരിക്കുന്നതാണു്. അടുത്ത സെപ്റ്റംബർ 3 മുതൽ 8 വരെ ഓണം അവധിയും ഡിസംബർ 24 മുതൽ 31 വരെ ക്രിസ്തുമസ് അവധിയുമായിരിക്കും.

—പൊതുതിരിഞ്ഞെടുപ്പു സംബന്ധിച്ച ചെയ്യേണ്ട ക്രമീകരണങ്ങളെയും, ഈ വർഷത്തിൽ ചെയ്തുതീർക്കേണ്ട വികസനപദ്ധതികളെയും സംബന്ധിച്ച ആലോചിക്കുവാൻ കലക്ടർമാരുടെ ഒരു കോൺഫറൻസ് തിരുവനന്തപുരത്തുവെച്ച നടന്നിരിക്കുന്നു.

—കോഴിക്കോട്ടു് ഡിസ്ത്രിക്ട് കലക്ടർ മി. പി. കെ. നമ്പ്യാർക്കു് 30 ദിവസത്തെ അവധി അനുവദിക്കുകയും, പകരം മി. കെ. കെ. രാമൻകുട്ടിയെ ഓഫീഷ്യേററിംഗ് കലക്ടരായി നിയമിക്കുകയും ചെയ്തിരിക്കുന്നു.

—കേരള സിവിൽകോടതി നിയമം ഫെബ്രുവരി 15 മുതൽ നടപ്പിൽവന്നിരിക്കുന്നു.

—റബർബോർഡിലേക്കു ഗവ. പ്രതിനിധികളായി കൃഷി ഡയറക്ടർ മി. പി ഡി. നായരെയും വ്യവസായസിക്രട്ടറി മി. ജോർജ് തോമസിനെയും ഗവമ്മെന്റ് നോമിനേററു ചെയ്തിരിക്കുന്നു.

—കേരകർഷകർക്കു പ്രോത്സാഹനം ലഭിക്കുന്നതിനും രാജ്യത്തെ കേരോല്പാദനം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി, നാളികേരം ഒരു ഭക്ഷ്യവിഭവമായി പ്രഖ്യാപിക്കുവാൻ ബാംഗ്ളൂർ കൂടിയ കേന്ദ്രനാളികേരക്കമ്മിററി ഇന്ത്യാഗവമ്മെന്റിനോടു ശുപാശ ചെയ്തിരിക്കുന്നു

—തിരഞ്ഞെടുപ്പു പ്രചരണാർത്ഥം പ്രധാനമന്ത്രി നെഹ്റു ഫെബ്രുവരി 24-ാം തീയതി എറണാകുളത്തെത്തുന്നതാണു്.

—കേരള ഇൻഡസ്ട്രിയൽ ഫൈനാൻസ് കോർപൊറേഷനുവേണ്ടി 15 ലക്ഷം ക. ചെലവാക്കി ഒരു ആഫീസ് തിരുവനന്തപുരത്തു പണിയുവാൻ കോർപൊറേഷൻയോഗം തീരുമാനിച്ചിരിക്കുന്നു.

**SOCIAL ACTION**

A Monthly review published by the Social Institute, Poona.

Contains a wealth of information on Social Problems confronting the Church in India.

Yearly Subscription Rs. 6/ only

Apply: Manager
Social Institute, St. Vincent Street
Poona-1

## കൃതജ്ഞത

പരിശുദ്ധ ദേവമാതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Mrs. Cicily Joseph Pudichery
Palghat.

## ഇൻഡ്യാ വാർത്തകൾ

ഗോവയിൽ ജയിലിലടയ്ക്കപ്പെട്ടിരുന്ന 32 ഇന്ത്യൻ സത്യഗ്രഹികളെ പോർത്തുഗീസ് ഗവമ്മെന്റ് വിമോചിപ്പിച്ചിരിക്കുന്നു.

—ചെറുകിടവ്യവസായങ്ങൾക്കു സാങ്കേതികസഹായം നൽകുന്നതിനു 34 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻകേന്ദ്രങ്ങൾ ഇക്കൊല്ലം കേന്ദ്രഗവർമ്മെന്റ് സ്ഥാപിക്കുന്നതാണു്.

—കാശ്മീരിൽ വിദേശസൈന്യം കാലുകുത്താൻ ഇൻഡ്യാ അനുവദിക്കുന്നതല്ലെന്നു് ന്യൂഡൽഹിയിൽ ചെയ്ത ഒരു പ്രസംഗത്തിൽ പ്രധാനമന്ത്രി നെഹ്റു പ്രസ്താവിച്ചിരിക്കുന്നു.

—കേന്ദ്രആഭ്യന്തരമന്ത്രി . ശ്രീ ഗോവിന്ദവല്ലഭ പാന്തു് ഫെബ്രുവരി 20-ാംനു- കൊല്ലത്തെത്തുന്നതാണു്.

—രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തു് 10,000 വ്യവസായത്തൊഴിലാളികളെ കണക്കുവടക്കണക്കു്, വ്യാപാരതത്വങ്ങൾ മുതലായവ പഠിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രഗവർമെന്റ് ആസൂത്രണംചെയ്തിരിക്കുന്നു.

—o—

**ORIENT CENTRAL BANK LIMITED,**

**HEAD OFFICE:— KOTTAYAM**

**BRANCHES:**

Erattupetta, Erumely, Ernakulam, Kottayam, Kothamangalam, Kumarakom, Kalaketty, Koottikal, N. Parur, Pampady, Palai, Piravam, Poovarany, Tiruvalla, Thodupuzha, Vaikom

PROGRESS REPORT

| Year | Paid up Capital & Reserves | Deposits | Working Capital |
|---|---|---|---|
| 1945 | 1,70,000 | 19,08,800 | 22,19,100 |
| 1948 | 2,71,800 | 27,79,900 | 33,94,500 |
| 1951 | 4,33,000 | 84,61,600 | 92,87,000 |
| 1954 | 5,91,500 | 1,07,37,500 | 1,23,62,500 |
| 1956 | 6,82,700 | 1,37,21,600 | 1,63,66,600 |

(Subject to Audit)

DIRECTORS:—

Shri. P. K. Kurian B. A., LL. B., Ponnattu, Kottayam (Chairman)

Shri. K. J. Chandy, Koottiparampil, Vaikom.

Shri. P. K. Kuriakose Ex- M. L. A., Pothanikatt, Kothamangalam

Shri. Ipe Varghese, Kochukudiyil, Thodupuzha

Shri. M. T. Joseph, Murikkummoottil, Kavalam.

Shri. K. P. Mathew M. A. LL B., Kaduthodil, Kottayam. (Managing Director)

All kinds of Banking business transacted. For details please enquire at any of our offices.

K. C. JOSEPH, Koottiparampil, (Secretary)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 FEBRUARY 13 || No. 26.


## മുദ്രാലയപ്രേഷിതത്വം

"കത്തോലിക്കാമുദ്രാലയപ്രവർത്തകൻ ഒരു വ്യവസായിയോ ഒരു വിനോദപ്രകടനക്കാരനോ അല്ല; അവന്റെ ലക്ഷ്യം ഒരു പ്രേഷിതത്വമാണ്—ജനതയെ മഹത്തായ തത്വങ്ങളെപ്പററി ഉൽബോധിപ്പിക്കുക."

ഫെബ്രുവരിമാസം മുദ്രാലയപ്രേഷിതത്വത്തിന്റെ മാസമാണ്. ഈ മാസത്തിൽ പ്രത്യേകിച്ചും മുദ്രാലയപ്രേഷിതത്വത്തെപ്പററി പഠിക്കുന്നതിനും അതിന്റെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിനും സഭാദ്ധ്യക്ഷന്മാർ മുദ്രാലയപ്രവർത്തകരേയും പൊതുജനങ്ങളേയും ആഹ്വാനംചെയ്യുന്നു. മുദ്രാലയപ്രേഷിതത്വത്തിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥനായി വിശുദ്ധ ഫ്രാൻസീസ് സാലെസിനെ, ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് വിശുദ്ധന്റെ ചരമത്തിന്റെ മൂന്നൂറാംവാർഷികം പ്രമാണിച്ച് 1923 ജനുവരി 26-ാംനു പ്രസിദ്ധപ്പെടുത്തിയ ചാക്രികലേഖനംവഴിയാണ് നാമകരണംചെയ്യുകയുണ്ടായത്. വിശുദ്ധ ഫ്രാൻസീസ് സാലെസിന്റെ മാദ്ധ്യസ്ഥത്തിൽ, "കത്തോലിക്കാ തത്വങ്ങളെ പത്രപ്രവർത്തനംവഴിയും മററു പ്രസിദ്ധീകരണങ്ങൾവഴിയും വിശദീകരിക്കുന്നതിലും, പ്രചരിപ്പിക്കുന്നതിലും, പരിരക്ഷിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന കത്തോലിക്കരെല്ലാം വളരെയധികം ആനുകൂല്യങ്ങൾ പ്രാപിക്കാതിരിക്കുകയില്ല" എന്നാണ് പ്രസ്തുത ചാക്രികലേഖനത്തിൽ പരിശുദ്ധ പിതാവ് അഭിലഷിച്ചിരിക്കുന്നത്. ആധുനികങ്ങളായ മുദ്രാലയസജ്ജീകരണങ്ങൾ നടപ്പിലില്ലാതിരുന്ന ഒരു കാലത്താണ് വിശുദ്ധ ഫ്രാൻസീസ് ജീവിച്ചിരുന്നതെങ്കിലും പ്രസിദ്ധീകരണവിഷയത്തിൽ ഇന്നവലംബിച്ചുപോരുന്ന ആദർശങ്ങൾ അദ്ദേഹം വിഭാവനംചെയ്യുകയും പരിമിതമായ മാർഗ്ഗങ്ങളിൽ ഫലപ്രദമായി അവയെ പ്രയോഗിക്കുകയും ചെയ്തിരുന്നുവെന്നതാണ് വിശുദ്ധനെ ഈ മഹോന്നതസ്ഥാനത്തേക്കു തിരഞ്ഞെടുക്കുന്നതിനുള്ള കാരണം.

ആധുനികലോകത്തിൽ പ്രസിദ്ധീകരണങ്ങൾക്കുള്ള വ്യാപ്തിയും പ്രാധാന്യവും ആരേയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. പ്രസിദ്ധീകരണങ്ങളുടെ പ്രബലമായ കഴിവുകൾ എല്ലാവർക്കും ബോദ്ധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഈ കഴിവുകളെ ഓരോ വിഭാഗവും അവരവരുടെ ആദർശാഭിലാഷങ്ങൾ പ്രചരിപ്പിക്കുന്നതിനു പരമാവധി ഉപയോഗപ്പെടുത്തുന്നുമുണ്ട്. തന്മൂലം പ്രസിദ്ധീകരണങ്ങൾ എണ്ണത്തിലും വണ്ണത്തിലും മാത്രമല്ല സാങ്കേതികമായ അഭിനവപരിഷ്കരണങ്ങളിലും അത്ഭുതാവഹമായ പുരോഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. പ്രസിദ്ധീകരണങ്ങളുടെ പ്രാബല്യം അപ്രതിരോദ്ധ്യമായ ഒരു മഹാശക്തിയായിത്തീർന്നിരിക്കുകയാണ്. വിജ്ഞാനവിതരണത്തിനായി സമാരംഭിച്ച പ്രസിദ്ധീകരണശാഖ ഇന്നു മിക്ക അന്താരാഷ്ട്രപ്രശ്നങ്ങളെപ്പോലും നിയന്ത്രിക്കുന്ന ഏററം പ്രബലമായ ഉപാധിയായി കഴിഞ്ഞിരിക്കുന്നു. ഇതോടൊപ്പം പ്രസിദ്ധീകരണപ്രസ്ഥാനത്തിൽ വിനാശകരമായ ഒരു വ്യഭിചരണവും വന്നുവശായിരിക്കുന്നു! സത്യത്തെ പ്രബോധിപ്പിക്കുന്നതിനും വിജ്ഞാനത്തെ വിതരണംചെയ്യുന്നതിനും മാനവവംശത്തെ ധർമ്മബോധത്തിൽ ഉറപ്പിക്കുന്നതിനുമുള്ള ഈ ഉപാധി അധർമ്മികളുടെ കൈയിൽ വിനാശത്തിന്റെ ഉപകരണമായി മാറിയിരിക്കുകയാണ്. മനുഷ്യമനസ്സിൽനിന്നു സനാതനസത്യങ്ങളേയും ധർമ്മാധർമ്മവിവേചനകളേയും തുടച്ചുമാററുന്നതിനുവേണ്ടി ഇടതടവില്ലാത്തവണ്ണം ദൂഷിച്ച പ്രസിദ്ധീകരണങ്ങൾ മുദ്രണശാലകൾ അടിച്ചിറക്കുന്നു! അവ അനുവാചകരുടെ ഉള്ളിൽ വിഷബീജങ്ങൾ കുത്തിവയ്ക്കുകയും അവരുടെ മനസ്സിനെ രഹസ്യത്തിൽ ദൂഷിപ്പിച്ച് നാരകീയാദർശങ്ങളിൽ അവരെ ഉറപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. വിനാശകരമായ ഈ മുദ്രാലയവ്യഭിചരണമാണ് ഇന്ന് ഒരു മുദ്രാലയപ്രേഷിതത്വത്തെ അനിവാര്യമാക്കി ചെയ്തിരിക്കുന്ന ഒരു കാരണം എന്നുകൂടി നാം മനസ്സിരുത്തേണ്ടതാണ്.

കത്തോലിക്കാ ജനവിഭാഗം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കത്തോലിക്കാപ്രസിദ്ധീകരണമാസം— ഫെബ്രുവരി— വളരെ ഫലപ്രദമായി ആചരിക്കുന്നുണ്ട്. നമ്മുടെ ഭാരതത്തിലും തൽസംബന്ധമായി ചില പരിശ്രമങ്ങളെല്ലാം നടന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അതിനിയും വേണ്ടത്ര വിപുലമായ ഒരു തോതിൽ നടത്തപ്പെടുന്നു എന്നഭിമാനിക്കുവാൻ സാദ്ധ്യമല്ല. ഫെബ്രുവരിമാസം മുദ്രാലയപ്രേഷിതത്വത്തിന്റെ മാസമായി ആചരിക്കുന്നതിനും മാസാവസാനഞായർ പ്രസിദ്ധീകരണഞായറാഴ്ചയായി കൊണ്ടാടുന്നതിനും നമ്മുടെ വൈദികമേലദ്ധ്യക്ഷന്മാർ സന്ദർഭോചിതമായ നിർദ്ദേശങ്ങളും ആഹ്വാനങ്ങളും നമുക്കു നൽകിക്കഴിഞ്ഞിട്ടുണ്ട്. പക്ഷെ അവയെ വേണ്ടത്ര ഫലദായകമാക്കുന്നതിനുള്ള പ്രായോഗികപദ്ധതികൾ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. നമ്മുടെ ഓരോ ഇടവകയും ഓരോ സംഘടനയും ഓരോ കത്തോലിക്കനും ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കണം. ഇടവകാടിസ്ഥാനത്തിൽ പ്രചാരണപരിപാടികൾ ക്രോഡീകരിക്കണം. പൊതുയോഗങ്ങൾ നടത്തി പൊതുജനങ്ങൾക്കു മുദ്രാലയപ്രേഷിതത്വം എന്താണെന്നു മനസ്സിലാക്കിക്കൊടുക്കണം. കൗതുകവില്പനകൾ നടത്തി ധാരാളം പ്രസിദ്ധീകരണങ്ങൾ വിററഴിക്കണം. നമ്മുടെ കത്തോലിക്കാ പത്രമാസികകളും നല്ല നല്ല മതഗ്രന്ഥങ്ങളും ഏവയാണെന്ന് അവയുടെ ആകർഷകമായ ലിസ്ററുകളും മാതൃകകളും പരസ്യപ്പെടുത്തി ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കണം. ഈ മാസത്തിൽ ചൊറുചൊറുക്കുള്ള നമ്മുടെ യുവതീയുവാക്കന്മാരും സംഘടനാപ്രവർത്തകരും വീടുകൾ സന്ദർശിച്ച ഓരോ വീട്ടിലും വരുത്തുന്നതിനു പററിയ പത്രമാസികകളുടെ വരിക്കാരായി അവരെ ചേർക്കണം. ഇങ്ങനെ ഇടവകതോറും വീടുകൾതോറും ഊർജ്ജിതമായ ഒരു പ്രചാരണസംരംഭം നടത്തിയെങ്കിൽ മാത്രമേ നമുക്കു ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യുന്നതിനു കഴിയുകയുള്ളു. ലോകത്തിന്റെ വ്യതിയാനങ്ങൾക്കെതിരെ നാം കണ്ണടച്ചു മൂഢസ്വർഗ്ഗത്തിൽ കഴിഞ്ഞുകൂടിയതുകൊണ്ടു പ്രയോജനമില്ല. ശത്രുക്കൾ കളകൾ വിതയ്ക്കുന്നതിനു വയലിന്റെ നാലുഭാഗത്തുനിന്നും ഓടിയടുക്കുകയാണ്. റഷ്യയിൽനിന്നു നിരീശ്വരപരമായ കമ്മ്യൂണിസ്റ്റ്സാഹിത്യം കോടിക്കണക്കിനു രൂപാ വിലയ്ക്കുള്ളവ കുന്നുകുന്നായി ഇന്ത്യയിലേക്കു കൊണ്ടുവന്നു ചാടിക്കുകയാണെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. ജനസഭയിൽതന്നെ മുഖ്യഖ്യാരവസരത്തിൽ ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ട കണക്കുകൾ നാമാരും മറക്കാൻ കാലമായിട്ടില്ലല്ലോ. നാട്ടിൽതന്നെ ഇന്നു പ്രസിദ്ധീകരണശാഖ മനുഷ്യന്റെ അധമവികാരങ്ങളെക്കൊണ്ടു കയ്യാംകളി നടത്തുന്ന ഒരു വെറും പണസമ്പാദനമാർഗ്ഗമായി പ്രവർത്തിച്ചുപോരുകയാണ്. അത്തരം ഗ്രന്ഥങ്ങളും മററു പ്രസിദ്ധീകരണങ്ങളും ലക്ഷക്കണക്കിനാണ് നമ്മുടെ ഇടയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ മുദ്രാലയംവഴി ഇന്നു നടന്നുകൊണ്ടിരിക്കുന്ന നശീകരയത്നങ്ങളെപ്പററി നാം മനസ്സിലാക്കുമ്പോൾ, "കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കുവേണ്ടി എന്തുത്യാഗവും സഹിക്കുവാൻ, എന്നല്ല, നമ്മുടെ മോതിരവും കുരിശും, ഉടുപ്പുകളും പണയം വയ്ക്കുവാൻപോലും നാം തയാറാണ്" എന്നു പറഞ്ഞ പരിശുദ്ധപിതാവ് 11-ാംപീയൂസ് മാർപ്പാപ്പായുടെ വാക്കുകളുടെ അർത്ഥം നമുക്കു സുഗ്രഹമാകാതിരിക്കുകയില്ല.

ആദർശപരമായ ഒരു കത്തോലിക്കാ പ്രസിദ്ധീകരണമായി നിലകൊള്ളണമെന്നും ഓരോ കുടുംബത്തേയും കാലോചിതമായ കത്തോലിക്കാതത്വപ്രബോധനം വഴി സത്യവിശ്വാസത്തിന്റെ ഒരുറച്ച കോട്ടയായി കരുപ്പിടിപ്പിക്കണമെന്നുമുള്ള ലക്ഷ്യത്തോടുകൂടിയാണ് സത്യദീപം സമാരംഭിച്ചിട്ടുള്ളതെന്നും, പ്രസ്തുതാദർശത്തിൽനിന്നു അണുപോലും വ്യതിചലിക്കാതെ ഫലപ്രദമായ സേവനമനുഷ്ഠിക്കുന്നതിനാണ് അതെന്നും പരിശ്രമിച്ചു പോരുന്നതെന്നും മാന്യവായനക്കാരെ ഞങ്ങൾ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. എന്നാൽ ഈ പ്രേഷിതത്വം സമ്പൂർണ്ണമായി വിജയിക്കണമെങ്കിൽ നാം ഇനിയും വളരെയേറെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സത്യദീപത്തെ പ്രചരിപ്പിക്കുന്നതിനുള്ള നിങ്ങളോരോരുത്തരുടേയും ആത്മാർത്ഥമായ സഹകരണം ഈ കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരണമാസത്തിൽ സാദരം ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഓരോ ഇടവകയിലും സത്യദീപം ആ ഇടവകയുടെ മുഖപത്രമായി സ്വീകരിക്കപ്പെടട്ടെ. കഴിവുള്ള ഓരോ കുടുംബവും അതിന്റെ വരിക്കാരായി പേരുകൊടുക്കട്ടെ. ഇടവകയിലെ ബ. വികാരിമാരോടും മററു ബ. വൈദികരോടും സവിനയം ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്, ഈ മുദ്രാലയപ്രേഷിതത്വത്തെ ഓരോ ഇടവകയുടേയും സ്വന്തമായി സ്വീകരിക്കുന്നതിന്. പല ഇടവകകളിലും ആശാസ്യമായ വിധത്തിൽ ഈ പ്രേഷിതത്വസഹകരണം നടന്നുപോരുന്നുണ്ട് എന്നുള്ളത് കൃതജ്ഞതയോടും കൃതാർത്ഥതയോടുംകൂടി ഞങ്ങൾ അനുസ്മരിക്കുന്നു. ഞങ്ങളുടെ ഈ അഭ്യർത്ഥന ആരും തെററിദ്ധരിക്കുകയില്ലെന്നും ഞങ്ങൾക്കുറപ്പുണ്ട്. അതുകൊണ്ടാണ് ഓരോ ബ. വൈദികരും, ഇടവകകളിലെ ഭക്തസംഘടനകളും, കർമ്മോദ്യുക്തരായ യുവസഞ്ചയവും ആത്മാർത്ഥമായും ത്യാഗപൂർവ്വകമായും മുദ്രാലയപ്രേഷിതത്വത്തിൽ ഉണർന്നു പ്രവർത്തിക്കണമെന്നു ഞങ്ങൾ ശക്തിയായി ഉൽബോധിപ്പിക്കുന്നത്. "കാലോചിതമായ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം പ്രയോജനപ്രദമായ ഒരു സേവനമാകുന്നു" എന്നാണല്ലോ പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി പ്രഖ്യാപിക്കുന്നത്. "ഒരു കത്തോലിക്കാ പത്രം ഒരിടവകയിലെ നിരന്തരമായ ധ്യാനപരിപാടിയാകുന്നു" എന്നും തിരുമേനി പറയുന്നു. അതുകൊണ്ട് മുദ്രാലയപ്രേഷിതത്വം നമ്മുടെ ഓരോരുത്തരുടെയും ശ്രദ്ധാവിഷയമാകട്ടെ. മുദ്രാലയപ്രേഷിതത്വത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസീസ് സാലെസ് ഈ പ്രവർത്തനത്തിൽ നമ്മെ നയിക്കട്ടെ.

### പ്രസാധകക്കുറിപ്പുകൾ

## പൊതുതിരിഞ്ഞെടുപ്പ്

അത്യാസന്നമായിരിക്കുന്ന പൊതുതിരിഞ്ഞെടുപ്പു സംബന്ധിച്ച് ഇന്ത്യയിലെ കത്തോലിക്കാ ബിഷപ്പ്സ് കോൺഫറൻസിൽനിന്നു പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവന ഇപ്രകാരമാണ്:-

"നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയതിനുശേഷം രണ്ടാംപ്രാവശ്യം ഭാരതത്തിലെങ്ങും ഏതാനും വാരങ്ങൾക്കകം പൊതുതിരിഞ്ഞെടുപ്പ് നടത്തപ്പെടുന്നതാണ്. ഏകദേശം 20 കോടി ജനങ്ങൾക്കു വോട്ടവകാശം ഉണ്ടായിരിക്കും. എണ്ണത്തിൽ തുലോം കുറവാണെങ്കിലും, കത്തോലിക്കർക്ക്, രാഷ്ട്രത്തിന്റേയും, സഭയുടേയും, ഗവമ്മെൻറിന്റെ ഭദ്രതയുടേയും, താല്പര്യങ്ങളെ മുൻനിറുത്തി ഒരു ധാർമ്മികമായ കർത്തവ്യമെന്നനിലയിൽ സമ്മതിദാനാവകാശം ഉപയോഗിക്കുന്നതിൽനിന്നും ഈ തിരിഞ്ഞെടുപ്പിൽ എല്ലാവരും പങ്കുകൊള്ളുന്നതിൽനിന്നും ഒഴിഞ്ഞുനില്ക്കാവുന്നതല്ല.

ലോകസഭയിലേക്കും വിവിധ സ്റ്റേററ് അസംബ്ളികളിലേക്കും തിരിഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ യോഗ്യതകളെ ഏറക്കുറെ ആശ്രയിച്ചാണ് രാജ്യത്തിലെ സമാധാനവും ഐശ്വര്യവും കത്തോലിക്കരുടെ മതപരമായ സുസ്ഥിതിയും സുരക്ഷിതത്വവും നിലകൊള്ളുന്നത്. എല്ലാ മതങ്ങൾക്കും തുല്യപദവികളും അവസരസമത്വവും, പ്രതിബന്ധങ്ങളോ തടസ്സങ്ങളോ കൂടാതെ എല്ലാ മതങ്ങൾക്കും അവരുടെ പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള പരിപൂർണ്ണസ്വാതന്ത്ര്യവും നൽകുന്ന മതേതര ആദർശത്തെ സംരക്ഷിക്കേണ്ടതാണ്.

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ചിന്താസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും തുല്യപദവിയും അവസരസമത്വവും രാഷ്ട്രത്തിന്റെ ഐക്യവും വ്യക്തിമാഹാത്മ്യവും അംഗീകരിച്ചുകൊണ്ട് എല്ലാ പൗരന്മാരിലും സാഹോദര്യം പുലർത്തുമെന്നു പരമാധികാരസ്വതന്ത്ര ഇന്ത്യൻ റിപ്പബ്ളിക്കിന്റെ ഭരണഘടനയുടെ മുഖവുരയിൽ എല്ലാ പൗരന്മാർക്കും പരിപാവനമായ ഉറപ്പുനൽകുന്നു.

ഭരണഘടനയുടെ 25, 26, 29, 30 എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള മതപരവും വിദ്യാഭ്യാസപരവുമായ മൗലികാവകാശങ്ങളെപ്പററിയുള്ള പ്രഖ്യാപനങ്ങളിൽ ഈ തത്വങ്ങൾക്കെല്ലാം വിശദമായ രൂപംകൊടുത്തിട്ടുണ്ട്.

തിരിഞ്ഞെടുപ്പിൽ വിവിധപാർട്ടികൾ മത്സരിക്കുന്നുണ്ട്. സ്വഭാവവൈശിഷ്ട്യവും അംഗീകൃതമായ യോഗ്യതകളും എല്ലാ ജനവിഭാഗങ്ങളുടേയും ക്ഷേമത്തിൽ ആത്മാർത്ഥമായ താല്പര്യവുമുള്ള സ്ഥാനാർത്ഥികളെയാണ് കത്തോലിക്കർ തിരഞ്ഞെടുക്കേണ്ടതെന്നു ഞങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതില്ലല്ലോ. കക്ഷിരാഷ്ട്രീയത്തിൽ പ്രവേശിക്കുവാൻ ഞങ്ങൾ ഒട്ടും ആഗ്രഹിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ അതു ഞങ്ങളുടെ അധികാരപരിധിയിൽ ഉൾപ്പെട്ടതല്ല. ഭരണഘടനയിൽ ശക്തിയുക്തം ഉറപ്പുനൽകിയിട്ടുള്ള നമ്മുടെ മതപരവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടേയും അനുസ്യൂതവും വിഹിതവുമായ സംരക്ഷണത്തിൽ ഞങ്ങൾക്കതിയായ ഉൽക്കണ്ഠയുണ്ട്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അതിപ്രാധാന്യമർഹിക്കുന്ന ഈ വിഷയത്തെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം ആഗ്രഹിക്കുന്ന കത്തോലിക്കർക്കുവേണ്ടി താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നു ഞങ്ങൾ കരുതുന്നു.

1) രാജ്യത്തിന്റെ സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ വികസനത്തിന് ഓരോ കത്തോലിക്കനും തന്റെ കഴിവനുസരിച്ചുള്ള സഹകരണം നൽകുവാൻ സ്വാഭാവികനിയമത്താൽ ബാദ്ധ്യസ്ഥനാണ്. അതിനാൽ തിരിഞ്ഞെടുപ്പിൽപങ്കെടുക്കുവാൻ അവൻ നിർബന്ധിതനാണ്. ഇതു അൽമായർക്കു മാത്രമല്ല വൈദികർക്കും സന്യാസികൾക്കും സന്യാസിനികൾക്കും ബാധകമാണ്.

2) ഒരു പരാശക്തിയുടെ ആസ്തികൃത്തെ നിഷേധിക്കുന്ന പാർട്ടിയംഗങ്ങൾക്കോ സ്ഥാനാർത്ഥികൾക്കോ കത്തോലിക്കർ വോട്ടുചെയ്യാവുന്നതല്ല. മതത്തിന്റെയോ സദാചാരത്തിന്റെയോ അടിസ്ഥാനത്തിനു തുരങ്കംവയ്ക്കുന്നവർക്കോ, കുടുംബജീവിതത്തിന്റെ പരിപാവനതയേയും മനുഷ്യവ്യക്തിത്വത്തിന്റെ മാഹാത്മ്യത്തേയും മാനിക്കാത്തവർക്കോ, നിരീശ്വരകമ്മ്യൂണിസത്തിന്റെ ആദർശങ്ങൾ അംഗീകരിക്കുന്നവർക്കോ പിൻതുണനൽകുവാൻ കത്തോലിക്കർക്കു സാദ്ധ്യമല്ല.

3) മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും മതസ്വാതന്ത്ര്യത്തിനും ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടി നിലകൊള്ളുമെന്നു, കത്തോലിക്കർ, സാധിക്കുന്ന സന്ദർഭങ്ങളിൽ, സ്ഥാനാർത്ഥിയിൽനിന്നു ഉറപ്പുവാങ്ങേണ്ടതാണ്.

4) മതത്തിനും ആഭ്യന്തരസമാധാനത്തിനും രാജ്യത്തിന്റെ ഭൗതികക്ഷേമത്തിനും ഒരു ഭീഷണിയായി വർത്തിക്കുന്ന തത്വസംഹിതകളോടുകൂടിയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും ഇരട്ടശത്രുത്വ സംഹിതകളുള്ള ഗ്രൂപ്പുകളുമായി സഖ്യം പുലർത്തുന്നവർക്കുമെതിരായി കത്തോലിക്കർ ജാഗരൂകരായിരിക്കേണ്ടതാണ്. ഞങ്ങൾ പ്രസ്താവിച്ചതുപോലെ രാജ്യത്തിന്റെ ഭാവി തിരഞ്ഞെടുപ്പുഫലത്തെയാണ് ആശ്രയിച്ചിരിക്കുന്നതു.

5) ഇത്ര ഗുരുതരങ്ങളായ പ്രശ്നങ്ങളുൾക്കൊള്ളുന്ന ഒരു വിഷയത്തിൽ യാതൊരു കത്തോലിക്കനും അനാസ്ഥ പ്രകടിപ്പിക്കാവുന്നതല്ല. പൊതുകാര്യങ്ങളിൽ എല്ലാവരും സജീവമായ താല്പര്യം പ്രകടിപ്പിക്കേണ്ടതാണ്. സ്ഥാനാർത്ഥികളുമായി കൂടുതൽ സമ്പർക്കം പുലർത്തുകയും കത്തോലിക്കാ ആദർശങ്ങളും വിവിധപ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളും അവരെ അറിയിക്കുകയും നമ്മുടെ ലക്ഷ്യങ്ങളേയും ഉദ്ദേശ്യങ്ങളേയുംപററി അവർക്കുണ്ടാകാവുന്ന ആശങ്കകളു

വിദ്വേഷങ്ങളും നീക്കുകയും ചെയ്യേണ്ടതാണ്.

6) രാഷ്ട്രീയഐക്യത്തിന്റെയും ആഭ്യന്തരസമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ന്യായമായ അധികാരത്തെ ആദരിക്കേണ്ടതിന്റെയും അതിപ്രാധാന്യം പൗരന്മാർ ഓർമ്മിക്കേണ്ടതാണ്. പൗരസമൂഹത്തിന്റെ അടിസ്ഥാനത്തെ അപകടപ്പെടുത്തുന്ന പാർട്ടികളേയും സ്ഥാനാർത്ഥികളേയും അവർ എതിർക്കേണ്ടതാണ്.

അവസാനമായി നമ്മുടെ രാജ്യത്തിനും ജനതയ്ക്കും ദൈവാനുഗ്രഹം ലഭിക്കുന്നതിനും സമ്മതിദായകർക്ക് വെളിച്ചവും മാർഗ്ഗനിർദ്ദേശവും കരഗതമാകുന്നതിനും പാർലിമെന്റിലേക്കും സ്റ്റേററ് അസംബ്ളികളിലേക്കും യോഗ്യരായ പ്രതിനിധികൾ തിരിഞ്ഞെടുക്കപ്പെടുന്നതിനുംവേണ്ടി തിരഞ്ഞെടുപ്പിനു മുമ്പും അതു നടക്കുന്നയവസരത്തിലും എല്ലാ ദേവാലയങ്ങളിലും പ്രത്യേകം പ്രാർത്ഥനകൾ നടത്തണമെന്നു് ഞങ്ങൾ കല്പിക്കുന്നു."

തിരിഞ്ഞെടുപ്പുസംബന്ധിച്ച് ഓരോ കത്തോലിക്കനും അവശ്യം മനസ്സിരുത്തേണ്ട പൊതുതത്വങ്ങളാണ് ഈ പ്രസ്താവനയിൽ ഉള്ളടക്കിയിരിക്കുന്നതു്. സഭാനേതൃത്വം ജനതയുടെ മാർഗ്ഗനിർദ്ദേശത്തിനായി നൽകിയിട്ടുള്ള ഈ തത്വങ്ങളെ ഭക്ത്യാദരപൂർവ്വം സ്വീകരിച്ചനുസരിക്കണമെന്നു ഓരോ കത്തോലിക്കനേയും ഞങ്ങൾ ഉദ്ബോധിപ്പിച്ചുകൊള്ളട്ടെ.

x x x

## കമ്മ്യൂണിസ്റ്റ് പത്രം വാസ്തവം ഏററുപറയുന്നു

"സ്പീക്കിംഗ് ഫ്റാങ്ക്ലി" വാർസായിൽനിന്നും അവിടത്തെ കമ്മ്യൂണിസ്റ്റ് യുവസംഘടനയുടെ ഔദ്യോഗികജിഹ്വയായി പ്രസിദ്ധീകരിക്കുന്ന ഒരു പത്രമാണ്. പോളണ്ടിൽ കമ്മ്യൂണിസ്റ്റ് ആധിപത്യത്തിൽ അതിദാരുണമായ പീഡനങ്ങൾ അനുഭവിക്കുന്ന തൊഴിലാളിവിഭാഗത്തിന്റെ സ്ഥിതിയെയാണ് പ്രസ്തുത പത്രം പ്രസംഗവശാൽ വെളിപ്പെടുത്തുന്നതു്. അനിയന്ത്രിതാധികാരം പ്രയോഗിക്കുന്ന മേധാവികളെപ്പററി പത്രം ഇപ്രകാരം പറയുന്നു:- "പുതിയവർഗ്ഗത്തിൽപെട്ട രാഷ്ട്രീയമാനേജരന്മാർ നിയന്ത്രണാതീതമായ അധികാരങ്ങൾ കൈയടക്കി. വ്യവസായികോല്പന്നങ്ങളുടെയെല്ലാം മേലധികാരം അവർക്കാണ്. കഴിഞ്ഞവർഷങ്ങളിലെ ചരിത്രം പരിശോധിച്ചാൽ ഇക്കാര്യം കാണാൻ സാധിക്കും, അവർ അവരുടെ അധികാരത്തെ തൊഴിലാളികൾക്കു പ്രത്യക്ഷത്തിൽ എതിരായി പ്രയോഗിച്ചിട്ടുള്ളതിനു ധാരാളം തെളിവുകൾ......ഉല്പാദകരെ അടിമകളാക്കുന്ന ഒരു രീതിയായിരുന്നു അതു. മാനേജർവിഭാഗം എല്ലാവിധത്തിലും മാർഗ്ഗത്തിലുമുള്ള അധികാരങ്ങളെല്ലാം അവരിൽ കേന്ദ്രീകരിച്ചു. തൊഴിലാളിക്കു അവന്റെ ഭാവിയെ നിയന്ത്രിക്കുന്നതിനു കഴിവില്ലായിരുന്നു അതു അരക്ഷിതവും, അജ്ഞാതവും രാഷ്ട്രീയരഹസ്യമാകുന്ന മഞ്ഞിൽ പൊതിഞ്ഞതുമായിരുന്നു. പ്രയോഗത്തിൽ തൊഴിലാളിയുടെ ഭാവി അവന്റെ മേലധികാരിയുടെ ഇംഗിതങ്ങളേയും, അയാളുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളേയും, വിരോധികളുടെ കുതിതിരിപ്പുകളേയും ആശ്രയിച്ചിരുന്നു. ഈ സ്ഥിതിവിശേഷത്തിൽ സ്വാതന്ത്ര്യത്തിനു സ്ഥാനമില്ലെന്നു പറയേണ്ടതില്ലല്ലോ. ഈ സ്വാതന്ത്ര്യഹനനം അടിക്കടി വർദ്ധമാനമായിക്കൊണ്ടിരുന്നു. ഏവംവിധം അവരുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടും, സാമ്പത്തികവും, രാഷ്ട്രീയവുമായ പരാധീനതയിൽ ആഴ്ത്തപ്പെട്ടും പൗരവിഭാഗം ക്രമീകൃതവും വഞ്ചനാപൂർണ്ണവുമായ ഒരു മർദ്ദനത്തിനു അടിമയായിത്തീർന്നു. ചുരുക്കത്തിൽ, മേലധികാരികളെ സംബന്ധിച്ചിടത്തോളം ഒരു ഭീകരസ്വേച്ഛാഭരണവും, ഭരണീയരെ സംബന്ധിച്ചിടത്തോളം പരിഭ്രമജനകമായ ഒരു സ്ഥിതിവിശേഷവുമാണ് ഇന്നത്തെ അനുഭവം." പോളണ്ടിൽ അതികഠിനമായ മർദ്ദനങ്ങളേയും എണ്ണമില്ലാത്തുള്ള നാടുകടത്തലുകളേയും അതിജീവിച്ചു കത്തോലിക്കാവിശ്വാസം ശക്തിപ്പെടുന്നതിന്റെ കാരണം കണ്ടുപിടിക്കുന്നതിനുള്ള ബദ്ധപ്പാടിലാണ് പ്രസ്തുത കമ്മ്യൂണിസ്റ്റ്പത്രം ഈ വാസ്തവം ഏററുപറയുവാൻ നിർബന്ധിതമായി തീർന്നതു്. കമ്മ്യൂണിസത്തിന്റെ തേർവാഴ്ചയിൽ തൊഴിലാളിവിഭാഗത്തിനു ഒന്നും നേടുവാൻ സാദ്ധ്യമല്ലെന്നും സ്വേച്ഛാപ്രമത്തമായ ഒരു മേധാവിവർഗ്ഗത്തിന്റെ അടിമകളായി അധഃപ്പതിക്കുകമാത്രമേ അവിടെ ഗതിയുള്ളു എന്നുമുള്ള വസ്തുതകളാണ് ഈ ഏററുപറച്ചിലിൽ സുവ്യക്തമായി കാണുവാൻ സാധിക്കുന്നതു്. തൊഴിലാളിവർഗ്ഗത്തെ രക്ഷിക്കാനെന്നുള്ള ഭാവേന "തൊഴിലാളിസ്വർഗ്ഗ"ത്തെപ്പററിയുള്ള വെറും പൊള്ളയും വ്യാമോഹപരവുമായ വാഗ്ദാനങ്ങളുമായി അവരെ സമീപിക്കുന്ന വഞ്ചകരായ കമ്മ്യൂണിസ്റ്റ് ഏജന്റന്മാരെ പ്രബുദ്ധരായ തൊഴിലാളികൾ തക്കസമയത്തു മനസ്സിലാക്കി അവരുടെ കെണിയിൽ കുടുങ്ങാതിരിക്കുന്നുവെങ്കിൽ അവരുടെ സ്വാതന്ത്ര്യവും ഭാവിയും പണയപ്പെടുത്തുന്ന അത്യാഹിതത്തിൽനിന്നവർ രക്ഷിക്കപ്പെടും. ഇതാണ് പോളണ്ടിന്റെയും മററുപല രാജ്യങ്ങളുടേയും ചരിത്രം ലോകത്തിനു നൽകുന്ന ഗുണപാഠം. ഒരു കമ്മ്യൂണിസ്റ്റ്പത്രംതന്നെ അതു പ്രസംഗവശാൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു എന്നതു എല്ലാവരുടേയും കണ്ണു തുറപ്പിക്കുന്നതിനു സഹായകമാണ്.

x x x

## "സോഷ്യൽ ആക്ഷൻ"

പൂനായിലെ "ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് സോഷ്യൽ ഓർഡർ" എന്ന സ്ഥാപനത്തിൽനിന്നു പ്രതിമാസം പ്രസിദ്ധപ്പെടുത്തുന്ന സോഷ്യൽ ആക്ഷൻ എന്ന ഇംഗ്ലീഷ്മാസിക മാന്യവായനക്കാർക്കു പരിചയപ്പെടുത്തുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. 1951-ൽ രൂപംപ്രാപിച്ച ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യം സാമൂഹികവിഷയങ്ങളെ സംബന്ധിച്ച കത്തോലിക്കാ സിദ്ധാന്തങ്ങളെ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും, സാമൂഹികപ്രവർത്തകർക്കു താത്വികവും പ്രായോഗികവുമായ പരിശീലനം നൽകുന്നതിനും, പ്രസ്തുത പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ഒരു വിജ്ഞാനകേന്ദ്രമായി നിലകൊള്ളുന്നതിനുമാണ്. ഈ ലക്ഷ്യത്തെ ഉന്നംവച്ചു ഫലപ്രദമായ സേവനം നിർവ്വഹിച്ചിട്ടുള്ള ഒരു ചരിത്രം കഴിഞ്ഞ ആറുകൊല്ലത്തെ പ്രവർത്തനത്തിൽ അതിനു ചൂണ്ടിക്കാണിക്കുവാൻ കഴിയുന്നു എന്നുള്ളതു് പ്രശസ്തമായ ഒരു നേട്ടമാണ്. സ്ഥാപനത്തിന്റെ ലക്ഷ്യം നിറവേററുന്നതിൽ അതിപ്രധാനമായ ഒരുപാധിയാണ് അതിന്റെ ജിഹ്വയായ "സോഷ്യൽ ആക്ഷൻ" മാസിക. രാഷ്ട്രീയരംഗത്തും, തൊഴിൽരംഗത്തും, സാമ്പത്തികരംഗത്തും ഉദയംചെയ്യുന്ന കഴിഞ്ഞ പ്രശ്നങ്ങളെ ശരിയായ സാമൂഹികസിദ്ധാന്തങ്ങൾക്കനുസരിച്ചു വിചിന്തനംചെയ്തു നേരായ പ്രവർത്തനമാർഗ്ഗം പൊതുജനങ്ങൾക്കു കാണിച്ചുകൊടുക്കുന്നതിൽ അതിവിദഗ്ദ്ധമായ ഒരു സേവനമാണ് ഈ മാസിക നിർവ്വഹിച്ചുപോരുന്നതു്. ഇംഗ്ലീഷ് ഭാഷാഭിജ്ഞന്മാരും സാമൂഹികപ്രശ്നങ്ങളിൽ ഉൽസുകരുമായ ഏവരും ഈ പ്രസിദ്ധീകരണത്തെ വിലമതിക്കാതിരിക്കുകയില്ല എന്നാണ് ഞങ്ങളുടെ ബോദ്ധ്യം. പ്രസിദ്ധീകരണത്തെപ്പററിയുള്ള ഒരു വിജ്ഞാപനം ഞങ്ങൾ അന്യത്ര ചേർത്തിരിക്കുന്നതിലേക്കു ഏവരുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

14 വ്യാ: വി. വലന്തീനോസ്
15 വെ: വി. പത്രോസ് തോമ്മാ
16 ശ: വി. യോഹന്നാൻ ബ്രിട്ടോ
17 ഞാ: 70-ാം ഞായർ
18 തി: വി. ശെമഓൻ
19 ചൊ: ന. ക. പ്രാർത്ഥന
20 ബു: വി. സ്റ്റ്ളാലാസ്ലിക്കാ


## "രക്ഷാമാർഗ്ഗം"

ചികിത്സിച്ച് ചികിത്സിച്ച് നിരാശരായി തീർന്നിട്ടുള്ളവർക്ക് രക്ഷാമാർഗ്ഗം കാണിച്ചുകൊടുത്തുകൊണ്ടിരിക്കുന്ന

സാക്ഷാൽ "കാളൻ"

സ്ഥാപനത്തിലേക്കുള്ള രോഗവിവരക്കത്തുകളും മററും അയക്കേണ്ട വിലാസം:

കാളൻ,
നെല്ലായി (S India)


(10-ാംപേജ് തുടർച്ച)

76. ചോ: ശത്രുവിനെ സ്നേഹിക്കുവാൻ മിശിഹാ നമ്മെ പഠിപ്പിക്കുന്നു. പിന്നെ എന്തുകൊണ്ടാണ് സഭ വിശ്വാസികളോട്, കമ്മ്യൂണിസത്തെ എതിർക്കുവാൻ ആവശ്യപ്പെടുന്നതു്?

പി. ജെ. എം. പാലാ

ഉ: ഒരു കമ്മ്യൂണിസ്റ്റ്കാരൻ കമ്മ്യൂണിസ്റ്റ് പ്ലാററുഫോമിൽനിന്നും ചോദിച്ചതാണ് ഈ ചോദ്യമെന്നും, അവിടെ കൂടിയിരുന്നവർ ആരും ഈ ചോദ്യത്തിനു മറുപടി നൽകിയില്ലെന്നുംകൂടി ചോദ്യകർത്താവു് എഴുതുന്നുണ്ട്. ആ പ്രത്യേകകമ്മ്യൂണിസ്റ്റുകാരനോട് മറുപടി പറഞ്ഞതുകൊണ്ടു പ്രയോജനമില്ലെന്നു കരുതിയോ, യോഗമര്യാദയെ പുരസ്കരിച്ചോ ആയിരിക്കണം അപ്പോൾ ആരും മറുപടി പറയാതിരുന്നതു്. മോരും മുതിരയുംപോലെയുള്ള രണ്ടു സംഗതികളാണ് ആ കമ്മ്യൂണിസ്റ്റുകാരൻ തന്റെ ചോദ്യത്തിൽ കൂട്ടിക്കുഴച്ചിരിക്കുന്നതു്.

"നിങ്ങളുടെ ശത്രുക്കളെ നിങ്ങൾ സ്നേഹിക്കുവിൻ. നിങ്ങളെ ശപിക്കുന്നവനെ നിങ്ങൾ അനുഗ്രഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നിങ്ങൾ നന്മ ചെയ്യുവിൻ" (മത്താ: V 44) എന്നു ക്രിസ്തു അരുളിച്ചെയ്തിട്ടുണ്ടെന്നുള്ളതു ശരിതന്നെ. ആ ക്രിസ്തു തന്നെയാണ് "ദൈവത്തേയും മാമോനേയും സേവിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്താ: VI 24); "കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങളുടെ അടുക്കൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. എന്തുകൊണ്ടെന്നാൽ അകമേ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു." (മത്താ: VII 15); "നിന്റെ വലതുകൈ നിനക്കു ഇടർച്ചവരുത്തുന്നുവെങ്കിൽ നീ അതു നിന്നിൽനിന്നു വെട്ടി എറിഞ്ഞുകളയുക. എന്തുകൊണ്ടെന്നാൽ നിന്റെ ശരീരം മുഴുവൻ നരകത്തിൽ വീഴുന്നതിനേക്കാൾ, നിന്റെ അവയവങ്ങളിൽ ഒന്നു നശിച്ചുപോകുന്നതു നിനക്കു നല്ലതാകുന്നു" (മത്താ: V 30); എന്നും ഉപദേശിച്ചിരിക്കുന്നതു്.

വീണ്ടും "ശത്രുവിനെ സ്നേഹിക്കുക" എന്നാണ്, ശത്രുതയെ സ്നേഹിക്കുകയെന്നല്ലാ ക്രിസ്തു പഠിപ്പിച്ചിരിക്കുന്നതു്. നാം ശത്രുവിനെ സ്നേഹിക്കുന്നതോടുകൂടി ശത്രുത ഇല്ലാതാകുന്നു; ശത്രുതയെ വെറുക്കുന്നതോടുകൂടി ശത്രു ഇല്ലാതായിത്തീരുന്നു. കത്തോലിക്കാസഭ പഠിപ്പിക്കുന്നതു് കമ്മ്യൂണിസ്റ്റ്കാരനെ വെറുക്കുവാനല്ലാ, കമ്മ്യൂണിസത്തെ വെറുക്കുവാനാണ്. പാപിയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്ന കത്തോലിക്കാസഭയുടെ ആദർശത്തിനു് അനുരൂപമാണിതു്. കമ്മ്യൂണിസം സ്വീകരിച്ചിരിക്കുന്ന വ്യക്തിയെ അല്ലാ, ആ വ്യക്തി സ്വീകരിച്ചിരിക്കുന്ന കമ്മ്യൂണിസത്തെയാണ് സഭ വെറുക്കുന്നതു്. ഈ വ്യത്യാസത്തെ ഗോപനം ചെയ്യുവാനാണ് പ്രസ്തുത ചോദ്യം ചോദിച്ച കമ്മ്യൂണിസ്റ്റുകാരൻ ശ്രമിക്കുന്നതു്.

സഭ മോഷണത്തെ വെറുക്കുന്നു; വ്യഭിചാരത്തെ വെറുക്കുന്നു; കൊലപാതകത്തെ വെറുക്കുന്നു; കമ്മ്യൂണിസത്തെ വെറുക്കുന്നു. ഇവയൊന്നും ശത്രുവിനെ സ്നേഹിക്കുകയെന്ന പ്രമാണത്തിനു് എതിരല്ല. കമ്മ്യൂണിസത്തെപ്പററിയുള്ള സഭയുടെ പഠനം 1949 ജൂലൈ 1-ാം തീയതിയിലെ "ഹോളി ഓഫീസ്" തിരുസംഘത്തിന്റെ ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്:

(1) കമ്മ്യൂണിസ്റ്റുപാർട്ടികളിൽ ചേരുന്നതോ, അവയെ അനുകൂലിക്കുന്നതോ നിയമാനുസൃതമായിട്ടുള്ളതല്ല.

(2) കമ്മ്യൂണിസ്റ്റ്സിദ്ധാന്തങ്ങളേയോ പ്രവൃത്തികളേയോ പ്രോത്സാഹിപ്പിക്കുന്ന പുസ്തകങ്ങളും, പ്രസിദ്ധീകരണങ്ങളും വർത്തമാനപ്പത്രങ്ങളും നോട്ടീസുകളും പ്രസിദ്ധപ്പെടുത്തുകയോ, പ്രചരിപ്പിക്കുകയോ, വായിക്കുകയോ, അവയിൽ എഴുതുകയോ ചെയ്യുന്നതു നിയമാനുസൃതമായിട്ടുള്ളതല്ല.

(3) മുകളിൽപ്പറഞ്ഞവയിൽ അറിഞ്ഞുകൊണ്ടും സ്വേച്ഛാനുസരണവും എന്തെങ്കിലും ചെയ്യുന്ന കത്തോലിക്കർക്കു കൂദാശകൾ നൽകപ്പെടുന്നതല്ല.

(4) കമ്മ്യൂണിസ്റ്റ്കാരുടെ ഭൗതികാത്മകവും ക്രൈസ്തവവിരുദ്ധവുമായ സിദ്ധാന്തങ്ങളെ വിശ്വസിക്കുകയും, അതിലേറെ ആ സിദ്ധാന്തങ്ങളെ സാധൂകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന കത്തോലിക്കർ അതിനാൽതന്നെ മഹറോൻശിക്ഷയിൽ ഉൾപ്പെടുന്നതാണ്.

ഈ ശാസനം, ദൈവത്തേയും മാമോനേയും ഒരേസമയം സേവിക്കുവാൻ സാദ്ധ്യമല്ലെന്നുള്ള ക്രിസ്തുവിന്റെ താക്കീതാണ് നമ്മെ അനുസ്മരിപ്പിക്കുന്നതു്. വ്യക്തിയേയല്ലാ, വ്യക്തിയുടെ ആദർശത്തെയാണ് സഭ എതിർക്കുന്നതു്.

# വിവിധവൃത്താന്തങ്ങൾ

## ഒന്നാം സമ്മാനം വൈദികനു്

റേഡിയോവാരം പ്രമാണിച്ചു അഖിലേന്ത്യാ റേഡിയോ നടത്തിയ പ്രസംഗമത്സരത്തിൽ ഒന്നാം സമ്മാനമായ 100ക യുടെ ഗ്രന്ഥങ്ങൾ നാഗപ്പൂർ സർവ്വകലാശാലയിലെ ഫാദർ വിക്ടർ റോച്ചായ്ക്കു ലഭിച്ചിരിക്കുന്നു. രണ്ടാംസമ്മാനം ഓസ്മാനിയാ സർവ്വകലാശാലയിലെ ശ്രീ സി കെ തിരുമലയ്ക്കും, മൂന്നാം സമ്മാനം പാട്നാ സർവ്വകലാശാലയിലെ ശ്രീ രാമസ്വാമി മണിക്കം ലഭിച്ചു. പ്രസംഗവിഷയം "ഉന്നതവിദ്യാഭ്യാസം മിടുക്കന്മാരായ വിദ്യാർത്ഥികൾക്കേ പാടുള്ളു" എന്നതായിരുന്നു. ഫാദർ റോച്ചാ അതിനെ എതിർത്താണു പ്രസംഗിച്ചതു്.

## മറാത്തിയിലെ ഏററം നല്ല ഗ്രന്ഥം

ശ്രീ സത്യവാൻ നാംദേവ് സൂര്യവാൻഷി എന്ന മറാത്തിസാഹിത്യകാരനാണ് ഇക്കൊല്ലവും ഏററവും നല്ല മറാത്തി ഗ്രന്ഥത്തിനുള്ള ഇൻഡ്യാഗവർമ്മെണ്ടിന്റെ 500ക സമ്മാനം ലഭിച്ചിരിക്കുന്നതു്. തുടർച്ചയായി 3-ാം കൊല്ലമാണ് അദ്ദേഹത്തിനീ സമ്മാനം ലഭിക്കുന്നതു്. 65-ൽപരം പ്രശസ്ത ഗ്രന്ഥങ്ങളുടെ കർത്താവായ ശ്രീ സത്യവാൻ മറാത്തിസാഹിത്യത്തിൽ പ്രഖ്യാതനായ ഒരു കത്തോലിക്കനാണ്.

## ഫാദർ ജീൻ ജരാർദ്ദ്

ആഫ്രിക്കയിൽ ബൊസ്റ്റോലൻഡിൽ 51 വർഷത്തോളം ഒരു മിഷ്യനറിയായി ജോലി ചെയ്തിരുന്ന ഫ്രഞ്ചു ഒബ്ളേററ് ഓഫ് മേരി ഇമ്മാക്കുലേററ് സന്യാസസഭയിൽപെട്ട ഫാദർ ജീൻ ജോസഫ് ജരാർദ്ദ് എന്ന വൈദികനെ അനുഗ്രഹീതനെന്നു പേരു വിളിക്കുന്നതിനുള്ള നടപടികൾ ത്വരിപ്പിക്കുന്നതിലേക്കു ഒരുകമ്മിററി ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. 1914ൽ- 83-ാമത്തെ വയസ്സിൽ നിര്യാതനായ അദ്ദേഹം 1863 ലാണ് ദക്ഷിണാഫ്രിക്കയിലെ ബൊസ്റ്റോലൻഡിൽ ഒരു മിഷ്യനറിയായി എത്തിയതു്. അദ്ദേഹമായിരുന്നു അവിടത്തെ ആദ്യത്തെ മിഷ്യനറി. 12,000 ചതുരശ്രമൈലുള്ള ആ സ്ഥലത്തു ഇന്നു് 130,000 കത്തോലിക്കരുണ്ട്. ഇതു ജനസംഖ്യയുടെ 23 ശതമാനത്തിലധികമാണ്.

## വധു കറുപ്പുവേഷത്തിൽ

ഇംഗ്ലണ്ടിലെ ന്യൂകാസിലിലുള്ള ഹോളി നെയിം ദേവാലയത്തിൽവെച്ചു കഴിഞ്ഞ ആഴ്ച രണ്ടു വിവാഹങ്ങൾ നടക്കുകയുണ്ടായി. ഈ വിവാഹങ്ങളുടെ ഒരു പ്രത്യേകത അവയിലെ വധുക്കൾ ദുഃഖചിഹ്നമായ കറുപ്പുവസ്ത്രങ്ങളാണു ധരിച്ചിരുന്നതെന്നതാണ്. ഈ വിവാഹങ്ങളിലെ വധൂവരന്മാർ ഹംഗേറിയൻ അഭയാർത്ഥികളായിരുന്നു. തങ്ങളുടെ നാട്ടുകാർ റഷ്യൻ മർദ്ദനത്തിനു വിധേയമായി മരണമടഞ്ഞുകൊണ്ടിരിക്കുന്നതിനെ അനുസ്മരിച്ചാണു അവർ കറുപ്പുവസ്ത്രം ധരിച്ചിരുന്നതു്. ന്യൂകാസിലിലെ ഷാപ്പുകളാണു അവർക്കുവേണ്ട വിവാഹവസ്ത്രങ്ങളും വിവാഹമോതിരങ്ങളും സമ്മാനിച്ചതു്.

## ബ്രി. ജനതയെപ്പററി

ബ്രിട്ടീഷ് വിദേശകാര്യ സിക്രട്ടറി മി. സെൽവിൻ ലോയിഡ് വത്തിക്കാനിലെത്തി മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ച അവസരത്തിൽ, പൊതുനന്മയ്ക്കുവേണ്ടിയുള്ള ആഹ്വാനമുണ്ടാകുമ്പോൾ ബ്രിട്ടീഷ് ജനത പ്രദർശിപ്പിക്കാറുള്ള ധീരതയേയും ത്യാഗത്തേയും തിരുമേനി അഭിനന്ദിച്ചിരിക്കുന്നു. വത്തിക്കാനും ബ്രിട്ടീഷ്ഗവമ്മെന്റും തമ്മിലുള്ള ആത്മാർത്ഥമായ ബന്ധത്തെ തിരുമേനിഅനുസ്മരിക്കുകയും, "അതു നമുക്കു വളരെനാളായി ഒരു സമാശ്വാസകാരണമായിരിക്കുന്നു"വെന്നു പ്രസ്താ

വീക്ഷകയും ചെയ്തു. ബ്രിട്ടീഷ് ജനതയുടെ മഹനീയമായ ശിക്ഷണബോധത്തെയും. ഐക്യമനോഭാവത്തെയും തിരുമേനി അഭിനന്ദിക്കുകയുണ്ടായി.

## ബ്രിട്ടനിലെ കത്തോലിക്ക മന്ത്രി

മി. ഹാരോൾഡ് മാക്മില്ലൻ ഈയിടെ രൂപീകരിച്ച മന്ത്രിസഭയിൽ കൊളോണിയൽ മന്ത്രിയായി നിയമിതനായിരിക്കുന്ന 49 വയസ്സുള്ള പെർത്ത് പ്രഭു, യുദ്ധത്തിനുശേഷംയാഥാസ്ഥിതികകക്ഷിയിൽനിന്നു മന്ത്രിയാകുന്ന ആദ്യത്തെ കത്തോലിക്കനാണ്. (പാക്കൻഹാം പ്രഭു. മി. റിച്ചാർഡ് സ്റ്റോക്സ് മുതലായവർ തൊഴിലാളിക്കക്ഷിയിൽനിന്നു മന്ത്രിമാരായവരാണ്.) പെർത്തുപ്രഭുവിന്റെ നിയമനത്തിലുള്ള ഒരു പ്രത്യേകത, സൂയസ്പ്രശ്നത്തിൽ അദ്ദേഹം യാഥാസ്ഥിതികനയത്തിനു എതിരായി വോട്ടുചെയ്തയാളാണെന്നുള്ളതാണ്. 1919 മുതൽ 1933 വരെ സർവ്വരാജ്യസഖ്യം സിക്രട്ടറി ജനറലും അനന്തരം റോമയിലെ ബ്രിട്ടീഷ് സ്ഥാനപതിയുമായിരുന്ന 16-ാമത്തെ പെർത്തു പ്രഭുവിന്റെ ഏകപുത്രനായ ഇദ്ദേഹം 1951 വരെ സ്റ്റ്റാത്താലൻ പ്രഭു എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 1951-ൽ പിതാവു മരിച്ചപ്പോൾ 17-ാമത്തെ പെർത്തു പ്രഭുവായി. 16-ാമത്തെ പെർത്തുപ്രഭു 1903 ലാണ് കത്തോലിക്കാസഭയിൽ പ്രവേശിച്ചത്.

## ഫിലിം കോൺഗ്രസ്

ഇന്റർനാഷനൽ കാത്തലിക് ഫിലിം ഓഫീസിന്റെ (ഐ. സി. എഫ്. ഒ.) സർവരാജ്യസമ്മേളനം ഹാവനായിൽവെച്ചു നടന്നിരിക്കുന്നു ഫിലിംസ്, ടെലിവിഷൻ, റേഡിയോ സംബന്ധിച്ച പോണ്ടിഫിക്കൽ കമ്മീഷന്റെ അസി. സിക്രട്ടറിയായ ഫാദർ ആൻഡ്റി ഡെസ്സൂർ, തിരുസിംഹാസനത്തിന്റെ പ്രതിനിധിയായി ഈ കോൺഗ്രസിൽ സംബന്ധിച്ചിരുന്നു. "ചലച്ചിത്രസംസ്കാരത്തെപ്പററി പഠിക്കുന്നതിനു നിയുക്തമായ ഗ്രൂപ്പുകൾ വഴി നല്ല ചലച്ചിത്രങ്ങളെ പ്രോത്സാഹിപ്പിക്കുക" യെന്നതായിരുന്നു കോൺഗ്രസിലെ ചർച്ചാവിഷയം. ഐ. സി. എഫ്. ഒ. യുടെ പ്രസിഡൻറായ മോൺ: ജീൻ ബെർനാർഡിനു മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അയച്ച ഒരു സന്ദേശത്തിൽ, കത്തോലിക്കർ ചലച്ചിത്രങ്ങളുടെ ധാർമ്മികനിലവാരം കണക്കാക്കുന്നതു പുറമേനിന്നുള്ള ഒരു സെൻസറിങ്ങ് ആയിട്ടല്ലെന്നും, സുശിക്ഷിതരായ കത്തോലിക്കരുടെ ബോധ്യത്തിന്റെ ഒരു അവിഭാജ്യാംശമായിട്ടാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

## നോർഫക്കു പ്രഭുവിനു നഷ്ടപരിഹാരം

ഇംഗ്ലണ്ടിലെ ഒന്നാമത്തെ ഡ്യൂക്കും, പ്രമുഖ കത്തോലിക്ക അൽമായനുമായ നോർഫക്കു പ്രഭു ഈയിടെ വത്തിക്കാനിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയുണ്ടായി. ഇംഗ്ലണ്ടിലെ ഡെയിലി സ്കെച്ച് എന്ന പത്രം ഇവാർത്ത പ്രസിദ്ധപ്പെടുത്തിയപ്പോൾ, തന്റെ വിവാഹമോചനത്തിനുവേണ്ടിയാണ് പ്രഭു മാർപ്പാപ്പായെ സന്ദർശിച്ചതെന്നു പ്രസ്താവിച്ചിരുന്നു. അപകീർത്തികരമായ ഈ വാർത്ത പ്രസിദ്ധം ചെയ്തതിനു "വളരെ ഗണ്യമായ ഒരു സംഖ്യ" നഷ്ടപരിഹാരം നൽകാമെന്നു ഡെയിലി സ്കെച്ച് സമ്മതിച്ചിരിക്കുന്നു. ഈ സംഖ്യ ബ്രിട്ടനിലെ പല പരോപകാരസ്ഥാപനങ്ങൾക്കുമായി വീതിച്ചുകൊടുക്കുന്നതാണ്.



For special favours received

by Mrs. Manik Thekinedath
N. Parur

## കന്യാസ്ത്രീയുടെ വിമാനയാത്ര

ഡക്കായിലെ ഹോളിഫാമിലി ആശുപത്രിയിലെ സിസ്റ്റർ എം. ബനാനവെഞ്ചർ എന്ന കന്യാസ്ത്രീ, ജെയിംസ് കോവൻ എന്ന 18 ദിവസം പ്രായമുള്ള ഒരു കുട്ടിയുമായി ലണ്ടനിൽനിന്നു വിമാനമാർഗ്ഗം ഡക്കായിൽ തിരിച്ചെത്തിയിരിക്കുന്നു. ഡക്കായിൽ ജാതമായ ഈ കുട്ടിയെ, 6-ാം ദിവസം, ഈ സിസ്റ്റർതന്നെയാണ് വിമാനമാർഗ്ഗം ലണ്ടനിൽ കൊണ്ടുവന്നത്. കുട്ടിയുടെ ഉദരത്തിൽ ഒരു ശസ്ത്രക്രിയ നടത്തുന്നതിനു ആവശ്യമായ ഉപകരണങ്ങൾ ലണ്ടനിലെ ഗ്രേറ്റ് ഓർമോണ്ട് സ്ട്രീറ്റ് ശിശുആസ്പത്രിയിൽ മാത്രമേ ഉള്ളൂ. ശസ്ത്രക്രിയ വിജയിക്കുകയും കുട്ടി ഇപ്പോൾ സുഖമായിരിക്കുകയും ചെയ്യുന്നു. ഈ കന്യാസ്ത്രീ ഉൾപ്പെടുന്ന ഓസ്റ്റർലി മെഡിക്കൽ സിസ്റ്റേഴ്സ് നടത്തുന്ന ആസ്പത്രിയിൽവച്ചാണ് ഈ കുട്ടി ജനിച്ചത്.

## കമ്മ്യൂണിസ്റ്റ് പരാജയം

ഹംഗറിയിലെ സോവ്യററ് ആക്രമണത്തിൽ ഇററാലിയൻ തൊഴിലാളികൾക്കുള്ള എതിർപ്പ് അടുത്തുനടന്ന മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിൽ പ്രകടമായിരുന്നു. ഗോറിസിയാ, വാൽഡ്ഓസ്റ്റേ, ട്രിനോ ഈ പ്രവിശ്യകളിൽ കമ്മ്യൂണിസ്റ്റുകാർ ദയനീയമായി പരാജയപ്പെട്ടു. ടൂറിനിലെ ഏററവും വലിയ ഫാക്ടറിയിൽ, കമ്മ്യൂണിസ്റ്റാധീനത്തിലുള്ള ഇററാലിയൻ ജനറൽ കോൺഫെഡറേഷനു കഴിഞ്ഞ 11 കൊല്ലമായി ഉണ്ടായിരുന്ന മേധാവിത്വം നഷ്ടപ്പെട്ടിരിക്കുന്നു. മിലാനിൽ കോൺഫെഡറേഷനിലെ 7000 അംഗങ്ങൾ യൂണിയൻ മെമ്പർസ്ഥാനം രാജിവച്ചു.

## നിര്യാതയായ



**ത്രസ്യാമ്മ വറുഗീസ്**
മണ്ണിപ്പറമ്പിൽ
കാഞ്ഞിരപ്പള്ളി

കുരിശുംമൂട്ടിലായ മണ്ണിപ്പറമ്പിൽ വർഗീസ് ദുമ്മിനിയുടെ മാതാവ് ശ്രീമതി ത്രസ്യാമ്മ വർഗീസ് 91-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു ഫെബ്രുവരി 4-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം അഞ്ചുമണിക്ക് അനേകം വൈദികരുടെയും, ജനങ്ങളുടെയും സാന്നിധ്യത്തിൽ പരേതയുടെ ഭർത്തൃസഹോദരീപുത്രൻ ഫാദർ ഈപ്പൻ അയലൂപ്പറമ്പിൽ (S. B. കോളേജ് വൈസ്പ്രിൻസിപ്പൽ) അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ കാഞ്ഞിരപ്പള്ളി ഫൊറോനാപ്പള്ളി സിമിത്തേരിയിൽ നേരത്തെ തയ്യാർ ചെയ്തിരുന്ന കല്ലറയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. ആന്ധ്രാ ലയോളാ കോളേജ് പ്രൊഫസർ ഫാദർ എം. ഡി. വർക്കി എസ്. ജെ., കാഞ്ഞിരപ്പള്ളി കർമ്മലീത്താമഠം ശ്രേഷ്ഠത്തി മദർ കാർമ്മൽ, എറണാകുളം സെൻറ് തെരേസാസ കോളേജിലെ സിസ്റ്റർ സെറാഫിയാ, സിസ്റ്റർ ഇമ്മാക്കുലേററ് എന്നിവർ പരേതയുടെ ഏകസന്താനമായ ശ്രീ വർഗ്ഗീസ് ദുമ്മിനിയുടെ മക്കളാണ്.

R. I. P.

## മെക്സിക്കൻ തീർത്ഥയാത്ര

മെക്സിക്കോയിലെ ടൊലൂക്കാരൂപതയിൽപ്പെട്ട 60,000 തീർത്ഥകർ ഗ്വാഡലൂപ്പുമാതാവിന്റെ ദേവാലയത്തിലേക്കു കാൽനടയായ ഒരു തീർത്ഥയാത്ര നടത്തിയിരിക്കുന്നു. ഇതിലേക്കു അവർ മൂന്നുദിവസം നടക്കേണ്ടിയിരുന്നു. യാത്രാമദ്ധ്യേ രാവിലെയും വൈകുന്നേരവും വഴിയരികിൽ തീർത്ഥകർക്കായി പ്രത്യേകആരാധനകൾ നടത്തുകയുണ്ടായി. ഗ്വാഡലൂപ്പബെസ്ലിക്കായിൽ വച്ചു തീർത്ഥകരെ ഉദ്ദേശിച്ചു മാർട്ടിനെസ് മെത്രാൻ ദിവ്യപൂജ സമർപ്പിക്കുകയുണ്ടായി.




C.K. PAUL & Co.
JEWELLERS
ERNAKULAM.

## ചരമവാർത്ത

നെടിയശാല: മീനച്ചിൽ കുറുംതോട്ടത്തിൽ ഔസേപ്പ് വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 104-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. കഴിഞ്ഞ 60-ൽ പരം വർഷങ്ങളായി മുങ്കം, തെനങ്കുന്നു, കോലാനി, നെടിയശാല മുതലായ സ്ഥലങ്ങളിൽ പിഞ്ചുകുഞ്ഞുങ്ങളെ നിലത്തെഴുത്തു പഠിപ്പിക്കുന്ന ഒരു ആശാനായിരുന്നു ഇദ്ദേഹം. ജന്മനാ ഒരു ഹിന്ദുവായിരുന്ന ഇദ്ദേഹം 35-ാമത്തെ വയസ്സിലായിരുന്നു ക്രിസ്തുമതം സ്വീകരിച്ചതു്. ശിഷ്യഗണങ്ങളായ അഞ്ഞൂറോളം ആളുകളുടെ സാന്നിദ്ധ്യത്തിൽ ശവസംസ്കാരകർമ്മം നടത്തപ്പെട്ടു. ഇദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം പ്രാർത്ഥിപ്പാറാകണം.

R. I. P.

## Thanksgiving



For favours received
A firm believer

## വിദേശവാർത്തകൾ

ഇററലിയിലെ പ്രസിദ്ധ ഭിഷഗ്വരനായ പ്രൊഫസർ അന്റോണിയോ ഗാസ്ബാറിനി ഈയിടെ പരിശുദ്ധ പിതാവിനെ പരിശോധിക്കുകയും തിരുമനസ്സിലെ ആരോഗ്യം തൃപ്തികരമാണെന്നു പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു.

—ഇററലിയിലെ ക്രിസ്ത്യൻതൊഴിലാളികൾക്കുവേണ്ടിയുള്ള സംഘടന ആസ്ത്രിയായിൽ അതിർത്തിയിൽ ഹംഗറിക്കു് അഭിമുഖമായി ഒരു വലിയ ക്രൂശിതരൂപം സ്ഥാപിച്ചിരിക്കുന്നു. ഹംഗേറിയൻതൊഴിലാളികളോടുള്ള തങ്ങളുടെ ഐക്യഭാവത്തിന്റെ ഒരു ശാശ്വതസ്മാരകമായിട്ടാണ് അവർ ഇതുദ്ദേശിച്ചിരിക്കുന്നതു്.

—ചൈനായിൽ ഷാൻസിപ്രൊവിൻസിലെ ഫ്റാൻസിസ്കൻമിഷന്റെ സുപ്പീരിയർ ആയ ഫാദർ ഹമിലിസ്യാങ്ങ്, നെയാൻഫുമിഷനിൽപ്പെട്ട ഫാദർ ജോൺ ബാപ്റ്റിസ്റ്റ്ഹാ എന്നിവരെ കമ്മ്യൂണിസ്റ്റധികാരികൾ അറസ്റ്റ് ചെയ്തിരിക്കുന്നു.

—പലസ്തീനായിലെ ദലഗാദപ്പസ്തോലിക്കയായ മോൺ: സിൽവിയാ ഒഡിയെ ഈജിപ്തിലെ പേപ്പൽ ഇന്റർനൺഷിയോയായി നിയമിച്ചിരിക്കുന്നു.

—അർജൻറയിനിലെ ഒരു കണക്കദ്ധ്യാപകനായ ഡോക്ടർ ജുവാൻ വാസ്ക്വസിനെ, അന്താരാഷ്ട്രീയ കത്തോലിക്കാ യുവജനഫെഡറേഷന്റെ പ്രസിഡൻറായി തിരഞ്ഞെടുത്തിരിക്കുന്നു. പെറോണിന്റെ മർദ്ദനഭരണകാലത്തു സ്വന്ത മതവിശ്വാസത്തിനുവേണ്ടി വളരെയധികം പീഡനങ്ങൾ സഹിച്ചിട്ടുള്ള ഒരാളാണ് ഡോക്ടർ വാസ്ക്വസ്.

—25000 കിലോവാട്ടുവരെയുള്ള അണു-വിദ്യുച്ഛക്തിയുല്പാദനയന്ത്രങ്ങൾ നിർമ്മിച്ചുകൊടുക്കാമെന്നു് ബ്രിട്ടനിലെ ഹംഫ്റിസ് ആൻറ് ഗ്ലാസ്ഗോ കമ്പനിക്കാർ പ്രസ്താവിക്കുന്നു.

—മദ്ധ്യധരണ്യാഴിയിൽ ഇസ്റ്റാറിനുസമീപംവച്ചു ഒരു ടർക്കിഷ് ചരക്കുകപ്പലും അമേരിക്കൻ ചരക്കുകപ്പലും തമ്മിൽ കൂട്ടിമുട്ടി 6041 ടൺ കേവുഭാരമുള്ള ടർക്കിഷ്കപ്പൽ കടലിൽ താണിരിക്കുന്നു.

—പശ്ചിമജർമ്മൻ ചാൻസലർ ഡോക്ടർ അഡനോവർ ഈ വസന്തകാലത്തു പേർഷ്യാ സന്ദർശിക്കുന്നതാണ്.

—ഇംഗ്ലണ്ടിലെ പോളിഷ് അഭയാർത്ഥികൾ ധനശേഖരംചെയ്തു് ഒരു കാർവാങ്ങി പോളണ്ടിലെ കർദ്ദിനാൾ വിഷിൻസ്കി തിരുമേനിക്കു സമ്മാനിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.


—പോളണ്ടിലെ സ്റ്റാലിനിസ്റ്റ് ഭരണക്കാലത്തു് വധിക്കപ്പെട്ട പോളണ്ടിലെ സൈനികോദ്യോഗസ്ഥന്മാർക്കുവേണ്ടി ലണ്ടനിലെ ബ്രോംപ്ടൺ ഓററ്ററിയിൽവച്ചു് ദിവ്യപൂജ നടത്തപ്പെട്ടിരിക്കുന്നു.

—o—

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താലും വാ. മാർട്ടിൻ ഡി. പോറസ്സിന്റെ മദ്ധ്യസ്ഥതാലും എന്റെ സുഖക്കേട് മാറിയതിനും കാണാതെപോയ മകൻ തിരിച്ചുവന്നതിനും കൃതജ്ഞത.

മിസ്സസ് മറിയാമ്മ മുണ്ടയ്ക്കൽ,
കോതമംഗലം



# ഹംഗറി ഇവിടെ ആവർത്തിക്കും

## കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് വോട്ടുകൊടുത്താൽ

(മി. മാത്യു ഉലകംതറ ബി. എ.)

"ഇത്രയുംകാലം കോൺഗ്രസ്സ്കാർ ഭരിച്ചില്ലേ? ഇനി കമ്മ്യൂണിസ്റ്റ്കാരൊന്നു ഭരിച്ചുനോക്കട്ടെ. അവരുടെ ഭരണം മോശമാണെങ്കിൽ പിന്നീടുവരുന്ന തെരഞ്ഞെടുപ്പിൽ നമുക്കവരേയും മാററാമല്ലോ." ഇങ്ങനെ പറയുന്ന ആളുകൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ടു്. എന്നാൽ ഈയിടെ കമ്മ്യൂണിസ്റ്റ്കാർക്കയച്ച ഒരു തുറന്ന കത്തിൽ ജയപ്രകാശ് ചൂണ്ടിക്കാണിച്ചതുപോലെ ഒരിക്കൽ അധികാരത്തിൽ കയറിക്കഴിഞ്ഞാൽ കമ്മ്യൂണിസ്റ്റുകാർ പിന്നെ ജനാഭിപ്രായത്തെ മാനിക്കാറില്ല. മററു പാർട്ടികളെയെല്ലാം നിയമവിരുദ്ധമാക്കുകയും സ്വാതന്ത്ര്യതെരഞ്ഞെടുപ്പുസമ്പ്രദായം നിർത്തലാക്കിക്കളയുകയുംചെയ്യും. പിന്നീടു് അവരുടെ കൈയിൽനിന്നു് അധികാരം പിടിച്ചെടുക്കുക അത്ര എളുപ്പമല്ല. ഒരിക്കൽ കമ്മ്യൂണിസ്റ്റ്പിടിയിലകപ്പെട്ടുപോയ പൂർവ്വജർമ്മനി, പോളണ്ടു്, ഹംഗറി തുടങ്ങിയ രാജ്യങ്ങളിലുണ്ടായ വിമോചനസമരങ്ങൾ ഇതിനൊന്നാംതരം തെളിവാണു്.

### ഹംഗറിയിൽ വിപ്ലവം തുടങ്ങുന്നു

ഹംഗറിയിൽ കാവൽനിർത്തിയിരുന്ന റഷ്യൻഭടന്മാരെ പുറത്താക്കുന്നതിനും റഷ്യൻമേധാവിത്വം അവസാനിപ്പിക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ടു് ഒക്ടോബർ മാസാവസാനത്തിൽ ഹംഗറിയുടെ തലസ്ഥാനമായ ബുഡാപ്പെസ്റ്റിൽ ജനങ്ങൾ പ്രകടനമാരംഭിച്ചു. ഈ പ്രകടനക്കാരിൽ കമ്മ്യൂണിസ്റ്റ്കാരല്ലാത്തവർ മാത്രമല്ല, ദേശീയസ്വാതന്ത്ര്യമഭിലഷിക്കുന്ന കമ്മ്യൂണിസ്റ്റ്കാരുമുണ്ടായിരുന്നു. ഭരണം നടത്തിയിരുന്ന കമ്മ്യൂണിസ്റ്റ്പ്രധാനമന്ത്രി ഇമ്രിനാഗിയുടെ ധാർമ്മികമായ പിന്തുണയോടുകൂടിയാണു് അവർ പ്രകടനം ആരംഭിച്ചതു്. നഗരത്തിന്റെ പ്രധാനഭാഗത്തു് പ്രതിഷ്ഠിച്ചിരുന്ന ഭീമാകാരമായ സ്റ്റാലിന്റെ പ്രതിമയെ അവർ മറിച്ചിട്ടു് തെരുവിലൂടെ വലിക്കുകയും തല്ലിത്തകർക്കുകയുംചെയ്തു. ഒക്ടോബർ 23-ാം തീയതിയാണു് ഈ സംഭവം നടന്നതു്. അതേത്തുടർന്നുണ്ടായ വെടിവെപ്പിൽ നൂറുകണക്കിനു വിപ്ലവകാരികൾ മൃതിയടഞ്ഞു. ബുഡാപ്പെസ്റ്റിൽ പട്ടാളനിയമം പ്രഖ്യാപിക്കപ്പെട്ടു. തൊഴിലാളികൾ കൂട്ടംകൂട്ടമായി പണിമുടക്കുകയും റഷ്യൻചെങ്കൊടി കത്തിച്ചുകളയുകയുമുണ്ടായി.

### റഷ്യ അടവുമാററുന്നു

സ്ഥിതിഗതികൾ ഇങ്ങനെ നിയന്ത്രണാതീതമായപ്പോൾ റഷ്യ വേറൊരടവെടുത്തു. സോവ്യററുസേനകളെ പിൻവലിക്കാമെന്നും രഹസ്യപ്പോലീസിനെ പിരിച്ചുവിടാമെന്നും അവർ വിളംബരം ചെയ്തു. സ്വാതന്ത്ര്യതെരഞ്ഞെടുപ്പു നടത്തുന്നതിനും കൂട്ടമന്ത്രിസഭ രൂപീകരിക്കുന്നതിനും അനുമതി നൽകപ്പെട്ടു. ഈ പ്രഖ്യാപനമുണ്ടായതു് ഒക്ടോബർ 30-ാം തീയതിയാണു്. നവമ്പർ 1-ാം തീയതി നാം കേരളപ്പിറവിയാഘോഷിക്കുമ്പോൾ, തങ്ങൾക്കു സ്വാതന്ത്ര്യം കിട്ടിയെന്നു് ഹംഗറിയിലെ ജനങ്ങളും വ്യാമോഹിച്ചുപോയി. ഇമ്രിനാഗിയുടെ ഗവമ്മെൻറു് വാഴ്സാ ഉടമ്പടി നിരാകരിക്കുകയും ആ ഉടമ്പടിപ്രകാരം ഹംഗറിയിൽ നിറുത്തിയിരുന്ന റഷ്യൻസൈന്യത്തെ പിൻവലിക്കണമെന്നു റഷ്യയോടാവശ്യപ്പെടുകയുമുണ്ടായി. വാഴ്സാഉടമ്പടിയനുസരിച്ചു് വിദേശീയാക്രമണമുണ്ടാകുമ്പോൾ സഹായിക്കുന്നതിനായി ഹംഗറിയിലും ഒരു സൈന്യത്തെ റഷ്യ താമസിപ്പിച്ചിരുന്നു. ആ സൈന്യത്തിനു് ഹംഗറിയുടെ ആഭ്യന്തരകാര്യങ്ങളിലിടപെടുന്നതിനു് അവകാശമുണ്ടായിരുന്നില്ല. ഹംഗറിയിലെ പരമാധികാരമുള്ള ഗവമ്മെൻറു് ആ ഉടമ്പടി നിരാകരിക്കുകയും സോവ്യററുസൈന്യസഹായം മേലിലാവശ്യമില്ലെന്നറിയിക്കുകയും ചെയ്താൽ അവിടെ പിന്നെ റഷ്യക്കു യാതൊരു കാര്യവുമില്ലല്ലോ. പക്ഷെ റഷ്യയുടെ ഇരുമ്പുമുഷ്ടി ഹംഗറിയെ അങ്ങനെ വിട്ടയച്ചില്ല.

For Favours Received And Still Receiving



Excuse Delay

Inserted By M. V. Pathrose, N. E. S. Block, Phanda Bhopal State

### വീണ്ടും ഭയങ്കരമായ ആക്രമണം

നവമ്പർ 4-ാംനു യാതൊരു മുന്നറിവും കൂടാതെ റഷ്യൻസേന ബുഡാപ്പെസ്റ്റിൽ പ്രവേശിച്ചു് ഹംഗേറിയൻഗവമ്മെൻറു് തങ്ങൾക്കു കീഴടങ്ങണമെന്നു് അന്ത്യശാസനംനൽകി. ബുഡാപ്പെസ്റ്റിൽ താമസിച്ചിരുന്ന രണ്ടു ഡിവിഷനുകൾക്കു പുറമെ 22 ഡിവിഷൻ റഷ്യൻസൈന്യങ്ങളാണു് ഭരിക്കുന്ന ഗവമ്മെൻറിന്റെ അനുമതി കൂടാതെ അകത്തു കടന്നതു്. പ്രസ്തുതസേന പാർലമെൻറുമന്ദിരം വളയുകയും പ്രധാനമന്ത്രി ഇമ്രിനാഗിയേയും കൂട്ടരേയും അറസ്റ്റ്ചെയ്യുകയുംചെയ്തു. നാഗിഗവമ്മെൻറിനെ ബലംപ്രയോഗിച്ചു മാററിയശേഷം റഷ്യാക്കാർ അവർക്കിഷ്ടമുള്ള ഒരു ഗവമ്മെൻറു രൂപീകരിച്ചു് ജാനോസ് കാദറിനെ പ്രധാനമന്ത്രിയാക്കി.

### ധീരരായ ജനങ്ങൾ

ഹംഗറിയിലെ ജനങ്ങൾ ഇതുകൊണ്ടൊന്നും അടങ്ങിയില്ല. റഷ്യൻടാങ്കുകളുടെനേരെ വിരിമാറും കാട്ടിക്കൊണ്ടു് അവർ യുദ്ധക്കളത്തിൽ ചാടിവീണു. "ഞങ്ങൾക്കു സ്വാതന്ത്ര്യംവേണം", "റഷ്യൻ ചെമ്പട നാടുവിട്ടുപോകണം" എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടു് അവർ തെരുവുനീളെ മരിച്ചുവീണു. ആ ശവശരീരങ്ങൾക്കു മുകളിലൂടെ റഷ്യൻ കരടികൾ മാർച്ചുചെയ്തു. അനാഥരായ സ്ത്രീകളുടേയും കുട്ടികളുടേയും ദീനരോദനം ഹംഗറിയിലെങ്ങും മാറെറാലിക്കൊണ്ടു. പീരങ്കികളുടെ ഗർജ്ജനം ഹംഗറിയുടെ അന്തരീക്ഷത്തെ ഭയവിഹ്വലമാക്കി. നവമ്പർ 11-ാംനു റെഡ്ക്രോസ്സംഘംവക ഭക്ഷണസാധനങ്ങൾ വാങ്ങുവാൻ ക്യൂനിന്നിരുന്ന ഹംഗറിയിലെ സാധുജനങ്ങളുടെനേരെ റഷ്യൻപട വെടിവയ്ക്കുകയുണ്ടായി. 5 ലക്ഷം സോവ്യററുഭടന്മാരും 5000 ടാങ്കുകളും 3000 വിമാനങ്ങളുംകൂടിയാണു് നിരായുധരായ ഹംഗേറിയൻജനതയുടെനേരെ ഈ ആക്രമണം നടത്തുന്നതെന്നോർക്കണം.

ഒരുദിവസം വിപ്ലവകാരികളുടെ ഒരു റേഡിയോ ഇങ്ങനെ വിളിച്ചുപറഞ്ഞു: "സ്വാതന്ത്ര്യലോകത്തിലെ ജനങ്ങളേ, ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ കപ്പൽ മുങ്ങുന്നു. വെളിച്ചം മറയുന്നു. എങ്കിലും ഞങ്ങൾ കീഴടങ്ങുകയില്ല. അവസാനത്തെ ഹംഗറിക്കാരൻ ജീവിക്കുന്നതുവരെ ഞങ്ങൾ പൊരുതും. അടിമത്തത്തെക്കാൾ മരണമാണു് ഞങ്ങൾ ആഗ്രഹിക്കുന്നതു്." നോക്കുക എന്തൊരു ആത്മവീര്യം! എത്രനാൾ റഷ്യയുടെ നുകം ചുമന്നു വീർപ്പുമുട്ടിയിട്ടാവണം, മരണമാണതിനേക്കാൾ നല്ലതെന്നു വിളിച്ചുപറയുവാനുള്ള ആവേശമവർക്കു ലഭിച്ചതു്.

മൂന്നാഴ്ചത്തെ നിരന്തരമർദ്ദനത്തിനുശേഷവും ജനങ്ങൾ അടങ്ങുന്നില്ലെന്നുകണ്ടു് ഹംഗറിയിലെ യുവാക്കന്മാരെ കിട്ടുന്നിടത്തോളം റഷ്യൻ വാഗണുകളിൽ പിടിച്ചടച്ചു് സൈബീരിയയിലേക്കു് നാടുകടത്താൻതുടങ്ങി. ഇതിനിടയിൽ മുൻപ്രധാനമന്ത്രി നാഗി റഷ്യൻ പിടിയിൽനിന്നു് വെളിയിൽ ചാടി യൂഗോസ്ലാവിയൻ പ്രതിനിധിമന്ദിരത്തിലഭയം പ്രാപിച്ചു.

### സ്ത്രീകളുടെ പ്രകടനം രാജ്യമാകെ പണിമുടക്കു്


ഒരു മാസം കഴിഞ്ഞിട്ടും സ്ഥിതിഗതികൾ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയാത്തതുകൊണ്ടു് കാദർ മുൻപ്രധാനമന്ത്രി നാഗിയെ സന്ധിസംഭാഷണത്തിനു വിളിച്ചു. എന്നാൽ നവംബർ 23-ാം തീയതി പാർലമെൻറു മന്ദിരത്തിൽവച്ചു് സന്ധിസംഭാഷണം നടത്തിക്കൊണ്ടിരിക്കെ റഷ്യൻ പട്ടാളം അനധികൃതമായി കടന്നുവന്നു് നാഗിയെ അറസ്റ്റ്ചെയ്തു ഏതോ അജ്ഞാതസ്ഥലത്തേക്കു് കൊണ്ടുപോയി. തങ്ങളുടെ പ്രധാനമന്ത്രിയായിരുന്ന നാഗിയെ തിരിയെ കിട്ടണമെന്നും സ്വാതന്ത്ര്യതെരഞ്ഞെടുപ്പു നടത്തണമെന്നും മററുമുള്ള ആവശ്യങ്ങൾ ഹംഗേറിയൻ തൊഴിലാളികളുടെ കേന്ദ്രസമിതി ഉന്നയിച്ചു. കാദർ കൈമലത്തിയതേയുള്ളു. ഡിസംബർ ഒന്നാം തീയതി ഉത്തര ഹംഗറിയിൽ കാദർഗവമ്മെൻറിനെതിരായി തൊഴിലാളികൾ ഒരു സ്വാതന്ത്ര്യഗവമ്മെൻറു് സ്ഥാപിച്ചു. ഡിസംബർ നാലാം തീയതി വിപ്ലവത്തിൽ വീരചരമമടഞ്ഞ രക്തസാക്ഷികളുടെ സ്മരണയെ മാനിക്കുവാൻ ആയിരക്കണക്കിനു് സ്ത്രീകൾചേന്നു് ഘോഷയാത്രയും പ്രകടനങ്ങളും നടത്തി. അവരുടെ നേരെയും പട്ടാളം വെടിവച്ചു. ഡിസംബർ ഒമ്പതാം തീയതി രാജ്യമാകെ പണിമുടക്കു നടത്താൻ തൊളിലാളി നേതാക്കൾ ആഹ്വാനം നൽകി. ഗവമ്മെൻറു് പട്ടാളനിയമം പ്രഖ്യാപിച്ചുവെങ്കിലും പണിമുടക്കു വിജയകരമായി നടക്കുകതന്നെ ചെയ്തു. ജനങ്ങളിപ്പോൾ വനപ്രദേശങ്ങളിൽ ഗറില്ലാസമരമാരംഭിച്ചിരിക്കുകയാണു്. ഈ ലേഖനം പുറത്തുവരുമ്പോൾ സംഭവഗതികൾ എവിടെയെത്തുമെന്നറിഞ്ഞുകൂടാ.

### റഷ്യ കുററവാളിയാണെന്നു് നെഹ്രുവും ഐ. രാ. സഭയും

25000 ഹംഗറിക്കാർ ഇതുവരെ ചരമമടഞ്ഞിട്ടുണ്ടെന്നാണു് റഷ്യയിലെ ഇന്ത്യൻ പ്രതിനിധി കെ. പി. എസ്. മേനോൻ റിപ്പോർട്ടുചെയ്യുന്നതു്. ഡിസംബർ 13-ാംനു ലോകസഭയിൽ വച്ചു് നെഹ്രു ഹംഗറിയിലെ ജനങ്ങളെ അഭിനന്ദിക്കുകയും അവരുടെ സമരം റഷ്യക്കെതിരായുള്ള ദേശീയ സ്വാതന്ത്ര്യസമരമാണെന്നു റപ്പിച്ചു പറയുകയുമുണ്ടായി. ഐക്യരാഷ്ട്ര ജനറൽ അസംബ്ളി സെക്രട്ടറിക്കു് ഹംഗറിയിൽ ചെന്നു് സംഭവഗതികൾ നിരീക്ഷിക്കുന്നതിനു് അനുമതി നൽകണമെന്നു് തുടരെ ആവശ്യപ്പെട്ടിട്ടും റഷ്യ നിഷേധിക്കുകയാണുണ്ടായതു്. റഷ്യ കുററവാളിയാണെന്നുള്ള പ്രമേയം ഡിസംബർ 12-ാംനു ഐക്യരാഷ്ട്ര അസംബ്ളിയിൽ ഭൂരിപക്ഷത്തോടെ പാസ്സായി.

### ഹംഗറിയും വയലാറും


വയലാറിലെ രക്തസാക്ഷികളുടെ ധീരതയെ സ്ഥാനത്തും അസ്ഥാനത്തും ഉയർത്തിക്കാട്ടുന്ന ഇവിടത്തെ കമ്മ്യൂണിസ്റ്റ്കാർ ഹംഗറിയിലെ ജനങ്ങളുടെ അമാനുഷികമായ ധീരതയേയും, അസാധാരണമായ ആത്മശക്തിയേയും, അതുലമായ സഹനത്തെയും പററി എന്താണൊരക്ഷരം മിണ്ടാത്തതു്? ലോകത്തിലുള്ള സകലരാഷ്ട്രങ്ങളും റഷ്യയുടെ മനുഷ്യത്വവിരുദ്ധമായ നടപടിയെ പഴിക്കുമ്പോൾ ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റുകാർ തങ്ങളുടെ അന്നദാതാവായ റഷ്യക്കുവേണ്ടി മൗനം ഭജി



സോവ്യററുടാങ്കുകളെ അവഗണിച്ചും ഹംഗേറിയൻവനിതകൾ പ്രകടനം നടത്തുന്നു. വധിക്കപ്പെട്ട ഹംഗറിക്കാർക്കുവേണ്ടി ഹംഗേറിയൻ വനിതകൾ നടത്തിയ ഒരു വിലാപയാത്രയുടെ നേരേ സോവ്യററു് ടാങ്കു വെടി വെക്കുന്നതാണു ചിത്രം.



ഒരു ഗണം ഹംഗേറിയൻ അഭയാർത്ഥികളെ അമേരിക്കൻ പ്രസിഡൻറു് ഐസനോവർ വൈററ്ഹൗസിൽ സ്വീകരിക്കുന്നു. 21,000 ഹംഗറിയൻ അഭയാർത്ഥികൾ അമേരിക്കയിൽ രക്ഷപ്രാപിച്ചിട്ടുണ്ടു്.




സന്തോഷവും, സംതൃപ്തിയും, നല്കുന്ന ആഭരണങ്ങൾക്കു്

തോട്ടാൻ

കുഞ്ഞിപ്പാലു റപ്പായി & ബ്രദേഴ്സ്

ആഭരണവ്യാപാരം, തൃശ്ശൂർ.

കുന്നതു് അത്ഥഗർഭമല്ലേ? ഇവിടെ കമ്മ്യൂണിസ്റ്റ് ഭരണം വന്നാൽ പിന്നീടതിൽനിന്നും രക്ഷപെടുക എളുപ്പമല്ലെന്നല്ലേ ഹംഗറിയിലെ സംഭവം തെളിയിക്കുന്നതു്? കമ്മ്യൂണിസ്റ്റ്കാരെ വിജയിപ്പിക്കുമ്പോൾ ഇത്ര വലിയ ഒരു അടിമത്വത്തിൻെറ നുകം തലയിലേററുകയല്ലേ നാം ചെയ്യുന്നതു്? കോൺഗ്രസേതര കൂട്ടമന്ത്രിസഭയ്ക്കുവേണ്ടി മററു പാർട്ടികളെ കൂട്ടുപിടിച്ചുകൊണ്ടു് അവർ വരുമ്പോൾ, ഹംഗറിയിലും ഒരു കൂട്ടമന്ത്രിസഭവഴിയാണു് അവർ അധികാരത്തിൽ കടന്നുപററിയതെന്ന സത്യം നാട്ടുകാർ മറന്നുപോകരുതു്.

(ഈ ലേഖനം കിട്ടാനാഗ്രഹിക്കുന്നവർ "സേവാസംഘം" വിൻസെൻഷ്യൻ ഹൗസ്, തോട്ടകം-വൈക്കം എന്നവിലാസത്തിൽ ഡസനു് 4 ണ പ്രകാരം സ്റ്റാമ്പു് അടക്കം ചെയ്തു് എഴുതിയാൽ ബുക്കു് പോസ്റ്റായി അയച്ചു തരും.)

---

(11-ാം പേജ് തുടർച്ച)

വരുടെ ഓഹരി പററിക്കൊണ്ടു് പൊയ്ക്കഴിഞ്ഞിരുന്നു.

ഏകദേശം പത്തുമണിയോടുകൂടി ആളുകൾ പിരിഞ്ഞുതുടങ്ങി. ഒടുവിൽ ഉസ്മാനും ഉലഹന്നാനും മാത്രം ശേഷിച്ചു. സ്വല്പം മദ്യം ഉപയോഗിക്കുവാൻ ഉസ്മാൻ സ്നേഹിതനെ ഉപദേശിച്ചു. തനിക്കിഷ്ടമില്ലാതിരുന്നെങ്കിലും സ്വസ്നേഹിതനെ പ്രീതിപ്പെടുത്തുവാൻ വേണ്ടി അദ്ദേഹം അല്പം മദ്യം സേവിച്ചു. ജീവിതത്തിൽ ആദ്യത്തെ അനുഭവമായിരുന്നതുകൊണ്ടു് ഉലഹന്നനു് തലയ്ക്കു പിടിച്ചു. കുറെ നേരം അവിടെ കിടന്നശേഷം, രാത്രി ഒരുമണിയോടുകൂടി, അദ്ദേഹം അവിടെനിന്നു ഇറങ്ങിനടന്നു ...ഉസ്മാൻ കളമൊരുക്കിക്കഴിഞ്ഞു ...പാവം! ഉലഹന്നൻ!...ആ രാത്രിയുടെ ഭീകരതയെപ്പററി അയാൾ അറിഞ്ഞിരുന്നില്ല.

"പോലീസ് ഇൻസ്പെക്ടർ ഉലഹന്നനെ ആരോ ഘാതകന്മാർ പാതിരാത്രിക്കു കുത്തി കൊലപ്പെടുത്തിയിരിക്കുന്നു," എന്ന വാത്ത നേരം വെളുത്തതോടുകൂടി പട്ടണത്തിൽ കാട്ടുതീപോലെ പരന്നു. മഹാമനസ്കനും, കമ്മധീരനുമായ അദ്ദേഹത്തെ ഒരു നോക്കു കാണുവാൻ ആളുകൾ ഓടിക്കൂടി. പലരും പലതും പറഞ്ഞു. പക്ഷെ ഘാതകരാരാണെന്നു് ആക്കും നിശ്ചയമുണ്ടായിരുന്നില്ല.

പെട്ടെന്നു് മറെറാരു വത്തമാനം ആളുകളെ അമ്പരപ്പിച്ചു. "അവിവാഹിതനായിരുന്ന ഉലഹന്നൻ തൻെറ സ്വത്തിൽ ഒരു നല്ല ഭാഗം സ്വസ്നേഹിതനായ ഉസ്മാൻെറപേരിൽ എഴുതിയിരിക്കുന്നു എന്നതായിരുന്നു ആ വാത്ത. ഉസ്മാനും അതു കേൾക്കുന്നതിന്നിടയായി. അവനൊന്നു ഞെട്ടി...സ്വസ്നേഹിതൻെറ അനിതരസാധാരണമായ ആത്മാത്ഥതയുടെ മുൻപിൽ...ക്രിസ്തീയസാഹോദര്യത്തിൻെറ മുൻപിൽ...

ക്രിസ്തുവിനെപ്പററിയും, ക്രിസ്ത്യാനികളെപ്പററിയും ബാല്യകാലത്തിൽ ഉലഹന്നൻ പലപ്പോഴും അവനോടു പറഞ്ഞിട്ടുണ്ടു്. അവിടുത്തെ അതിശയനീയമായ നന്മപ്രവൃത്തികളേയും, സാഹോദര്യത്തേയും അവൻ കേട്ടിട്ടുണ്ടു്. പക്ഷെ ഇത്ര മഹനീയമായ നിലയിൽ അതു് ഒരു ക്രൈസ്തവനിൽ പ്രതിബിംബിക്കുമെന്നു് ഉസ്മാൻ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. തങ്ങളുടെ വിദ്യാലയജീവിതത്തിൽ ഒരിലയിൽനിന്നും ഭക്ഷണം കഴിച്ചതുമുതൽ ആ സ്നേഹസമ്പന്നനിൽ താൻ ദശിച്ച ഓരോ സ്നേഹപ്രവൃത്തികളേയുംകുറിച്ചു് അവനോത്തു...അവൻ കരഞ്ഞു....പക്ഷെ....എന്തു ഫലം?

x x x

വർഷങ്ങൾ പലതുകഴിഞ്ഞു. ഇന്നയാൾ "ഉസ്മാന"ല്ല..."യൗസേപ്പ്"ആണു്. എല്ലാദിവസവും രാവിലെ ആദ്യത്തെ കുർബാനയ്ക്കുശേഷം അയാൾ ആ ശവകുടീരത്തിലെത്തും...അതിന്മേൽ പുഷ്പങ്ങളപ്പിക്കും.... വളരെനേരം കരയും...സ്വാപരാധത്തിനു മാപ്പിരക്കും......

---

# ചോദിച്ചാൽ പറയാം

74. ചോ: കുർബാന ചൊല്ലുന്ന വൈദികൻ തിരുവോസ്തി രണ്ടായി മുറിച്ചു് ഒരു ഭാഗം കൂദാശ ചെയ്ത വീഞ്ഞിൽ മുക്കി മടക്കുന്നതിൻെറ അത്ഥമെന്താണു്?

(എം. ഒ. എം. കോടിക്കുളം)

ഉ: കുർബാന അഥവാ ദിവ്യപൂജ ദൈവം തൻെറ സഭയ്ക്കു നൽകിയിട്ടുള്ള പുതിയ നിയമത്തിലെ ബലി ആകുന്നു. ദൈവപുത്രനായ ഈശോ കുരിശിൽ സമപ്പിച്ച ബലിയുടെ ഓമ്മയ്ക്കായി അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ, നമ്മുടെ കത്താവീശോമിശിഹായുടെ തിരുശരീരവും തിരുരക്തവുമാണു നമ്മുടെ അൾത്താരകളിൽ നാം ബലി സമപ്പിക്കുന്നതു്. കുരിശിൽ തന്നെത്തന്നെ നിത്യപിതാവിനു ബലിസമപ്പിച്ച ഈശോതന്നെയാണു് കുർബാനയിലും തൻെറ പ്രതിനിധികളായ വൈദികരുടെ കരങ്ങൾവഴി തന്നെത്തന്നെ ബലിസമപ്പിക്കുന്നതു്. കുരിശിലെ ബലിയും കുർബാനയെന്ന ബലിയും തമ്മിലുള്ള ഒരു വ്യത്യാസം കുരിശിലെ ബലി രക്തം ചിന്തിയുള്ളതാണെന്നും, കുർബാന രക്തം ചിന്താതെയുള്ള ബലിയാണെന്നുമുള്ളതാണു്. കുരിശിലെ ബലിമൂലം നമുക്കുവേണ്ടി സമ്പാദിച്ച യോഗ്യതകൾതന്നെ, കുർബാനമൂലം നമുക്കു സംസിദ്ധമാകുന്നതിനു് അവിടുന്നു തിരുമനസ്സായിരിക്കുന്നു.

ദൈവത്തിനു നമ്മുടെമേലും സകല വസ്തുക്കളുടെമേലുമുള്ള പരമാധിപത്യത്തെ അംഗീകരിക്കുന്നതിലേക്കായി ഇന്ദ്രിയഗോചരമായ ഏതെങ്കിലും സാധനത്തെ ദൈവത്തിനു കാഴ്ചസമപ്പിക്കുക; ആ കാഴ്ചയെ ഏതെങ്കിലും പ്രകാരത്തിൽ നശിപ്പിക്കുക; എന്നീ രണ്ടു സംഗതികളിലാണു ബലി അടങ്ങിയിരിക്കുന്നതു്. ദിവ്യപൂജയിൽഓസ്തിയും വീഞ്ഞും വൈദികൻ ദൈവത്തിനു കാഴ്ചയായി സമപ്പിക്കുന്നു; കുർബാനയുടെ ഒരു പ്രധാനഭാഗമാണു് ഈ കാഴ്ചവെക്കലെങ്കിലും അതല്ലാ സവ്വപ്രധാനമായ ഭാഗം. പ്രത്യുത ഓസ്തിയും വീഞ്ഞും ഈശോയുടെ തിരുശരീരവും തിരുരക്തവുമായി പകരുന്ന ആശീർവാദ (Consecration) ഭാഗമാകുന്നു. വൈദികൻ ഓസ്തി കരങ്ങളിലെടുത്തു് "ഇതെൻെറ ശരീരമാകുന്നു" എന്നും,കാസാ കൈയിലെടുത്തു് "ഇതെൻെറ രക്തമാകുന്നു" എന്നും ക്രിസ്തുവിൻെറ നാമത്തിൽ ആശീർവദിക്കുമ്പോൾ അപ്പത്തിനും വീഞ്ഞിനും വസ്തുഭേദം സംഭവിക്കുകയും അതു മിശിഹായുടെ ശരീരരക്തങ്ങളായി പകത്തപ്പെടുകയും ചെയ്യുന്നു. ഈ തിരുശരീരരക്തങ്ങളെ വൈദികൻ പരമപിതാവിനു സമപ്പിക്കുന്നതോടുകൂടി ബലി പൂത്തിയാകുന്നു.

തിരുവോസ്തി രണ്ടായി മുറിക്കുന്നതോ ഒരു ഭാഗം കൂദാശചെയ്ത വീഞ്ഞിൽ മുക്കുന്നതോ ബലിയുടെ പൂത്തീകരണത്തിനു് ആവശ്യമായ ചടങ്ങുകളല്ല. നമ്മുടെ കത്താവു് ഈശോമിശിഹാ അന്തിമഭോജനവേളയിൽ അപ്പം വാഴ്ത്തിയശേഷം അതു മുറിക്കുകയുണ്ടായല്ലോ. അതിൻെറ ഓമ്മയ്ക്കായി ആദികാലംമുതൽ സ്വീകരിച്ചുപോന്ന ഒരു നടപടിയാണതു്. ആദിമ നൂററാണ്ടുകളിൽ വിശുദ്ധ കുർബാനയ്ക്കു "അപ്പം മുറിക്കൽ" എന്നുകൂടി പറഞ്ഞു വന്നിരുന്നുവെന്നുള്ളതു് ഇവിടെ സ്മത്തവ്യമാണു്. തിരുവോസ്തിയിൽ ഒരു ഭാഗം കൂദാശ ചെയ്യപ്പെട്ട വീഞ്ഞിൽ മുക്കുന്നതു് ആ കൂദാശയുടെ ഏകീഭാവത്തെ .ദ്യോതിപ്പിക്കുന്നതിനാണു്.

ഈ തിരുവോസ്തി മുറിക്കലിനു് അഗാധമായ മറെറാരു അത്ഥവുമുണ്ടു്. അതു ക്രിസ്തുവിൻെറ ദാരുണമായ മരണത്തെ സൂചിപ്പിക്കുന്നു. തിരുവോസ്തിയും തിരുരക്തവും കൂട്ടിക്കലത്തുന്നതു്, മാംസവും രക്തവും യോജിച്ചു സമ്പൂണ്ണമനുഷ്യനായി ക്രിസ്തു ഉയിത്തെഴുന്നേററതിനെയും സൂചിപ്പിക്കുന്നു.

75. ചോ: കുർബാന ചൊല്ലുന്ന വൈദികൻ വലിയ ഓസ്തി ഭക്ഷിക്കുകയും വീഞ്ഞു കുടിക്കുകയും ചെയ്യുമ്പോൾ, വിശ്വാസികൾക്കു വീഞ്ഞുകൂടാതെ ചെറിയ ഓസ്തി മാത്രം കൊടുക്കുന്നതെന്തുകൊണ്ടാകുന്നു.?

(എം. ഒ. എം. കോടിക്കുളം)

ഉ: ദിവ്യപൂജയിൽ ബലി അപ്പിക്കപ്പെടുന്ന തിരുവോസ്തിയും കൂദാശചെയ്ത വീഞ്ഞുമാണല്ലോ വൈദികൻ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതു്. ചോദ്യകത്താവിൻെറ സംശയം, വിശ്വാസികൾക്കു എന്തുകൊണ്ടു വൈദികൻ ഭക്ഷിക്കുന്നത്ര വലുപ്പമുള്ള ഓസ്തി നൽകുന്നില്ലായെന്നാണെങ്കിൽ, ക്രിസ്തുവിൻെറ സാന്നിദ്ധ്യം ഓസ്തിയുടെ വലുപ്പച്ചെറുപ്പത്തെ ആശ്രയിച്ചല്ലാ ഇരിക്കുന്നതെന്നു മനസ്സിലാക്കണം. വലിയ ഓസ്തിയിലും ക്രിസ്തു പൂണ്ണനായി സന്നിഹിതനാകുന്നു; തീരെ ചെറിയ ഓസ്തിയിലും പൂണ്ണനായി സന്നിഹിതനാകുന്നു. വിശ്വാസികൾക്കു നൽകുന്ന ഓസ്തിയുടെ വലുപ്പം കുറച്ചതു പ്രധാനമായും സൗകയ്യത്തെ ഉദ്ദേശിച്ചാണു്. അനേകായിരം ഓസ്തികൾ ഒരേസമയം ആവശ്യമായി വരുമെന്നു് അനുഭവത്തിൽനിന്നു നമുക്കറിയാമല്ലോ. അവ കൂദാശ ചെയ്തു സൂക്ഷിക്കുന്നതിനു ഓസ്തികൾ ചെറുതായിരിക്കുന്നതാണു സൗകയ്യപ്രദം.

അല്പോൾ പ്രധാനമായി ചോദ്യമിതാണു്: വൈദികൻ ഓസ്തിയും വീഞ്ഞും സ്വീകരിക്കുമ്പോൾ എന്തുകൊണ്ടു വിശ്വാസികൾക്കു ഓസ്തി മാത്രം നൽകുന്നു? അഥവാ നമ്മുടെ കത്താവിനെ ഉൾക്കൊള്ളുന്നതിനു കൂദാശചെയ്യപ്പെട്ട ഓസ്തി മാത്രം ഭക്ഷിച്ചാൽ മതിയോ? മതിയെന്നാണു മറുപടി. ഓസ്തിമാത്രം മതിയെന്നുള്ള കത്തോലിക്കസഭയുടെ തീരുമാനം നമ്മുടെ കത്താവിൻെറ പഠനങ്ങൾക്കു് ഒരുവിധത്തിലും എതിരല്ലാ. "അത്മേനികളും, ദിവ്യപൂജ സമപ്പിക്കാത്ത വൈദികരും, വിശുദ്ധകുർബാന എന്ന കൂദാശ കൈക്കൊള്ളുവാൻ അപ്പവും വീഞ്ഞും സ്വീകരിക്കണമെന്നു യാതൊരു ദൈവികനിയമത്താലും നിർബന്ധിതരല്ല; അവയിൽ ഏതെങ്കിലും ഒന്നുമാത്രം സ്വീകരിക്കുന്നതു രക്ഷയ്ക്കു മതിയാകയില്ല എന്നു കരുതുന്നതു വിശ്വാസവിപരീതമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല" എന്നാണു ത്രെന്തോസു സൂനഹദോസ് പഠിപ്പിക്കുന്നതു്.

പ്രോട്ടസ്റ്റൻറുകാരാണു് ഈ വിശ്വാസവൈപരീത്യം ആദ്യമായി ഉന്നയിച്ചതു്. കൂദാശയുടെ പൂത്തീകരണത്തിനു അപ്പവും വീഞ്ഞും രണ്ടും ആവശ്യമാണെന്നു അവർ ശഠിച്ചു. ക്രിസ്തുവിൻെറ യഥാത്ഥസാന്നിദ്ധ്യം വിശുദ്ധകുർബാനയിലുണ്ടെന്നു വിശ്വസിക്കാത്ത പ്രോട്ടസ്റ്റൻറുകാരാണു് ഈ വാദം ഉന്നയിക്കുന്നതെന്നു നാം മറക്കരുതു്. കത്തോലിക്കരാകട്ടെ, വിശുദ്ധകുർബാനയിൽ ജീവിക്കുന്നവനായ ക്രിസ്തു സന്നിഹിതനാണെന്നു വിശ്വസിക്കുന്നു. കൂദാശ ചെയ്യപ്പെട്ട ഓസ്തിയിൽ അവിടുത്തെ ശരീരം മാത്രമല്ല, അവിടുന്നു മുഴുവനായി സന്നിഹിതനായിരിക്കുന്നു; കൂദാശചെയ്യപ്പെട്ട വീഞ്ഞിൽ അവിടുത്തെ തിരുരക്തം മാത്രമല്ലാ, അവിടുന്നു മുഴുവനായി സന്നിഹിതനായിരിക്കുന്നു. തന്മൂലം കൂദാശചെയ്യപ്പെട്ട ഓസ്തി ഭക്ഷിക്കുന്നവൻ ജീവിക്കുന്നവനായ ഈശോയെ സ്വീകരിക്കുന്നു. ഓസ്തിയും വീഞ്ഞും രണ്ടും സ്വീകരിക്കുന്നവനും ജീവിക്കുന്നവനായ ഈശോയെ സ്വീകരിക്കുന്നു.

ക്രിസ്തുവിൻെറ വാക്കുകൾതന്നെ ഇതിനു തെളിവാകുന്നു. "നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ രക്തം പാനംചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽതന്നെ ജീവനില്ല"(യോഹ: VI 54) എന്നു അരുളിച്ചെയ്ത ക്രിസ്തുതന്നെ "സ്വഗ്ഗത്തിൽനിന്നു ഇറങ്ങിയ അപ്പം ഞാനാകുന്നു...ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (യോഹ: VI 59) എന്നും അരുളിച്ചെയ്തിട്ടുണ്ടു്. "എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്കയും ചെയ്യുന്നവനോ അവനു നിത്യജീവനുണ്ടു്" (യോഹ: VI 55) എന്നു പഠിപ്പിച്ച ഈശോതന്നെ "ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പമോ ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എൻെറ ശരീരമാകുന്നു" (യോഹ: VI 52)എന്നും പഠിപ്പിച്ചിട്ടുണ്ടു്. "എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ: VI 57) എന്നു പ്രസ്താവിച്ച മിശിഹാതന്നെ "ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" എന്നു പ്രസ്താവിച്ചിരിക്കുന്നു.

അന്തിമഭോജനാവസരത്തിൽ "വാങ്ങി നിങ്ങളെല്ലാവരും ഇതിൽനിന്നു കുടിക്കുവിൻ" (മത്താ: XXVI 27) എന്നു ക്രിസ്തു പറയുന്നതു് അൽമേനികളെ ഉദ്ദേശിച്ചല്ലാ എന്നുള്ളതു സ്പഷ്ടമാകുന്നു. "എൻെറ ഓമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ" എന്നും അവിടുന്നു അരുളിച്ചെയ്യുന്നുണ്ടല്ലോ. ദിവ്യപൂജ സമപ്പിക്കുവാനുള്ള ഈ അധികാരം അൽമേനികൾക്കു നൽകപ്പെട്ടുവെന്നു ആരും വാദിക്കുകയില്ലല്ലോ. നേരേമറിച്ചു് ദിവ്യപൂജ സമർപ്പിക്കുന്ന വൈദികർ, അവിടുന്നു ചെയ്തതുപോലെ, അപ്പവും വീഞ്ഞും അനുഭവിക്കുന്നുണ്ടുതാനും. വിശുദ്ധകുർബാന ഒരു കൂദാശയെന്നപോലെ ഒരു ബലിയും ആണല്ലോ. ബലിയെന്ന നിലയിൽ കുർബാന കുരിശിലെ ബലിയുടെ അനുസ്മരണയാകുന്നു. അതിൻെറ കാമ്മികൻ, കാൽവരിയിലെ കാമ്മികൻ (ക്രിസ്തു)തന്നെ; ബലിവസ്തു കാൽവരിയിലെ ബലിവസ്തുവും.

കൂദാശകൾ സ്ഥാപിച്ച നമ്മുടെ കത്താവു് അവ വിശ്വാസികൾക്കു പ്രദാനം ചെയ്യേണ്ട രീതി വ്യവസ്ഥാപിക്കുവാനുള്ള അധികാരം തൻെറ സഭയ്ക്കു നൽകുകയാണു ചെയ്തതു്. ആദ്യനൂററാണ്ടുകളിൽ അപ്പവും വീഞ്ഞും വിശ്വാസികൾക്കു നൽകപ്പെട്ടിരുന്നു. ഇന്നും ചില പൗരസ്ത്യസഭകളിൽ അങ്ങനെ നൽകപ്പെടുന്നുണ്ടു്. കുർബാന എന്ന കൂദാശയുടെ പൂത്തീകരണത്തിനു രണ്ടും കൂടിയേ കഴിയൂ എന്ന വാദത്തെയാണു സഭ എതിക്കുന്നതു്. ഏതെങ്കിലും ഒരാൾക്കു രണ്ടുംകൂടി കൊടുക്കുന്നതു് അതിനാൽതന്നെ തെററാണെന്നു സഭ പഠിപ്പിക്കുന്നില്ല. ആദിമനൂററാണ്ടുകളിൽതന്നെ അപ്പത്തിൻെറ രൂപത്തിൽമാത്രം വിശുദ്ധകുർബാന സ്വീകരിക്കപ്പെട്ടിരുന്നുവെന്നു തെത്തുല്യൻ, വിശുദ്ധ ബസേലിയോസു്, വിശുദ്ധ അംബ്രോസീസ്, അലക്സാന്ത്രിയായിലെ വിശുദ്ധ ദിവന്നാസ്യോസ്, എവുസേബിയൂസ്, മുതലായവരുടെ ഗ്രന്ഥങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാം.

1414-ലെ കോൺസ്റ്റാൻസ് സൂനഹദോസിൽവെച്ചാണു് ഇന്നത്തെ സമ്പ്രദായം സാവ്വത്രികമായി അംഗീകരിക്കപ്പെട്ടതു്. ത്രെന്തോസ് സൂനഹദോസ് അതിനെ സ്ഥിരീകരിക്കുകയുംചെയ്തു. വീഞ്ഞു വിതരണംചെയ്യുമ്പോൾ നഷ്ടപ്പെട്ടുപോകുവാനുള്ള സാദ്ധ്യത, വളരെയധികം കൂദാശചെയ്തുസൂക്ഷിക്കുവാനുള്ള വിഷമം, ഒരേ കാസായിൽനിന്നു കുടിക്കുന്നതിലുള്ള അതൃപ്തി, വീഞ്ഞിൻെറ ദുർവഹമായ വില മുതലായവയാണു് വീഞ്ഞു വിശ്വാസികൾക്കു നൽകേണ്ടെന്നു തീരുമാനിക്കുവാനുണ്ടായ കാരണങ്ങൾ. അതു കൂടാതെതന്നെ കുർബാന വാസ്തവമാകുമെന്നും, ജീവിക്കുന്നവനായ നമ്മുടെ കത്താവിനെ പൂണ്ണനായി സ്വീകരിക്കുവാൻ സാധിക്കുമെന്നും നാം കണ്ടുവല്ലോ.

(ശേഷം 7-ാംപേജിൽ)



(2-ാം പേജ് തുടർച്ച)

തൽ തീററ കിട്ടുന്നതുപോലെതന്നെ മേലധികാരികളുടെ പക്കൽ കുട്ടികൾ എത്രയേറെ ആത്മാർത്ഥമായി ഹൃദയം തുറന്നു കാട്ടുന്നുവോ അത്രയേറെ നന്മകളും അവർക്കു ലഭിക്കുന്നു. ഇതേ ചൈതന്യംതന്നെയാണ് ലോകമെങ്ങുമുള്ള 1250 സലേഷ്യൻഭവനങ്ങളിലും ദർശിക്കുന്നതു്. കുട്ടികളുടെ സ്വഭാവരൂപീകരണം ആരംഭിക്കുന്നതു് മാതാപിതാക്കളിൽനിന്നാണ്. സ്കൂളുകളും ബോർഡിംഗുകളും ഒരുതരം അവശ്യ "തിന്മ" (neces sary "evils") കളാണ്. അവിടെയാണ് മാതാപിതാക്കന്മാർക്കു നൽകുവാൻ സാധിക്കാത്തതു് കുട്ടികൾക്കു് ലഭിക്കുന്നതു്. ഒരു വിദ്യാസ്ഥാപനത്തിൽ മുൻപറഞ്ഞ "കുടുംബാന്തരീക്ഷം" എത്രമാത്രം പ്രകടമാകുന്നുവോ, അതു് എത്രത്തോളം സ്വാഭാവികമാണോ, അത്രമാത്രം വിജയപ്രദമായിരിക്കും അവിടത്തെ വിദ്യാഭ്യാസവും. ഓരോ സലേഷ്യൻഭവനവും ഓരോ കുടുംബമായിരിക്കണമെന്നാണ് വി. ഡോൺബോസ്കോ നിർദ്ദേശിച്ചതു്. സ്കൂൾവിദ്യാർത്ഥികൾക്കു മാത്രമല്ല, വൈദികവിദ്യാർത്ഥികൾക്കുപോലും ശരിയായ അഭ്യസനം നൽകുന്നതിനുള്ള ഉത്തമമാർഗ്ഗം ഇതാണെന്നു് പരിചയസമ്പത്തു് വിശുദ്ധനെ ബോദ്ധ്യപ്പെടുത്തി. 2000-ൽപരം വൈദികവിദ്യാർത്ഥികളെ പൗരോഹിത്യത്തിലേക്കു് അദ്ദേഹം നയിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഈ അവസരത്തിൽ സ്മരിക്കേണ്ടതുണ്ടു്.

സലേഷ്യൻഭവനത്തിലെ അന്തരീക്ഷം എല്ലാവരും ഇഷ്ടപ്പെട്ടുന്നെങ്കിൽ അതിനു കാരണം അവിടെ "സ്നേഹ"മാണ് സകലത്തിന്റേയും പ്രചോദനഹേതുവെന്നുള്ളതുതന്നെയാണ്. "സ്നേഹം ദീർഘശാന്തതയുള്ളതും ദയയുള്ളതുമാകുന്നു ......അതു് എല്ലാം സഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രതീക്ഷിക്കുന്നു, എല്ലാം അനുഭവിക്കുന്നു." (1 കോറ. XIII, 4 & 7) അവിടെ കോപഭാവങ്ങളില്ല, രഹസ്യമായ മുറുമുറുപ്പുകളും ഇല്ല. കുട്ടികൾ പരസ്പരം ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിക്കുന്നു. ഓരോ മേലധികാരിയും അവർക്കു "കാണപ്പെട്ട ഒരു കാവൽമാലാഖ"യാണ്. അവരുടെ എല്ലാ വിനോദപരിപാടികളിലും പങ്കെടുക്കുന്നു അദ്ദേഹം. അവർ ഇഷ്ടപ്പെടുന്നതിനെ അദ്ദേഹവും ഇഷ്ടപ്പെടുന്നു. വാക്കുകൾകൊണ്ടെന്നതിനേക്കാൾ കൂടുതലായി സ്വജീവിതമാതൃകമൂലം പഠിപ്പിക്കുന്ന ഒരു ജ്യേഷ്ഠസഹോദരനാണ് അദ്ദേഹം. സലേഷ്യൻ വിദ്യാപദ്ധതിയിൽ "ശിക്ഷ"യെന്നൊരു പദം ഇല്ല; കാരണം, അതിന്റെ ആവശ്യം ഇല്ലെന്നുള്ളതുതന്നെ. "തിന്മയെ തടയുക"യെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഒരു പ്രത്യേകത. എന്നാൽ കുട്ടികൾക്കു ധാരാളം സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടു്; ദൈവസുതരുടെ സ്വാതന്ത്ര്യം, സൗഭാഗ്യത്തിലേക്കു നയിക്കുന്ന സ്വാതന്ത്ര്യം, ഒരുവന്റെ സ്വഭാവരീതിയും വാസനാവൈഭവവും വെളിപ്പെടുത്തുന്ന ഒരു സ്വാതന്ത്ര്യം. കുട്ടികളുടെ ഏതുവിധവാസനകളേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ടു്. കളിസ്ഥലവും ക്ലാസ്സുമുറിപോലെതന്നെ ഒരു ശിക്ഷണസ്ഥലമാണ്. പാട്ടിനും അഭിനയത്തിനും സലേഷ്യൻഭവനത്തിൽ സ്ഥാനമുണ്ടു്. "ഹോബികൾക്കും", ഉല്ലാസയാത്രകൾക്കും, തിരുനാളാഘോഷങ്ങൾക്കും എല്ലാം. അവിടെ ഒരു "ടൈംടേബിളും" ഉണ്ടു്. നിയമങ്ങൾ അധികമില്ല. വടിയും ഭയപ്പെടുത്തലും കൂടാതെ ശിക്ഷണം സാധിക്കുന്നു. അവജ്ഞയെന്യേ ആജ്ഞകൾ അനുസരിക്കപ്പെടുന്നു.

ഡോൺബോസ്കോ ഒരു യാഥാസ്ഥിതികനായിരുന്നില്ല; അദ്ദേഹം എന്നും ആധുനികനാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വിശുദ്ധന്റെ ഈ പ്രത്യേകവിദ്യാഭ്യാസപദ്ധതി (Preventive System) ശരിയായി പഠിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. മനുഷ്യന്റെ സാംസ്കാരികവും മതാത്മകവുമായ അന്തസ്സത്തകളെ അങ്ങേയററം പരിപോഷിപ്പിക്കുന്ന ഈ പദ്ധതി സലേഷ്യൻസഭാംഗങ്ങൾ പ്രാവർത്തികമാക്കുന്നു. വിദ്യാഭ്യാസരംഗത്തു് അവർ കരസ്ഥമാക്കിയിരിക്കുന്ന പ്രത്യേകസ്ഥാനത്തിന്റെ കാരണവും അതുതന്നെ.

ഡോൺബോസ്കോയുടെ "ആഹ്വാനം" അഖിലലോകത്തോടുമാണ്. വിശുദ്ധന്റെ തിരുനാൾക്കുർബാനയിൽ ഓരോ വൈദികന്റേയും ശ്രവണപുടങ്ങളിൽ മുഴങ്ങുന്നു ആ സന്ദേശം:

"നമ്മുടെ കർത്താവിൽ എപ്പോഴും നിങ്ങൾ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു: സന്തോഷിക്കുവിൻ. നിങ്ങളുടെ വിനയം സകല മനുഷ്യർക്കും അറിയപ്പെടട്ടെ. നമ്മുടെ കർത്താവു സമീപസ്ഥനായിരിക്കുന്നു. ഒന്നിനെക്കുറിച്ചും നിങ്ങൾ വിചാരപ്പെടേണ്ടാ. മറിച്ചു് നിങ്ങളുടെ യാചനകൾ പ്രാർത്ഥനമൂലവും, അപേക്ഷമൂലവും, സ്തോത്രംമൂലവും ദൈവസന്നിധിയിൽ എപ്പോഴും അറിയിക്കപ്പെടട്ടെ. അപ്പോൾ സകല അറിവിനേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും മനസ്സുകളേയും ഈശോമിശിഹായിൽ കാത്തുകൊള്ളും. ആകയാൽ എന്റെ സഹോദരന്മാരേ, സത്യവും, മാന്യവും, നീതിയുക്തവും, ശുദ്ധവും, സ്നേഹയോഗ്യവും, സ്തുത്യർഹവും, മഹിമയുടേയും പുകഴ്ചയുടേയും പ്രവൃത്തികളും (ഏതൊക്കെയോ) ഇവ നിങ്ങൾ ചിന്തിച്ചുകൊള്ളുവിൻ. എന്നിൽനിന്നു് പഠിക്കുകയും, സ്വീകരിക്കുകയും, കേൾക്കുകയും, (എന്നിൽ) കാണുകയും ചെയ്തിട്ടുള്ളവ (ഏതൊക്കെയോ) ഇവ നിങ്ങൾ പ്രവർത്തിക്കുവിൻ. എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടിയിരിക്കും." (ഫിലി: IV 4—9)

നാഥനുവേണ്ടി അവിശ്രമം പണിയെടുക്കുക, അവിടുത്തെ ഉപരിമഹത്വത്തിനുവേണ്ടി; ഇതായിരുന്നു ഡോൺബോസ്കോയുടെ പ്രബോധനങ്ങളുടെയെല്ലാം ആകെത്തുക; സലേഷ്യൻ ആദ്ധ്യാത്മികത്വത്തിന്റെ കരളും കാതലും. അങ്ങനെ നാനാവിധങ്ങളായ ലൗകികപ്രവർത്തനങ്ങളെത്തന്നെയും ശുദ്ധമായ ആ നിയോഗനവീകരണംമൂലം ഏകീഭവിപ്പിച്ചു് ആദ്ധ്യാത്മികമണ്ഡലത്തിന്റെ ഉന്നതതലങ്ങളിലേക്കു് ഉയർത്തുന്നവനാണ് ഒരു യഥാർത്ഥസലേഷ്യൻ. "ആത്മാക്കളെ തേടുക; ദൈവത്തെമാത്രം സേവിക്കുക."


## തയ്യാറായിരിക്കുന്നു
## ഒരാത്മാവിന്റെ കപ്പൽ യാത്ര

(രണ്ടാംപതിപ്പു്)

സമാധാനതുറമുഖത്തെത്തിയ ഒരു സത്യാന്വേഷിയുടെ—കേരളമൊട്ടുക്കു പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ഫാ. മുത്തുമാലൈ എസ്. ജെ. അവർകളുടെ—ജീവിതകഥ.

വിവർത്തകൻ
ഫാദർ ജെ. വലിയപറമ്പിൽ
ഒററപ്രതിക്കു് 4ണ. മാത്രം
(പോസ്റ്റേജ് പുറമെ)

ആവശ്യപ്പെടുക:-
The Manager,
St. Joseph's Printing House,
Tiruvalla.


# ചെറുകഥ

## ആത്മാർത്ഥതയുടെ മുമ്പിൽ!

(മാത്യൂസ് പുളിക്കൽ എസ്. ജെ.)

വെള്ളമണൽ വിരിച്ച ഒരു ശവകുടീരം. അതിന്റെ ഒരു വശത്തായി രണ്ടു തിരികൾ കത്തുന്നുണ്ടു്. ഏകദേശം നാല്പതിനോടടുത്ത ഒരു താടിക്കാരൻ അതിനടുത്തിരിക്കുന്നു. മെലിഞ്ഞ ശരീരം. അജ്ഞാതമായ എന്തോ ഒന്നു് അയാളെ വേദനിപ്പിക്കുന്നുണ്ടെന്നു് ശോകച്ഛായ കലർന്ന ആ മുഖം വ്യക്തമാക്കുന്നുണ്ടു്. എല്ലാ ദിവസവും രാവിലെ അയാളെ അവിടെ കാണാം. പലപ്പോഴും അയാൾ വാവിട്ടുകരയും. ഇന്നും അയാൾ കരയുകയാണ്. അതെ, അനേകവർഷങ്ങൾക്കപ്പുറം താൻ ചെയ്തുപോയ ഘോരാപരാധത്തിനു് ആ സ്നേഹസമ്പന്നൻ തോരാത്ത കണ്ണീർ വാർക്കുകയാണ്. ആ കണ്ണീരിന്റെ പിൻപിലുണ്ടു് ഒരു കഥ. ശോകാത്മകമായ ഒരു കഥ. അതെന്തായിരിക്കാം?

x x x

"വരു ഉസ്മാൻ, "അമ്മ" ചോറു കൊണ്ടുവന്നു". പതിമൂന്നു വയസ്സു പ്രായമുള്ള ഒരു ബാലൻ വിളിച്ചു.

"എന്റെ വാപ്പാ നാലണ തന്നിട്ടുണ്ടു്. നാലുമണിക്കു് ശായ കുടിക്കാം, ഇല്ലേ?" ഉസ്മാൻ മറുപടി പറഞ്ഞു.

ഇത്രയും പറയുന്നതിനിടയിൽ ഒരിലയുടെ ഇരുവശങ്ങളിലായി അവർ ഇരുപ്പുറപ്പിച്ചുകഴിഞ്ഞു. പട്ടരുസാർ മാധവനെ തല്ലിയകാര്യം, ചെല്ലപ്പൻ പിള്ളയുടെ ചൂരലിന്റെ ഘനം, ജോസഫ് സാറിന്റെ താടി, തുടങ്ങിയ പലതും പറഞ്ഞും ചിരിച്ചും അവർ ഊണു കഴിച്ചു.

ഉസ്മാനും ഉലഹന്നനും ആത്മാർത്ഥസ്നേഹിതരാണ്. പട്ടണത്തിലുള്ള മിഡിൽ സ്കൂളിലാണ് അവർ പഠിച്ചിരുന്നതു്. ഉലഹന്നന്റെ പിതാവു് ഒരു സർക്കാരുദ്യോഗസ്ഥനും, ഉസ്മാന്റെ വാപ്പാ ഒരു മീൻകച്ചവടക്കാരനുമായിരുന്നു. ഉലഹന്നനു വീട്ടിൽ നിന്നുമയക്കുന്ന ഉച്ചഭക്ഷണത്തിൽ ഉസ്മാൻ പതിവുള്ള ഒരു പങ്കുകാരനായിരുന്നു. വല്ലപ്പോഴും ഉസ്മാന്റെ വാപ്പാ, അവനു നാലണ കൊടുക്കും. എന്നാൽ അതു ചെലവാക്കുന്നതു് ഉലഹന്നനായിരിക്കും. പെരുന്നാൾ വരുമ്പോൾ നെയ്ച്ചോറുപൊതിയുമായി ഉസ്മാൻ ഉലഹന്നനെ സമീപിക്കും. ഒരിലയിൽനിന്നു് അവർ അതു് ആഹരിക്കും. ഇടയ്ക്കിടെ അവർ തമ്മിൽ പിണങ്ങാറുണ്ടു്. പക്ഷേ, വീണ്ടുമൊന്നിക്കുമ്പോൾ അവരുടെ സ്നേഹം ഇരട്ടിക്കും.

അന്നു് ഉസ്മാൻ ക്ലാസിൽ ഹാജരായില്ല. ഉലഹന്നൻ കാത്തുകാത്തു വിഷമിച്ചു. മണി ഒന്നായി. ഊണു കഴിഞ്ഞാലുടൻ ഉസ്മാന്റെ വീട്ടിലെത്തണമെന്നും കരുതി അവൻ ക്ലാസിൽനിന്നിറങ്ങി. ഗ്രഹപ്പിഴ. വേലക്കാരി ചോറുകൊണ്ടുവന്നിട്ടില്ല. അവനു ദേഷ്യം വന്നു. ചോറുണ്ണാതെ അവൻ ഉസ്മാന്റെ വീട്ടിലേക്കോടി. അവിടെ വലിയൊരാൾക്കൂട്ടം.

"എന്താ! ആൾക്കൂട്ടം?" അവൻ ഒരാളോടു ചോദിച്ചു.

"നമ്മുടെ മമ്മിക്കാ മരിച്ചുപോയി" അയാൾ പറഞ്ഞു.

"ആരു്? ഉസ്മാന്റെ അപ്പനോ?"

"ങാ...പെട്ടെന്നായിരുന്നു."

സ്വമാതാവിനെയും നാലു സഹോദരികളെയും രക്ഷിക്കേണ്ട ഭാരമുള്ള ചുമതല ഉസ്മാന്റെമേൽ വന്നുചേർന്നു. അവൻ പഠിപ്പുനിർത്തി. ഉലഹന്നന്റെ പിതൃസ്നേഹിതനായിരുന്ന അബ്ദുള്ളാമുതലാളിയുടെ കടയിൽ അവൻ ഒരു ബീഡിത്തൊഴിലാളിയായി പരിശീലനം ആരംഭിച്ചു. ഈ വിരഹം ഉലഹന്നനെ ദുഃഖിപ്പിച്ചു. പക്ഷേ അവനെന്തു ചെയ്യും! ദിവസവും പള്ളിക്കൂടത്തിൽ പോകുന്നതിനു മുൻപും പിൻപും അവൻ സ്നേഹിതനെ സന്ദർശിക്കും. കുശലങ്ങളന്വേഷിക്കും. ഉച്ചയ്ക്കു് ചോറുണ്ണുവാനിരിക്കുമ്പോൾ, ഉസ്മാനെപ്പററിയുള്ള ചിന്ത ഉലഹന്നനെ ആകുലനാക്കും. കടയിലിരുന്നു ബീഡി തെറുക്കുമ്പോൾ ഉസ്മാൻ സ്വസ്നേഹിതനെപ്പററി കൂട്ടുകാരോടു പറയും. അവന്റെ ഭാഗ്യത്തിൽ അസൂയപ്പെടും. ആത്മാർത്ഥതയിൽ ഉടലെടുത്ത അസൂയ!

വർഷങ്ങൾ പിന്നെയും ഇഴഞ്ഞുനീങ്ങി. ലോകം പുരോഗമിക്കുകയാണ്, മനുഷ്യഹൃദയങ്ങളിൽ നൂതനവികാരങ്ങൾ സൃഷ്ടിച്ചുകൊണ്ടു്, ആധുനികാശയങ്ങൾ വർഷിച്ചുകൊണ്ടു്. ഗ്രാമങ്ങൾ പട്ടണങ്ങളായിമാറി. കുടിലുകൾ പരിഷ്കൃതവസതികളായി മാറി. ആധുനികയന്ത്രങ്ങൾ കാളയുടെയും കലപ്പയുടെയും സ്ഥാനം അപഹരിച്ചു എവിടെയും പരിഷ്കാരം. ഒരു നവജീവൻ.

ഉസ്മാൻ ഒരു നല്ല ബീഡിത്തൊഴിലാളിയായി. സ്വകുടുംബത്തെ പട്ടിണിയിൽനിന്നു രക്ഷിക്കുവാൻ അവനു പ്രയാസമുണ്ടായിരുന്നില്ല. പക്ഷേ പുതിയ ചുററുപാടുകൾ—അവകാശസംരക്ഷണത്തിന്റെ പേരിൽ സ്വപിതാവിനെപോലും ദ്രോഹിക്കുവാൻ മടിക്കാത്ത ചില നേതാക്കന്മാരുമായുള്ള കൂട്ടുകെട്ടു്—ഇവ ഉസ്മാനെ ഒരു കമ്മ്യൂണിസ്റ്റുകാരനാക്കി.

ഉലഹന്നൻ ബി. എ. പാസായി, പിതാവിന്റെ ശുപാർശയിൽ ഒരു പോലീസ് ഇൻസ്പെക്ടറായി. പക്ഷേ അയാളുടെ സ്ഥാനവലിപ്പം അയാളെ സ്നേഹിതനിൽനിന്നും അകററിയില്ല. എങ്കിലും അയാൾ ചിന്തിക്കാറുണ്ടു്: "ഉസ്മാൻ ഇന്നൊരു കമ്മ്യൂണിസ്റ്റുകാരനാണ്. സ്ഥിതിഗതികൾ മാറിവരുന്നതിനാൽ തന്റെ അധികാരബലവും, നാടിന്റെ നന്മയും ലാക്കാക്കി താൻതന്നെ അവനെ ഉപദ്രവിക്കേണ്ടിവരും. അതെങ്ങിനെയാണു ചെയ്യുക?"

അയാൾ പലപ്പോഴും സ്നേഹിതനെ ഉപദേശിച്ചു. പക്ഷേ ഭൗമികപറുദീസാ നൽകാമെന്ന വാഗ്ദാനത്തിൽ കണ്ണുമടച്ചു വിശ്വസിച്ചു ആ പാവപ്പെട്ട തൊഴിലാളിക്കു് അതു കേൾക്കുവാൻ സമയമുണ്ടായില്ല...പോലീസുകാർ പലപ്പോഴും അയാളെ പിടിച്ചിട്ടുണ്ടു്. പക്ഷേ ഇൻസ്പെക്ടർ കണ്ണടച്ചുകളയും. അങ്ങനെ പല പ്രാവശ്യം ഉസ്മാൻ രക്ഷപെട്ടു.

അന്നു് പട്ടണം മുഴുവൻ ഇളകിവശായിരിക്കുകയാണ്. 72 ട്രേഡ്യൂണിയനുകളിലെ അംഗങ്ങൾ ചേർന്നു് പട്ടണത്തിലൂടെ ഒരു "ജാഥാ" ഉണ്ടുപോലും. "സ്വാതന്ത്ര്യസമ്പാദനത്തിനായി തൊഴിലാളികൾ അണിനിരക്കുന്നു" എന്നും മററും വലിയ തലക്കെട്ടുകളിലായി പത്രങ്ങൾ പ്രസിദ്ധം ചെയ്തു. പോലീസും പട്ടാളവും വന്നിട്ടുണ്ടെന്നും വലുതായ സംഭവവികാസങ്ങളുണ്ടാകുമെന്നുമാണ് ജനശ്രുതി.

ഏകദേശം നാലുമണിയോടുകൂടി ഒരു ശബ്ദകോലാഹലം കേട്ടുതുടങ്ങി. അതാ! ഘോഷയാത്ര! "ഇൻക്വിലാബ് .....സിന്താബാദ്" ചുരുട്ടിയ മുഷ്ടിയുമായി ഉസ്മാനുമുണ്ടു് അവരുടെ മദ്ധ്യത്തിൽ. ഘോഷയാത്ര ഒരു മൈതാനത്തിലെത്തി. പോലീസുവണ്ടിയും വന്നുചേർന്നു. ശാന്തചിത്തരായി പിരിഞ്ഞുപോകുവാൻ ഇൻസ്പെക്ടർ അവരോടാജ്ഞാപിച്ചു. അവരുണ്ടോ അതു ശ്രദ്ധിക്കുന്നു.

"ഇൻക്വിലാബ്......സിന്താബാദ്" ഒരേസ്വരത്തിൽ അവരേററുപാടി.

"ചാർജ്ജ്!" മൂന്നുപ്രാവശ്യത്തെ താക്കീതിനുശേഷം ഇൻസ്പെക്ടർ അലറി. ബാററൺ വടികളുമായി പോലീസുകാർ ജനക്കൂട്ടത്തിലേക്കു പാഞ്ഞു. ജനങ്ങൾ നാലുപാടും ഓടി. കൂട്ടത്തിൽ ഉസ്മാനും. പക്ഷേ ആരോ അവന്റെ നട്ടെല്ലിനൊരടി.

"ഹള്ളാ" അവൻ താഴെവീണു.

x x x

ഉലഹന്നന്റെ ശുപാർശയിൽ ഗവർമ്മെൻറാശുപത്രിയിൽ മൂന്നു മാസം കഴിച്ചശേഷം, ഉസ്മാൻ വീട്ടിലെത്തി. ഈ അവസരത്തിലെല്ലാം ഇൻസ്പെക്ടരുടെ മഹാമനസ്കതയിലാണ് ഉസ്മാന്റെ കുടുംബം പുലർന്നുവന്നതു്. മേലിലെങ്കിലും അക്രമപ്രവർത്തനങ്ങളിലിടപെടാതെ കഴിഞ്ഞുകൂടണമെന്നു് അദ്ദേഹം സ്നേഹിതനെ ഉപദേശിച്ചു.

കർത്തവ്യനിപുണനായ പോലീസ് ഇൻസ്പെക്ടരുടെ സാമർത്ഥ്യത്താൽ അക്രമികൾ ഓരോരുത്തരായി ജയിലിലിടയ്ക്കപ്പെട്ടു. നേതാക്കന്മാർ ഒളിവിലും, മറവിലും പതിയിരുന്നു് ഇൻസ്പെക്ടറെ കൊലപ്പെടുത്തുവാൻ ശ്രമിച്ചു. പക്ഷേ സാധിച്ചില്ല. സകല ശ്രമങ്ങളും വിഫലമാകുന്നു എന്നു കണ്ടപ്പോൾ അവർ പാർട്ടിപ്രവർത്തകനായ ഉസ്മാനെ സമീപിച്ചു. അവൻ വിചാരിച്ചാൽ പോലീസ് ഇൻസ്പെക്ടർ ഇനിമേലിൽ പാർട്ടിയെ ഉപദ്രവിക്കുകയില്ല.

"പാർട്ടിയുടെ വിജയം....കോടിദ്ദ്യലക്ഷങ്ങളുടെ വിമോചനം... ഒരു സ്വതന്ത്രജീവിതം, പോരെങ്കിൽ പാർട്ടിയിൽ ഉസ്മാനൊരു പ്രധാന സ്ഥാനം" ഇതെല്ലാം അവന്റെ ഒരൊററവാക്കിനെയാശ്രയിച്ചാണിരിക്കുന്നതു് എന്നു് ഒരാൾ ഉപദേശിച്ചു...അവൻ അയാളെ ഒററിക്കൊടുക്കണം.

ഒരു "ജനവിഭാഗത്തിന്റെ രക്ഷയ്ക്കുവേണ്ടി ഒരാൾ മരിക്കുന്നതു് തെററല്ലെന്നും, പാർട്ടിക്കുവേണ്ടി മരിക്കുവാൻ തയാറാണെന്നു് ഉസ്മാൻ സമ്മതിച്ചിട്ടുള്ള സ്ഥിതിക്കു് യാതൊന്നും ചിന്തിക്കുവാനില്ലെന്നും" മറെറാരാൾ അവനെ ധൈര്യപ്പെടുത്തി.

പാവം ഉസ്മാൻ...അവൻ എഴുതി ഒപ്പിട്ടു കൊടുത്തിട്ടുണ്ടു് പാർട്ടിക്കുവേണ്ടി എന്തും ചെയ്യുവാൻ അവൻ തയ്യാറാണെന്നു്.

അവൻ പല ഒഴിവുകഴിവുകളും പറഞ്ഞുനോക്കി. പക്ഷേ എന്തു ഫലം! അവർ അവനെ ഭീഷണിപ്പെടുത്തി...ഒടുവിൽ... നേതാക്കന്മാർ പിരിഞ്ഞു.

x x x

ഉസ്മാന്റെ വീട്ടിൽ അന്നൊരു സദ്യ നടക്കുന്നുണ്ടു്, അവന്റെ വാപ്പായുടെ അടിയന്തിരം. നെയ്ച്ചോറു തുടങ്ങി, വിഭവസമൃദ്ധമായ ഒരു സദ്യ. രാത്രി എട്ടുമണിക്കാണ് സദ്യ നിശ്ചയിച്ചിരുന്നതു്. ഇൻസ്പെക്ടരും അവിടെ വന്നിട്ടുണ്ടു്. അദ്ദേഹം വരുന്നതിനു മുൻപുതന്നെ നേതാക്കന്മാർ അ

(ശേഷം 10-ാം പേജിൽ)

Wednesday
February 13
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 26







വി. തർസീസിയൂസ്

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

തർസീസിയൂസ് ഭക്തിയിലും വിശ്വാസത്തിലും അഭിവൃദ്ധിപ്പെട്ടു വളൎന്നുവരികയാണു്. പരിശുദ്ധ കുർബാന അവന്റെ ജീവന്റെ ജീവനാണു്. ദിവസവും ഭക്തിപൂർവ്വം അവൻ ദിവ്യബലിയിൽ സഹായിക്കും. ദിവ്യഅപ്പം ഭക്ഷിക്കും. ഒരുദിവസം ഒരു രോഗിക്കു വിശുദ്ധ കുർബാന എഴുന്നെള്ളിച്ചുകൊണ്ടുപോയി കൊടുക്കേണ്ട ആവശ്യം നേരിട്ടു. വൈദികൻ ദിവ്യബലികഴിഞ്ഞു് പരിശുദ്ധ ഓസ്തിയും മാർവിൽ അടക്കിവച്ചു യാത്രപുറപ്പെടുകയാണു്. ശത്രുക്കളുടെ മദ്ധ്യത്തിലൂടെയുള്ള ഈ പ്രയാണം ആപൽക്കരമായിരിക്കുമെന്നു ബാലനായ തർസീസിയൂസിനു തോന്നി. അവൻ വൈദികനെ സമീപിച്ചു് ഈ സാഹസത്തിൽനിന്നു അദ്ദേഹത്തെ വിരമിപ്പിക്കുന്നതിനു ശ്രമിച്ചു. കർത്തവ്യബോധത്തെ അദ്ദേഹത്തിനു ഒഴിഞ്ഞുമാറുവാൻ സാധിക്കുമോ? വിശുദ്ധ കുർബാന കൊണ്ടുപോയി കൊടുക്കാതെ ഗത്യന്തരമില്ലെന്നും അതിൽനിന്നു വരാവുന്ന അപകടങ്ങൾ അദ്ദേഹം സാരമായി കരുതുന്നില്ല എന്നും വ്യക്തമാക്കി. ഇനിയെന്താണു് ചെയ്യുക. തർസീസിയൂസ് ആലോചിച്ചു. ഒരു മാർഗ്ഗം അവനു തോന്നി. അക്കാലങ്ങളിൽ വിശ്വസ്തരായ ക്രിസ്ത്യാനികളെ. വിശുദ്ധ കുർബാന കൊണ്ടുപോയി കൊടുക്കുന്നതിനേല്പിക്കാറു പതിവുണ്ടായിരുന്നു. അതുകൊണ്ടു വൈദികനുപകരം അവൻതന്നെ വിശുദ്ധ കുർബാന വഹിച്ചുകൊണ്ടുപോകാമെന്നു നിശ്ചയിച്ചു് അതിനുള്ള അനുമതിക്കായി അദ്ദേഹത്തോടപേക്ഷിച്ചു. സുദീർഘമായ ഒരു വാഗ്വാദംതന്നെ ആവശ്യമായിരുന്നു അദ്ദേഹത്തെ അതു ബോദ്ധ്യപ്പെടുത്തുന്നതിനു്. പരിതസ്ഥിതികളെയെല്ലാം ശാന്തമായി പരിഗണിച്ചുശേഷം ഒടുവിൽ അദ്ദേഹം അതിനു വഴിപ്പെട്ടു.

ക്രിസ്റ്റോഫർ എന്നൊരു പുണ്യവാനെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ആ പുണ്യവാന്റെ പേരിന്റെ അർത്ഥം ക്രിസ്തുവിനെ വഹിക്കുന്നവൻ എന്നാണു്. ഈ പുണ്യവാന്റെ ജീവിതത്തോടനുബന്ധിച്ചു് ഒരു കഥയുണ്ടു്. അസാധാരണവലിപ്പവും കായബലവുമുണ്ടായിരുന്ന അദ്ദേഹം ഒരരുവിയുടെ സമീപത്താണു് ജീവിച്ചിരുന്നതു്. അരുവിയിൽ വെള്ളം നിറഞ്ഞു് ജനങ്ങൾക്കു അക്കരെ ഇക്കരെ ഇറങ്ങി കടക്കുന്നതിനു സാധിക്കാത്ത അവസരങ്ങളിൽ ഈ വലിയ മനുഷ്യൻ അവരെ തോളിലേററി മറുകരകടത്തിവിട്ടിരുന്നു. ഇതു കാശിനുവേണ്ടിയായിരുന്നില്ല. ഒരു പരോപകാരപ്രവൃത്തിയായിമാത്രം. ഒരുദിവസം ഒരു ബാലൻ അവിടെ വന്നു അദ്ദേഹത്തിന്റെ സഹായം അപേക്ഷിച്ചു. ക്രിസ്റ്റോഫർ ബാലനേയും ചുമലിൽകയററി അരുവി നീന്തിക്കൊണ്ടിരുന്നപ്പോഴാണു് രഹസ്യം വെളിപ്പെട്ടതു്; അതു ഉണ്ണീശോയായിരുന്നു! ക്രിസ്റ്റോഫറിന്റെ നാമം അന്വർത്ഥമായി. നമ്മുടെ തർസീസിയൂസും ഇന്നു ഒരു ക്രിസ്റ്റോഫറാകാൻ പോകയാണു്. നിങ്ങൾക്കും ക്രിസ്റ്റോഫർമാരാകണമോ? അതിനു മാർഗ്ഗമുണ്ടു്. തർസീസിയൂസിനെപ്പോലെ വിശുദ്ധ കുർബാന നിങ്ങളുടെ കൈയിൽ തന്നെന്നുവരികയില്ല. എന്നാൽ ക്രിസ്റ്റോഫറിനെപ്പോലെ പരോപകാരകൃത്യങ്ങളിൽ ഈശോയുടെ പ്രതിനിധികളായ അവശൎക്കു സഹായംചെയ്തു് ആ മഹാസ്ഥാനത്തിനർഹരാകാവുന്നതാണു്.

വല്യേട്ടൻ



വൈദികൻ ഒരാൾക്കു വിശുദ്ധകുർബാനകൊണ്ടുപോയി കൊടുക്കുവാൻ പുറപ്പെടുന്നു.

തർസീസിയൂസ്:- അച്ചാ, അച്ചൻ പോകണ്ടാ. അതപകടമാണു്. ശത്രുക്കൾ അച്ചനെ പിടികൂടാൻ ഓടിനടക്കുകയാണു്.

വൈദികൻ:- അതു സാരമില്ല. എന്റെ കടമ നിർവ്വഹിക്കുന്നതിൽ അപകടങ്ങളെ ഭയപ്പെടേണ്ടതില്ല.

തർസീ:- അച്ചാ, അങ്ങനെവരികയാണെങ്കിൽ വിശുദ്ധകുർബാന ഞാൻ കൊണ്ടുപോയി കൊടുക്കാം.

വൈദികൻ:- വേണ്ടാ. നീ വിശുദ്ധകുർബാന കൊണ്ടുപോകുന്നു എന്നറിഞ്ഞാൽ അവർ നിന്നെ പിടികൂടുകയില്ലേ? അതു വലിയ ആപത്താകും.

തർസീ:- ഇല്ലച്ചാ; ഞാൻ ഒരു ബാലനല്ലേ? ആരും എന്നെ സംശയിക്കുകയില്ല. ഞാൻ അതു ഭദ്രമായി നിർവ്വഹിക്കാം.

ചെറുകഥ

## "എങ്ങോട്ടു്?"

(ടി. കെ. തോട്ടക്കര
Reg No. 103)

വിധവയായ ഏലിച്ചേടത്തിയുടെ ഏകസന്താനമാണു് ജോണി. പട്ടിണിയാണെങ്കിലും ജോണിയെ പഠിപ്പിക്കുന്നുണ്ടു്. എന്നും കൂലിവേലയെടുത്താണു് അവർ ജീവിക്കുന്നതു്. ഒരു നല്ല നാളെയെ ഓർത്തു അവനെ പഠിപ്പിക്കുന്നു. അവൻ പഠിച്ചു ജയിക്കും. ജോലി കിട്ടും. ധാരാളം പണം കിട്ടും. അങ്ങനെ സുഖമായി ജീവിക്കാം. ഏലിച്ചേടത്തി പല വൻകോട്ടകളും കെട്ടാറുണ്ടു്.

ആരെയും കാത്തു നിൽക്കാതെ ആണ്ടുകളും മാസങ്ങളും പൊയ്ക്കൊണ്ടിരുന്നു. ഒരു ദിവസം കാലത്തു ജോണിക്കു എഴുന്നേൽക്കാൻ വയ്യാ. ഭയങ്കര പനിയാണു്. ചികിത്സിക്കാനാണെങ്കിൽ ഒരൊററ ചില്ലിക്കാശുപോലുമില്ല. നാട്ടുചികിത്സയായാൽ പോരായെന്നു നാട്ടുകാർ അഭിപ്രായപ്പെട്ടു. രൂപാ ആരോടെങ്കിലും കടം വാങ്ങിക്കാമെന്നു വച്ചാൽ ആരു കൊടുക്കാനാണു്? മാളികമുകളിൽ സുഖലോലുപരായി കഴിയുന്ന മുതലാളിമാരുണ്ടോ ചെററക്കുടിലിൽ ദാരിദ്ര്യമുള്ള കാര്യം അറിയുന്നു. ഏലിച്ചേടത്തി താഴത്തു വീട്ടിലേക്കു പോയി. ഭാഗ്യക്കേടിനു് അവരാൻചേട്ടൻ അവിടെയില്ല. മകൾ മേരിയോടു് കാര്യം പറഞ്ഞു. അവൾ കുറെ രൂപാകൊടുത്തു. മരുന്നു വാങ്ങിച്ചു. ദിവസങ്ങളും ആഴ്ചകളും ചിലതു കടന്നുപോയി. അവന്റെ പനി തീരെ മാറി.

അവൻ ഇന്നു പഠിക്കുന്നതു സിക്സ്തുഫോറത്തിലാണു്. പത്തു പതിനൊന്നു കൊല്ലത്തെ പ്രയത്നത്തിന്റെ ഫലം നിർണ്ണയിക്കുന്ന വർഷമാണു് അതു്. അവൻ ജയിച്ചു. ഏലിച്ചേടത്തിക്കു സന്തോഷമായി. ഏലിച്ചേടത്തിയെ സഹായിക്കേണ്ടതു് അവന്റെ ചുമതലയാണു്. ഒരു ദിവസം സായാഹ്നത്തിൽ മേരിയെ ജോണി കണ്ടു. അന്തിമസൂര്യന്റെ ചെങ്കിരണങ്ങളേററു് അവളുടെ മനോഹരമുഖം തിളങ്ങിയിരുന്നു. പടിഞ്ഞാറൻ കാറേററു് അവളുടെ വാർകൂന്തൽ പാറിപ്പറന്നിരുന്നു. ഒരു സ്വർണ്ണവിഗ്രഹമാണു് തന്റെ മുൻപിൽ നിൽക്കുന്നതെന്നു് അവനുതോന്നി. ജോണിയെ സ്നേഹിക്കുന്നുവെന്നു അവൾ പറഞ്ഞു. അവനു ആശ്ചര്യം തോന്നി. അവനു ഒന്നും മിണ്ടുവാൻ കഴിഞ്ഞില്ല. "മേരി, നീ എന്നെയല്ല സ്നേഹിക്കേണ്ടതു്. അങ്ങു് വിദൂരതയിൽ സുന്ദരനായ, ധനികനായ ആരോ നിൽപുണ്ടു്, നിന്നെ കാത്തു്. അവനെ സ്നേഹിക്കുക. അവനും നീയും കൂടി സുഖമായി ജീവിക്കുമ്പോൾ എന്നെ ഒന്നു ഓർത്താൽമാത്രം മതി. ഞാൻ പോകുന്നു" എന്നുപറഞ്ഞു ജോണി പോന്നു. ജോണിയുടെ അമ്മ ഒരു കല്യാണം കഴിക്കാൻ അവനെ അലട്ടിക്കൊണ്ടിരുന്നു. അമ്മയ്ക്കു വയസ്സായി. അമ്മയെ സഹായിക്കാൻ ആരുമില്ല ഇപ്പോൾ. കാര്യം ശരിതന്നെ പക്ഷേ ഏതാണ്ടു് രണ്ടായിരം വർഷങ്ങൾക്കുമുൻപു് ഗാഗുൽത്താമലയിൽ മൂന്നാണിമേൽ തൂങ്ങിമരിച്ച ക്രിസ്തുനാഥന്റെ "ദാഹിക്കുന്നു" എന്ന വാക്കു് ഒരു വശത്തു ജോണിമുഴങ്ങിക്കേൾക്കുകയാണു്. അവനെന്തു ചെയ്യും. പട്ടിണിയോടു് മല്ലിട്ടു് തന്നെ വളർത്തി പഠിപ്പിച്ച അമ്മയുടെ വാക്കുകളും തന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന മേരിയുടെ അഭിലാഷവും വേറൊരു വശത്തു്. മേരിയുടെ വാക്കുകൾ നിരസിക്കാം. അമ്മയുടേതോ? യൗവനം ഒരു നാൽക്കവലയാണു്. എങ്ങോട്ടാണു് തിരിയേണ്ടതെന്നു നിശ്ചയിക്കാൻ ആലോചിച്ചു വേണം. നിങ്ങൾ പറയൂ, ജോണി എങ്ങോട്ടാണു് തിരിയേണ്ടതു്?

### 103-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ആഗ്നസ്.

### പ്രശ്നം നമ്പ്ര് 104

(ജെയിംസ് പി. ടി.
Reg. No. 115)

ഞാൻ എല്ലാവരുടെയും സ്നേഹിതനായിരിക്കുവാൻ ഇഷ്ടപ്പെടുന്നു. എന്റെ അഭാവത്തിൽ ലോകത്തിൽ ജനങ്ങൾ പരസ്പരം വലിയ കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. മനുഷ്യനു ഞാൻ ഒരു ഭൂഷണമാണു്. എന്റെ പേരിനു് മൂന്നക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം മഹാന്മാരിലുണ്ടു്. പണ്ഡിതന്മാരിലില്ല. രണ്ടാമത്തെ അക്ഷരം മര്യാദക്കേടിലില്ല (?) — മര്യാഭക്തിയിലുണ്ടു്, മാതൃസ്നേഹത്തിലില്ല. മൂന്നാമത്തെ അക്ഷരം പദപ്രശ്നത്തിലുണ്ടു്, കടംകഥയിലില്ല. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

## വിനോദവേദി



"അല്ലേ, ചേട്ടനൊരു പുതിയ പാർട്ടി രൂപീകരിച്ചെന്നു കേട്ടല്ലോ. ഇപ്പോ സംഖ്യാബലം എന്തുണ്ടു്!"

"ഓ, എന്തിനധികംപേരു്. ഇപ്പോ പാർട്ടീല് ഞാൻ മാത്രമേ ഉള്ളു. "ഒററയാൾ പാർട്ടീ"ന്നാണതിന്റെ പേരുതന്നെ."



"ആരാണീ ലോകത്തില് ഈ യുദ്ധോം പുക്കാറുമൊക്കെയുണ്ടാക്കണതെന്നറിയോ പാപ്പച്ചാ നിനക്കു്?"

"ഓ! അറിയാമേ, യുദ്ധോം പുക്കാറുമൊക്കെ ഒണ്ടാക്കലെല്ലാതെ മററു യാതൊരു തൊഴിലുമില്ലാത്ത ആളുകളാണേ!"

× × ×

മേരി:- "എന്റെ ഏററം വലിയ കുററം അഹംഭാവമാണു്. എന്റെ സൗന്ദര്യത്തെപ്പററി വിചാരിച്ചു എത്രമാത്രം സമയമാണു് ഞാൻ പാഴാക്കുന്നതു്?"

ലീല:- "അങ്ങിനെയാണെങ്കിൽ അതഹംഭാവമല്ല. വെറും വ്യാമോഹമാണു്. മേരിയുടെ സൗന്ദര്യത്തെക്കുറിച്ചു് മററാരും ചിന്തിക്കുന്നുണ്ടെന്നു തോന്നുന്നില്ല!"

× × × ×

ഡേയിസി:- (പ്രാർത്ഥനയ്ക്കിടയിൽ) "അപ്പച്ചാ, ഒരു വലിയ കറുത്ത പൂച്ച അടുക്കളയിൽ എന്തോ തട്ടിയിട്ടെന്നു തോന്നുന്നു."

അപ്പൻ:- (ഉറക്കത്തിന്റെ ഇടയിൽ, "സാരമില്ല. കറുത്ത പൂച്ച കുടുംബത്തുവരുന്നതു് ഐശ്വര്യമാണു്. നീ ചെന്നു നോക്കു്."

ഡേയിസി:- (മടങ്ങിവന്നിട്ടു്) ഇതാശ്ചര്യംതന്നെ. ഒരു നിമിഷംകൊണ്ടു് അതു ചോറുപാത്രം തട്ടിമറിച്ചിട്ടു് മുഴുവൻ അകത്താക്കി."

Permissu Ecclesiastico
Printed & Published by
K. L. Varkey
at theMar Louis Memorial Press,
Ernakulam-I